# ക്രിസ്തീയവിദ്യാഭ്യാസം

ആൻറണി പറയിടം

പുസ്തകം 48
ലക്കം 5

എസ്. എച്ച്. ലീഗ്
മേയ് 1967

The Sacred Heart League,
Alwaye 3, Kerala, S. India.

www.malankaralibrary.com

# എസ്. എച്ച്. ലീഗ്

*തത്വശാസ്ത്രം, ദൈവശാസ്ത്രം, സാമൂഹികശാസ്ത്രം*
*തുടങ്ങിയ വിജ്ഞാനമണ്ഡലങ്ങളിലെ*
*നവീനപ്രശ്നങ്ങളിലേക്കു പ്രകാശം*
*പരത്തുന്നൊരു കൈവിളക്ക്*

| | |
|---|---|
| ഒറ്റപ്രതിക്ക് | 0-20 |
| വർഷത്തേക്ക് | 1-20 |

കത്തുകളിലും മണിയോർഡറുകളിലും റജിസ്റ്റർനമ്പർ കാണിക്കുവാൻ മറക്കരുത്. പുതിയ വരിക്കാർ ആ വിവരംകൂടി മണിയോർഡർക്കൂപ്പണിൽ എഴുതിയിരിക്കണം. മാസിക സംബന്ധമായ എല്ലാക്കാര്യങ്ങൾക്കും എഴുതുക:

*സെക്രട്ടറി,*
*എസ്. എച്ച്. ലീഗ്,*
*ആലുവാ-3.*

CUM PERMISSU SUPERIORUM

---

Edited by Rev. Fr. Victor, O.C.D.

Printed by Br. C. F. Joseph at the J. M. Press, Alwaye and Published by him, for the S. H. League, at St. Joseph's Pontifical College, Alwaye 3, (S. India).

www.malankaralibrary.com

# ക്രിസ്തീയവിദ്യാഭ്യാസം

മലബാർ എക്സ്പ്രസ്സ് നീണ്ടൊരു ചൂളംവിളിയോടെ ഷൊർണ്ണൂർ ജംഗ്ഷനിൽനിന്നു. ഞാനും എന്റെ സുഹൃത്തുക്കളായ പൗലോസാറും ഇസ്മായിൽസാഹിബ്ബും യാത്രചെയ്തിരുന്ന കമ്പാർട്ടുമെന്റിലേക്കു മററു യാത്രക്കാരുടെ കൂട്ടത്തിൽ ഒരു കത്തോലിക്കപുരോഹിതനും ഒരു ഹൈന്ദവസന്യാസിയുംകൂടി കയറി. എല്ലാവക്കുംതന്നെ ഞെരുങ്ങിയിരിക്കുവാൻ സ്ഥലം കിട്ടി. അല്പസമയത്തിനുള്ളിൽ ഞങ്ങൾ നവാഗതരുമായി പരിചയപ്പെട്ടു.

വണ്ടി സ്റ്റേഷൻ വിടുന്നതിനുമുമ്പേ ദിനപ്പത്രവുമായി പിള്ളേർ ഓടിക്കൂടി. പൗലോസാർ ഒരു മനോരമപ്പത്രം വാങ്ങി. പ്രധാന വാത്തകളുടെയെല്ലാം തലവാചകം ഓടിച്ചു വായിച്ചിട്ട് ഒരു പ്രത്യേക വാത്ത എന്നെ ചൂണ്ടിക്കാട്ടി.

" ....ജൂനിയർ കോളേജിൽ വിദ്യാത്ഥിപ്രക്ഷോഭം. കോളേജുവിദ്യാത്ഥികൾ പരീക്ഷ ബഹിഷ്കരിക്കുകയും കെട്ടിടത്തെ ലക്ഷ്യമാക്കി കല്ലേറു നടത്തുകയും ചെയ്തപ്പോൾ ഗത്യന്തരമില്ലാതെ പോലീസ് ലാത്തിച്ചാർജ്ജും വെടിവെയ്പ്പും നടത്തി. ആളപായമുണ്ടായില്ലെങ്കിലും അടിയേററ ഒരു വിദ്യാത്ഥിയുടെ നില വളരെ ഗുരുതരം............" അല്പം ഉറക്കെ എല്ലാവരും കേൾക്കത്തക്കവിധത്തിൽ ഞാൻതന്നെ

www.malankaralibrary.com

ആ പ്രത്യേകവാർത്ത വായിച്ചു. പുരോഹിതനും സന്യാസിയും അധ്യാപകസുഹൃത്തുക്കളും ചെവിവട്ടംപിടിച്ചിരുന്നു് എന്നെ ശ്രവിച്ചു. വായന കഴിഞ്ഞു. അധ്യാപകസുഹൃത്തുക്കളുടെ മുഖത്തൊരു പച്ചച്ചിരി. വൈദികൻ അല്പം ഗൗരവത്തിൽത്തന്നെ. സ്വല്പനേരത്തെ മൗനത്തിനുശേഷം കഷണ്ടിത്തലയും താടിയും തിരുമ്മിക്കൊണ്ടു് സന്യാസി പറഞ്ഞു:

"നമ്മുടെ നാട്ടിൽ ഇതല്ല ഇതിലപ്പുറവും നടക്കും. പണ്ടത്തെ ഗുരുകലവിദ്യാഭ്യാസവും യോഗാഭ്യാസവുമൊക്കെ പുറംതള്ളപ്പെടുകയും ആധുനികവിദ്യാസമ്പ്രദായങ്ങൾ തൽസ്ഥാനത്തു കയറിപ്പററുകയും ചെയ്തപ്പോൾ വിദ്യാഭ്യാസത്തിൻെറ മേന്മയൊക്കെ നഷ്ടപ്പെട്ടു. ഇന്നു "വിദ്യാഭ്യാസ" ത്തിൻെറ സ്ഥാനത്തു വെറും "അഭ്യാസ"മാണു നടക്കുന്നതു്, നമ്മുടെ ഹൈസ്കൂളുകളിലും കോളേജുകളിലും. ആ നിലയ്ക്കു് ഇതല്ല, ഇതിലപ്പുറവും നടക്കാതിരിക്കുമോ?"

"വിദ്യാഭ്യാസപദ്ധതിയിൽ ഭൗതികപുരോഗതിക്കു് സാംസ്കാരികവും ആധ്യാത്മികവുമായ പുരോഗതിയെക്കാൾ കൂടുതൽ പ്രാധാന്യം നല്കുമ്പോൾ സാമാന്യഗതിയിൽ അച്ചടക്കബോധം കുറയാതിരിക്കുക സാധ്യമല്ല." അധ്യാപകനെങ്കിലും എൻെറ സ്നേഹിതൻ സാഹിബ്മാസ്റ്റർ ഒരു ആധ്യാത്മികചിന്തകനാണു്.

"വിദ്യാഭ്യാസത്തിൽ മതത്തിനും ആധ്യാത്മികചിന്തയ്ക്കും ഒരു പരിധിവരെ സ്ഥാനംനല്കണമെന്ന കാര്യത്തിൽ എനിക്കും അഭിപ്രായാന്തരമില്ല. എന്നാൽ, നമ്മുടെ നാട്ടിലെ മതബോധം പലപ്പോഴും വർഗ്ഗീയതയിലേക്കു വഴുതിവീഴുകയാണു ചെയ്യുന്നതു്. ഈ രണ്ടു ഭിന്നതകളേയും അകററിനിറുത്തിക്കൊണ്ടു്, യഥാർത്ഥമായ മതബോധവും ശരിയായ പുരോഗമനാഭിവാഞ്ഛയും സൃഷ്ടിക്കുവാൻ പര്യാപ്തമായൊരു വിദ്യാഭ്യാസപദ്ധതിയാണു നമുക്കിന്നാവശ്യം. ഡോ. കോഠാരിയു

www.malankaralibrary.com

ടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ച വിദ്യാഭ്യാസകമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ സാധിച്ചാൽ അതൊരു വലിയ വിജയമായിരിക്കും.'' മീശയല്പം പിരിച്ചുവച്ച്, തലയുയർത്തിപ്പിടിച്ചുകൊണ്ട് പൗലോസാർ ഒരു ചെറിയ പ്രസംഗം. ഇത്രയുമായപ്പോൾ വൈദികനും ഒന്നു നിവർന്നിരുന്നു.

"പൗലോസാറും സ്വാമിജിയും മി. സാഹിബും പറഞ്ഞ കാര്യങ്ങളെപ്പററി ചിന്തിക്കുകയായിരുന്നു ഞാൻ." അദ്ദേഹം തുടർന്നു: "അദ്ധ്യാപകരായ നിങ്ങളിൽനിന്നു ഇത്തരം ഉന്നതാഭിപ്രായങ്ങൾ ശ്രവിക്കാൻസാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഡോ. കൊത്താരിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നമ്മുടെ വിദ്യാഭ്യാസരംഗത്തൊരു നവജീവൻ പ്രദാനംചെയ്യുവാൻ പര്യാപ്തമാണ്. ശാസ്ത്രീയസാമ്പത്തികപുരോഗതിയോടൊപ്പം സാംസ്കാരികവും മതപരവുമായ വളർച്ചയെക്കൂടി ഉന്നംവയ്ക്കുന്നവയാണു ആ നിർദ്ദേശങ്ങൾ. അവയെല്ലാം നടപ്പിൽ വരുത്തുവാൻ വിദ്യാഭ്യാസപ്രവർത്തകർ മുൻകയ്യെടുക്കണം."

"വിദ്യാഭ്യാസരംഗത്തൊരു പരിവർത്തനം സൃഷ്ടിക്കുന്നതിനു രാഷ്ട്രം മുൻകയ്യെടുക്കുന്നതാണു നാമതിൽ ദർശിക്കുന്നതെങ്കിൽ, അത്തരത്തിലൊരു പരിവർത്തനത്തിനു സഹായകമാവുന്ന ഉപരിചിന്തകൾ ലോകത്തിനു പ്രദാനംചെയ്യുന്നതിനു മതം മുൻകയ്യെടുക്കുന്നതാണു രണ്ടാംവത്തിക്കാൻകൗൺസിലിന്റെ "ക്രിസ്തീയ വിദ്യാഭ്യാസ''പ്രഖ്യാപനത്തിൽ നാം കാണുക. നമ്മുടെ വളരുന്ന തലമുറ നല്ലവരാവരണമെങ്കിൽ ഇരു തലങ്ങളിൽനിന്ന്—മതത്തിന്റേയും രാഷ്ട്രത്തിന്റേയും ഭാഗത്തുനിന്ന്—ഒരടിയന്തിരപരിശ്രമം നടന്നേ പററൂ." വൈദികൻ കൊത്താരികമ്മീഷൻ റിപ്പോർട്ടിനേയും കൗൺസിൽഡിക്രിയേയുമൊക്കെ പരാമർശിച്ചു സംസാരിച്ചപ്പോൾ സംഭാഷണത്തിന്റെ രസം വർദ്ധിച്ചു. അ

www.malankaralibrary.com

ങ്ങനെ തുടർന്നു പല രംഗങ്ങളിലേക്കു വ്യാപിക്കുകയും ചെയ്തു.

കൗൺസിൽപ്രഖ്യാപനത്തെപ്പററി പഠിച്ച്, അല്പം ചിലതൊക്കെ എഴുതണമെന്നു കരുതിയപ്പോൾ എന്റെ ചിന്തയിലാദ്യമുദിച്ചതു് അന്നു തീവണ്ടിയിൽവച്ചു നടന്ന ഈ സംഭാഷണമാണു്. പ്രത്യേകിച്ച്, സ്വാമിജിയുടെ ആ അഭിപ്രായവും.

എന്താണീ കൗൺസിൽപ്രഖ്യാപനം? അതറിയാൻ നിങ്ങൾക്കു താത്പര്യമുണ്ടോ? പ്രഖ്യാപനത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനുമുമ്പുതന്നെ അതു രൂപംകൊണ്ട ചരിത്രം അല്പമൊന്നു കാണുകതന്നെ.

## പ്രഖ്യാപനചരിത്രം

ലോകരംഗത്തു് ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്ന വിദ്യാഭ്യാസത്തെപ്പററി ആധികാരികവും നിഷ്കൃഷ്ടവുമായിസംസാരിക്കുവാൻ കൗൺസിലിനു കഴിയുമോ? അങ്ങനെ ചെയ്യുക ആവശ്യമോ അഭികാമ്യമോ ആണോ? പീയൂസ് പതിനൊന്നാമന്റെ വിശ്രവിഖ്യാതമായ ചാക്രികലേഖനം (Divini Illius Magistri) ആധുനികീകരിച്ച് കൗൺസിലിനുശേഷം പുതിയൊരു ചാക്രികലേഖനം പ്രസിദ്ധീകരിക്കുകയല്ലേ ഉത്തമം? ഇങ്ങനെ പലതുയർന്നുവന്ന പ്രശ്നങ്ങൾ. അവസാനം പരിശുദ്ധാത്മാവു നിശ്ചയിച്ചതു് 'വിദ്യാഭ്യാസ'ത്തെസ്സംബന്ധിച്ച് കൗൺസിൽതന്നെ ഒരു രൂപരേഖ തയ്യാറാക്കണമെന്നായിരുന്നു.

അങ്ങനെ 1962 മാർച്ചിൽ 'പ്രെപ്പാരട്ടറി കമ്മീഷൻ' 'കത്തോലിക്കവിദ്യാലയങ്ങൾ' എന്ന അഭിധാനത്തിൽ സുപ്രധാനവും സുദീർഘവുമായൊരു 'സ്കെമ്മാ' പുറത്തുകൊണ്ടു

www.malankaralibrary.com

വന്നു. ഉടനീളം നൈയാമികവും അധികാരധ്വനിതവുമായി പ്രത്യക്ഷപ്പെട്ട പ്രസ്തുത 'സ്കേമ്മാ'യ്ക്കു പൊന്തിഫിക്കൽ സെൻട്രൽ കമ്മീഷന്റേ'യും 'കൺസീലിയർ കമ്മീഷന്റേ'യും നിർദ്ദാക്ഷിണ്യമായ 'മേജർ ഓപ്പറേഷൻ' വിധേയമാകേണ്ടിവന്നു. 'കത്തോലിക്കവിദ്യാലയങ്ങളെപ്പററിയുള്ള പ്രമാണരേഖ' (Constitution on Catholic Schools) എന്നപേരിൽ 1963 ഏപ്രിൽ 22-ാംതീയതിയാണു ഭേദഗതി വരുത്തിയ പുതിയ 'സ്കേമ്മാ' ജോൺ മാർപ്പാപ്പയുടെ അംഗീകാരത്തോടെ അച്ചടിയ്ക്കപ്പെട്ടു വീണ്ടും പുറത്തുവന്നത്.

മെത്രാന്മാരുടെ ദേശീയകോൺഫ്രൻസുകൾ, പ്രെപ്പാരട്ടറി കമ്മീഷൻ, കൺസീലിയർ കമ്മീഷൻ തുടങ്ങിയവയുടെ പഠനത്തിനും നിർദ്ദേശങ്ങൾക്കുംശേഷം 1964-ൽ 'സ്കേമ്മാ' 'കോ-ഓർഡിനേററിംഗ്' കമ്മീഷന്റെ' പരിഗണനയ്ക്കു് അയച്ചു. പ്രതീക്ഷിക്കാത്തൊരു തിരിച്ചടിയാണ് അവിടെവച്ച് അതിനു ലഭിച്ചത്. ഒരു 'പ്രമാണരേഖ' ആയിരുന്ന 'സ്കേമ്മാ' പ്രസ്തുത കമ്മീഷന്റെ നിർദ്ദേശാനുസൃതം ഏതാനും നിർദ്ദേശങ്ങളാ (Propositions) ക്കി പുനഃപ്രസാധനം ചെയ്തു.

പക്ഷേ, 1964 സെപ്ററംബറിൽ റോമിൽ സമ്മേളിച്ച 'വിദ്യാഭ്യാസ കമ്മീഷ'നുകളുടെ 'പ്ലീനറി കൗൺസിൽ' 'കോ-ഓർഡിനേററിംഗ്' കമ്മീഷന്റെ' നിർദ്ദേശങ്ങളെ പാടേ എതിർക്കുകയും പ്രശ്നം കൗൺസിൽ ചർച്ചയ്ക്കു സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനത്തിനൊത്ത് 1964 നവംബർ 17-ാംതീയതി ക്രിസ്തീയവിദ്യാഭ്യാസത്തെപ്പററിയുള്ള പ്രഖ്യാപനം കൗൺസിൽ ഹാളിൽ പ്രത്യക്ഷപ്പെട്ടു. രണ്ടു ദിവസത്തെ ചൂടുപിടിച്ച ചർച്ചയിൽ ഇരുപത്തൊന്നു പിതാക്കന്മാർ പ്രസംഗിക്കുകയും മുപ്പത്തേഴുപേർ രേഖാമൂലം ഭേദഗതികൾ സമർപ്പിക്കുക

www.malankaralibrary.com

യും ചെയ്തു. അമേരിക്കൻമെത്രാന്മാരാണു ചർച്ചയ്ക്കു നേതൃത്വം നല്കിയതു്.

1965 ഏപ്രിൽ 26മുതൽ മേയ് 3 വരെ റോമിൽ സമ്മേളിച്ച പ്ളീനറി കമ്മീഷൻ, ഭേദഗതികളുൾപ്പെടുത്തിക്കൊണ്ടു പ്രഖ്യാപനത്തിനു് അവസാനരൂപം കൊടുത്തു. സൂനഹദോസിൻെറ നാലാമത്തേതും അവസാനത്തേതുമായ സമ്മേളനത്തിൽ 1965 ഒക്ടോബർ 13–ാം തീയതി "ക്രിസ്തീയ വിദ്യാഭ്യാസപ്രഖ്യാപനം" അവസാനം വോട്ടിംഗിനു പ്രത്യക്ഷപ്പെട്ടു. സൂനഹദോസിൻെറ ഭൂരിപക്ഷതീരുമാനമനുസരിച്ചു് മാർപ്പാപ്പായുടെ അംഗീകാരത്തിനു സമർപ്പിക്കപ്പെട്ട "പ്രഖ്യാപനം" മാർപ്പാപ്പായുടെ സാന്നിധ്യത്തിൽ ഒക്ടോബർ 28–ാം തീയതി 35–നെതിരെ 2290 വോട്ടുകളോടെ പാസ്സാവുകയും പ്രഖ്യാപിതമാവുകയും ചെയ്തു.

മുപ്പത്തിയാറു് അടിക്കുറിപ്പുകളൊഴികെ, ആമുഖവും ഉപസംഹാരവും പന്ത്രണ്ടു ഖണ്ഡികക(വകുപ്പുകൾ)ളുമുൾപ്പെടെ ലത്തീനിൽ 2604 വാക്കുകൾമാത്രമുള്ള "ക്രിസ്തീയ വിദ്യാഭ്യാസപ്രഖ്യാപനം" വിപുലമായൊരു വിഷയത്തിൻെറ കേവലമൊരസ്ഥിപഞ്ജരമാണു്. ആ അസ്ഥിപഞ്ജരത്തിനു തക്ക മാംസളമായൊരു ശരീരം സൃഷ്ടിച്ചുകൊടുക്കുവാൻ പ്രഖ്യാപനത്തിൻെറ ആമുഖത്തിൽത്തന്നെ കൗൺസിൽ രണ്ടു ഏജൻസികളെ നിർദ്ദേശിക്കുന്നുണ്ടു്; ഒന്നു്, "ഒരു പോസ്റ്റ് കൗൺസിലീയർ കമ്മീഷൻ";[1] രണ്ടു്, മെത്രാന്മാരുടെ ദേശീയ കോൺഫ്രൻസുകൾ. ആദ്യത്തേതിനു ചെയ്യാനുള്ളതു് കൗൺ

1. 1966 ജനവരി 3-ാംതീയതി പോൾ ആറാമൻ പാപ്പാ 'Finis Concilio' എന്ന 'Motu Proprio' വഴി ഒരു 'സെൻട്രൽ കോ-ഓർഡിനേററിംഗ് കമ്മീഷനും വേറെ അഞ്ചു 'പോസ്റ്റ് കൺസീലിയർ കമ്മീഷനുകൾ'ക്കും രൂപം നല്കി. അവയിലൊന്നു 'ക്രിസ്തീയ വിദ്യാഭ്യാസ'ത്തെസ്സംബന്ധിച്ചാണു്.

www.malankaralibrary.com

സിൽ നല്കുന്ന പൊതുതത്വങ്ങളെ വിശദീകരിക്കുകയും വികസിപ്പിക്കുകയുമാണെങ്കിൽ, അവയെ അതതു രാജ്യങ്ങളുടെ സാഹചര്യങ്ങൾക്കനുസൃതമായി പ്രയോഗിക്കുകയാണ രണ്ടാമത്തേതു ചെയ്യേണ്ടതു്. കൗൺസിൽ പ്രഖ്യാപനം സമഗ്രമോ സർവ്വപ്രശ്നപ്രതിവിധി നിർദ്ദേശകമോ അല്ലെന്നു സാരം.

ഈ പ്രഖ്യാപനത്തിൻെറ പ്രാധാന്യത്തെക്കുറിച്ചു പ്രത്യേകിച്ചെന്തു പറയാൻ? കൗൺസിലിൻെറ മററു രേഖകളെല്ലാം ശരിക്കു പഠിച്ചറിയണമെങ്കിൽത്തന്നെ ക്രിസ്തീയ വിദ്യാഭ്യാസം വേണമല്ലോ.

## പ്രഖ്യാപനം—ഒരു വിശകലനം

**ആമുഖം:**

മനുഷ്യജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തേയും പ്രത്യേകിച്ച്, പുരോഗതിയുടെ ഈ നൂററാണ്ടിൽ വിദ്യാഭ്യാസം മനുഷ്യസമുദായത്തിൽ നിരന്തരം ചെലുത്തിക്കൊണ്ടിരിക്കുന്ന വർദ്ധമാനമായ സ്വാധീനത്തേയുംപററി കൗൺസിലിനുള്ള അവബോധത്തെ ഏററുപറഞ്ഞുകൊണ്ടാണു് പ്രഖ്യാപനമാരംഭിക്കുക. കൺസിലിയർ കമ്മീഷൻെറ പ്രവർത്തനംവഴി ലോകമാസകലമുള്ള വിദ്യാഭ്യാസരംഗത്തെ ശരിക്കു പഠിച്ചിട്ടാണു കൗൺസിൽ ഈ പ്രഖ്യാപനത്തിനു തയ്യാറായതെന്ന വസ്തുത പ്രസ്താവാർഹമത്രേ. ലോകത്തിൻെറ ഇന്നത്തെ ആവശ്യങ്ങളെ "അജിയോർണ്ണമെന്തോ"യുടെ അരൂപിയിൽ നേരിടുവാനുതകുന്ന വിധമാണു കൗൺസിൽ ക്രിസ്തീയവിദ്യാഭ്യാസത്തിൻെറ അടിസ്ഥാനതത്വങ്ങൾക്കു രൂപംകൊടുത്തിരിക്കുന്നതു്.

ശാസ്ത്രവും സാങ്കേതികവിദ്യയും പുരോഗതിയുടെ അത്യ

www.malankaralibrary.com

ച്ചിയിലേക്ക കതിച്ചുകൊണ്ടിരിക്കുന്ന ഈ യുഗത്തിൽ വിദ്യാഭ്യാസം താരതമ്യേന എളുപ്പമായിത്തീന്നിട്ടുണ്ട്. ഈ പുരോഗതിക്കനുസൃതമായി യുവജനതയുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നല്കേണ്ടതിന്റേയും പ്രായപൂർത്തിയായവരെ തുടൻ വിദ്യ അഭ്യസിപ്പിക്കേണ്ടതിന്റേയും ആവശ്യകത കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യർ തങ്ങളുടെ മഹത്വത്തെപ്പററി ബോധവാന്മാരാകുന്നതിനും സാമ്പത്തികവും സാമൂഹ്യയികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ സജീവഭാഗഭാക്കുകളാകുന്നതിനും കാലത്തിനൊത്ത വിദ്യാഭ്യാസപുരോഗതി കൈവരിക്കണം. ശാസ്ത്രീയപുരോഗതിയും സാങ്കേതിക പരിജ്ഞാനവുമെല്ലാം മനുഷ്യനെ നയിക്കേണ്ടതു സാംസ്കാരികൗന്നത്യത്തിലേക്കും അധ്യാത്മിക മൂല്യങ്ങളുടെ അനുസ്യൂതമായ സംരക്ഷണയിലേക്കും, അങ്ങനെ മനുഷ്യസമൂഹത്തിന്റെതന്നെ കെട്ടുറപ്പിലേക്കും സമാധാനാകാംക്ഷയിലേക്കുമാണ്. 'നക്ഷത്രങ്ങളെ എത്തിപ്പിടിച്ചാൽ മാത്രം പോരാ; അവയുടെ പ്രകാശം ദർശിക്കുകകൂടി വേണം.' ക്രിസ്തീയവിദ്യാഭ്യാസത്തെസ്സംബന്ധിച്ച കൗൺസിൽപ്രഖ്യാപനം ലോകത്തിനു നൽകുന്ന പ്രഥമസന്ദേശമതാണ്.

വിദ്യാഭ്യാസപുരോഗതി കൈവരുത്തുന്നതിനു ലോകമെങ്ങും നടന്നുകൊണ്ടിരിക്കുന്ന പരിശ്രമങ്ങളെ സൂനഹദോസ് അനുസ്മരിക്കുന്നതോടൊപ്പം, വിദ്യാഭ്യാസകാര്യത്തിൽ സകല മനുഷ്യർക്കും, പ്രത്യേകിച്ച്, മാതാപിതാക്കൾക്കും കുട്ടികൾക്കുമുണ്ടായിരിക്കേണ്ട പ്രഥമവും പ്രധാനവുമായ അവകാശത്തെ അംഗീകരിച്ചു പ്രഖ്യാപിക്കുന്ന പ്രമുഖ അന്താരാഷ്ട്രരേഖകളെപ്പററി സൂചിപ്പിക്കുകയും ചെയ്യുന്നു.[1] വിദ്യാ-

1. 1948 ഡിസംബർ 10-ാം തീയതിയും 1959 നവംബർ 20-ാം തീയതിയും U.N.O.-യുടെ 'ജനറൽ അസംബ്ളി' യഥാക്രമം അംഗീകരിച്ച 'മനുഷ്യാവകാശപ്രഖ്യാപനവും' 'ശിശുക്കളുടെ അവകാശപ്രഖ്യാപന'വും പ്രത്യേകം ശ്രദ്ധേയങ്ങളാണ്.

www.malankaralibrary.com

ത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസൃതമായി വിദ്യാലയങ്ങൾ വർദ്ധിപ്പിക്കുവാനും അധ്യാപനരീതിയിൽ കാലികമായ പരിഷ്കാരങ്ങളും പുരോഗതിയും നേടുന്നതിനും നടത്തുന്ന പരിശ്രമങ്ങളെല്ലാം ശ്രദ്ധാർഹങ്ങളായിരിക്കെത്തന്നെ, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഇനിയും വലിയൊരു ശതമാനം ജനത നിരക്ഷരരായിക്കഴിയുന്നതിനെയും വേറൊരു നല്ല ശതമാനം സത്യത്തെയും സ്നേഹത്തെയും മാനിക്കുന്ന യഥാർത്ഥവിദ്യാഭ്യാസം ലഭിക്കാതെ, ഹതഭാഗ്യരായിത്തീരുന്നതിനെയും കൗൺസിൽ അനുകമ്പാപൂർവ്വം വീക്ഷിക്കുന്നു.

ശോചനീയമായ ഈ സ്ഥിതിവിശേഷത്തെ സൂക്ഷ്മനിരീക്ഷണംചെയ്യുമ്പോഴാണു സഭയ്ക്കു വിദ്യാഭ്യാസരംഗത്തു സമർപ്പിക്കുവാനുള്ള മഹത്തായ സേവനത്തിന്റെ പ്രാധാന്യത്തെപ്പററി കൗൺസിൽ ഉറക്കെച്ചിന്തിക്കുന്നതും സഭയോടൊത്തു ചിന്തിക്കുവാൻ സഭാതനയരെ ആഹ്വാനം ചെയ്യുന്നതും. സഭയെ 'മനുഷ്യവർഗ്ഗത്തിന്റെ സേവനത്തിനു പ്രതിഷ്ഠിക്കപ്പെട്ട ലോകത്തിന്റെ കൂദാശ[1] യായി ചിത്രീകരിച്ച' സഭയെപ്പററിയുള്ള പ്രമാണരേഖയുടെ വെളിച്ചത്തിൽ, സഭ 'ലോകത്തിന്റെ കൂദാശ'യാവുക, മനുഷ്യവർഗ്ഗത്തിനു അവൾ നൽകുന്ന സേവനത്തിന്റെ മാനദണ്ഡമനുസരിച്ചു മാത്രമാണ്. സഭ മനുഷ്യവർഗ്ഗത്തിനു നല്കുന്ന സേവനത്തിന്റെ പ്രത്യേകത, ആ സേവനം ഏതു തുറയിലായാലും മനുഷ്യന്റെ മുഴുവൻ ജീവിതത്തേയും കണക്കിലെടുക്കണമെന്നതാണ്. കൗൺസിൽ ഇക്കാര്യം പ്രഖ്യാപിക്കുന്നുമുണ്ട്. "സമസ്തജനപദത്തിനും രക്ഷാകരരഹസ്യം എത്തിക്കുന്നതിനും സമസ്തവും ക്രിസ്തുവിൽ പുനഃസ്ഥാപിക്കുന്നതിനുമായി, ദിവ്യനാഥൻ സഭയ്ക്കു നല്കിയിട്ടുള്ള ദൗത്യം നിർവ്വഹിക്കുന്നതി

1. Lumen Gentium, n. I, 'quasi Sacramentum'.

www.malankaralibrary.com

ന്, തിരുസ്സഭാമാതാവു മനുഷ്യന്റെ മുഴുവൻ ജീവിതത്തെയും; അവന്റെ സ്വർഗ്ഗീയമായ വിളിയെ ബാധിക്കുന്നിടത്തോളം, ജീവിതത്തിന്റെ ഭൗതികവശങ്ങളെയും ശ്രദ്ധാപൂർവ്വം പരിഗണിക്കണം" (ആമുഖം). 'വിദ്യാഭ്യാസപുരോഗതിയിലും വികാസത്തിലും സഭയ്ക്കു സമുന്നതമായൊരു സ്ഥാനമുണ്ട്" എന്നു സൂനഹദോസ് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുവാൻ കാരണം വിദ്യാഭ്യാസം മനുഷ്യന്റെ ആധ്യാത്മികവും ഭൗതികവുമായ പുരോഗതിയെ ഒപ്പം സാധിക്കുവാനുള്ള സഭയുടെ ഒരു സേവനരംഗമാണെന്നതാണ്. അതിനാൽ, ക്രിസ്തീയവിദ്യാഭ്യാസത്തെപ്പററി കൗൺസിൽ നല്കുന്ന പൊതുതത്വങ്ങൾ, അവയെത്രതന്നെ സംക്ഷിപ്തമായാലും, ലോകത്തിന്റെ മുഴുവനും പ്രത്യേകിച്ച്, സഭാതനയരുടേയും അടിയന്തിരശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

## 1 വിദ്യാഭ്യാസാവകാശം

"ഏതു വംശത്തിലും ചുററുപാടുകളിലും പ്രായത്തിലുമുള്ളവരാകട്ടെ, മനുഷ്യരെന്ന മഹനീയസ്ഥാനം അലങ്കരിക്കുന്ന എല്ലാവർക്കും അവരവരുടെ പരമാന്ത്യപ്രാപ്തിക്കും കഴിവിനും ലിംഗവ്യത്യാസത്തിനും അനുസൃതമായതും രാജ്യത്തിന്റെ സംസ്കാരപാരമ്പര്യങ്ങൾക്കു ചേർന്നതും ഇതരജനതയുമായി സൗഹൃദബന്ധം പുലർത്തുന്നതിനും അങ്ങനെ ലോകത്തിൽ നേരായ ഐക്യവും സമാധാനവും വളർത്തുന്നതിനും സഹായകമായതുമായ വിദ്യാഭ്യാസം ലഭിക്കുന്നതിനു സ്വകീയമായ അവകാശമുണ്ട്" (n.1). ഈ അവകാശം നിഷ്കൃഷ്ടാർത്ഥത്തിൽ മനുഷ്യന്റെ മൗലികാവകാശങ്ങളിലൊന്നല്ലെങ്കിലും, വിദ്യാഭ്യാസത്തിനു കൗൺസിൽ നല്കിയിട്ടുള്ള അർത്ഥവ്യാപ്തിയിൽ, ഇന്നതു മനുഷ്യന്റെ ജന്മാവകാശംപോലെയായി

www.malankaralibrary.com

ട്ടുണ്ട്. കാരണം, ഇന്നു മനുഷ്യനെ അവൻെറ പരമാന്ത്യംപ്രാപിക്കുന്നതിനും അവനുൾപ്പെടുന്ന സമുദായത്തിൻെറ കടമകളിലും അവകാശങ്ങളിലും പങ്കുപററിക്കൊണ്ട് ഉത്തമപൗരജീവിതം നയിക്കുന്നതിനും പ്രാപ്തനാക്കുവാൻ ശരിയായ വിദ്യാഭ്യാസം അവശ്യം ആവശ്യമാണ്.

കുറച്ചുകൂടി വിശദമായിപ്പറഞ്ഞാൽ, ഓരോവ്യക്തിയേയും അവൻെറ പരിപൂർണ്ണതയിലേക്കു നയിക്കുകയാണ്, കായികവും മാനസികവുമായ പൂർണ്ണതയിലേക്കു നയിക്കുകയാണു വിദ്യാഭ്യാസലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനു ഓരോ വ്യക്തിക്കുമുള്ള അനിഷേധ്യാവകാശം വിദ്യാഭ്യാസത്തെ മനുഷ്യൻെറ മൗലികാവകാശമാക്കി മാററുന്നു. കാലത്തിൻെറ പുരോഗതിക്കൊത്ത് ഈ അവകാശത്തിൻെറ പ്രാധാന്യം വർദ്ധിക്കുകയും ചെയ്യും. ഓരോ വ്യക്തിയും തന്നിലന്തർലീനമായിരിക്കുന്ന ശക്തിവിശേഷത്തെ കണ്ടെത്തുകയും അതിനെ ഉത്തരവാദപരമായി വിനിയോഗിച്ചുകൊണ്ട് ജീവിതായോധനത്തിനു തയ്യാറാവുകയും വേണം. കുടുംബത്തിലും സമുദായത്തിലും രാഷ്ട്രത്തിലും മാനവസമൂഹം മുഴുവനിലും സമാധാനവും സംതൃപ്തിയും കളിയാടണമെങ്കിൽ നിയതമായ വ്യക്തിജീവിതമാവശ്യമാണ്. അതിനാൽ, വ്യക്തിയിലാരംഭിച്ച്, വ്യക്തിയെ രൂപീകരിച്ച്, വ്യക്തികളിലൂടെ സമുദായത്തെയും ലോകത്തെയും സമൃദ്ധിയിലേക്കു നയിക്കുന്നതിനു പര്യാപ്തമായ വിദ്യാഭ്യാസം ലഭിക്കുക, അതും ശാസ്ത്രീയവും കലാപരവും മനഃശാസ്ത്രപരവുമായി ലോകത്തുണ്ടായിട്ടുള്ള ഏററം പുതിയ പുരോഗതിയുടെ മാർഗ്ഗത്തിലൂടെതന്നെ ലഭിക്കുക, ഓരോ വ്യക്തിയുടേയും അവകാശമാണ്.

ദൈവത്തെ അടുത്തറിഞ്ഞു സ്നേഹിക്കുന്നതിനും സാന്മാർഗ്ഗികമൂല്യങ്ങളെ മാനിക്കുന്നതിനും തങ്ങളെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസം ലഭിക്കുന്നതിനു കുട്ടികൾക്കും യുവജനതക്കുമുള്ള അവകാശം 'പരിശുദ്ധ'മാണെന്നാണു കൗൺസിൽ പ്ര

www.malankaralibrary.com

ഖ്യാപിക്കുക. വിദ്യാഭ്യാസം കൈകാര്യംചെയ്യുന്നവർ, പ്രത്യേകിച്ച് ഗവൺമെൻറ് അധികാരികൾ, ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിക്കണമെന്നും പാവനമായ ഈ അവകാശത്തെ ധ്വംസിക്കുകയോ ചൂഷണം ചെയ്യുകയോ അരുതെന്നും കൗൺസിൽ അഭ്യർത്ഥിക്കുന്നു. വളരുന്ന തലമുറയെ ദൈവത്തിൽനിന്നും മതത്തിൽനിന്നുമകററി, അവരിൽ അബദ്ധജടിലമായ മനഃസാക്ഷി രൂപീകരിച്ച്, സാന്മാർഗ്ഗികനിയമങ്ങളെ ചവിട്ടിമെതിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസരീതികൾ തികച്ചും അപലപനീയമാണു്. അത്തരം വിദ്യാപ്രദായകർ കടുത്ത അനീതിയും അക്രമവുമാണു മനുഷ്യസമുദായത്തോടുചെയ്യുക. ലോകത്തിലെ ഒരു നല്ല ശതമാനംരാഷ്ട്രങ്ങളിലും ഇന്നു നിലവിലുള്ളതു് ഇത്തരമൊരു വിദ്യാഭ്യാസരീതിയാണെങ്കിലും അവയുടെനേരെ കുറെ 'മഹറോൻ' ശരങ്ങൾ തൊടുത്തുവിടുകയല്ല കൗൺസിൽ ചെയ്തതു്. പ്രത്യുത, ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ജനകോടികൾക്കു ഉചിതമായ വിദ്യാഭ്യാസം നല്കുന്ന കാര്യത്തിൽ സഭാതനയർ അടിയന്തിര ശ്രദ്ധയും സേവനസന്നദ്ധതയും പ്രകടിപ്പിക്കണമെന്നുദ്ബോധിപ്പിക്കുകയാണു്. 'അന്ധകാരത്തെപ്പഴിക്കുന്നതിനെക്കാൾ ഒരു കൈത്തിരിയെങ്കിലും കൊളുത്തുകയാണു നല്ലതെ'ന്നു കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുകയാണു്. അതാണല്ലോ 'അജിയോർണ്ണമെന്തോ'യുടെ അരൂപിയും.

## 2. ക്രിസ്തീയവിദ്യാഭ്യാസം

ഓരോ വ്യക്തിക്കും അവന്റെ പരിപൂർണ്ണതയ്ക്കാവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നതിനു ന്യായ്യമായ അവകാശമുണ്ടെങ്കിൽ, 'ജലത്താലും പരിശുദ്ധാത്മാവിനാലും പുനർജ്ജ

www.malankaralibrary.com

നം പ്രാപിച്ച്, ദൈവപുത്രരെന്ന പദവിയിലേക്കുയർത്തപ്പെട്ടകയും തദനസൃതമായ ജീവിതവിളി സ്വീകരിക്കുകയും ചെയ്തിരിക്കുന്ന ക്രിസ്ത്യാനികൾക്ക ക്രിസ്തീയപരിപൂർണ്ണതയ്ക്കാവശ്യമായ വിദ്യാഭ്യാസം ലഭിക്കുന്നതിനും അവകാശമുണ്ട്. ഈ അവകാശത്തെ പ്രഖ്യാപിക്കുകയും അതു പ്രദാനംചെയ്യുന്ന ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ അർത്ഥവ്യാപ്തിയെന്തെന്നു സമൃക്കായി പ്രതിപാദിക്കുകയുമാണ്, പ്രഖ്യാപനത്തിന്റെ രണ്ടാം ഖണ്ഡികയിൽ.

മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണതക്കായുള്ള പരിശ്രമമെന്നതിൽക്കവിഞ്ഞ്, വിശദവും പ്രധാനവുമായ കുറെ ലക്ഷ്യങ്ങളുണ്ട്, ക്രിസ്തീയവിദ്യാഭ്യാസത്തിന്. അവയെണ്ണിയെണ്ണിപ്പറയുന്നുണ്ട്, കൗൺസിൽരേഖ. "ജ്ഞാനസ്നാനം സ്വീകരിച്ചവർ രക്ഷാകരരഹസ്യത്തെ ക്രമേണ മനസ്സിലാക്കുന്നതോടൊപ്പം, തങ്ങൾ സ്വീകരിച്ച വിശ്വാസമാകുന്ന മഹാദാനത്തെപ്പററി കൂടുതൽ ബോധവാന്മാരാവുകയും തദുപരി 'പിതാവായ ദൈവത്തെ സത്യത്തിലും അരൂപിയിലും ആരാധിക്കുന്നതിനു'[1] പഠിക്കുകയും വേണം. പ്രത്യേകിച്ച്, ആരാധനക്രമത്തിലെ സജീവ ഭാഗഭാഗിത്വത്തിലൂടെ. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, 'പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിട്ട്, സത്യത്തിന്റേയും നീതിയുടേയും പരിശുദ്ധിയിൽ സൃഷ്ടിക്കപ്പെട്ട നൂതനമനുഷ്യനു യോജിച്ചവിധം'[2] ഓരോ ക്രിസ്ത്യാനിയും തന്റെ വ്യക്തിപരമായ ജീവിതത്തെ ക്രമവൽകരിക്കണം. മാത്രമല്ല, ക്രിസ്ത്യാനികൾ തങ്ങളുടെ മാതൃകയായ 'മിശിഹായുടെ പൂർണ്ണതയുടെ ഉയരത്തിന്റെ അളവിനനുസൃതം'[3] പൂർണ്ണമനുഷ്യത്വത്തിന്റെ വികാസം

1. cfr. John 4, 23.
2. cfr. Eph. 4, 22-24.
3. cfr. Eph. 4, 13.

www.malankaralibrary.com

പ്രാപിക്കുകയും, അവിടുത്തെ മൗതികശരീരത്തിന്റെ അംഗങ്ങളെന്നനിലയിൽ ആ ശരീരത്തിന്റെ വളർച്ചയ്ക്കുവേണ്ടി പരിശ്രമിക്കുകയും വേണം. ഇതിനെല്ലാമുപരി ഓരോ ക്രിസ്ത്യാനിയും തന്റെ വിളിയ്ക്കാനുപാതികമായവിധം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പ്രത്യാശയ്ക്കു സാക്ഷ്യംവഹിക്കുകയും ലോകത്തിന്റെ ക്രൈസ്തവീകരണത്തിൽ ഭാഗഭാക്കാവുകയും വേണം."[1] ഇവയെല്ലാം എങ്ങനെ സാധ്യമാവും? ഉത്തമ ക്രിസ്തീയവിദ്യാഭ്യാസംവഴി. "അതിനാൽ, ഈ വിശുദ്ധ സൂനഹദോസ്, ആത്മാക്കളുടെ നിയന്ത്രണത്തിനു ചുമതലപ്പെട്ടവരായ ഇടയന്മാരോടുപദേശിക്കുകയാണ്, അവർ തങ്ങളുടെ ഗൗരവാവഹമായ ചുമതല മനസ്സിലാക്കി, എല്ലാ വിശ്വാസികൾക്കും പ്രത്യേകിച്ച്, സഭയുടെ പ്രത്യാശയായ യുവജനത്തിന്റെ നേരായ വിദ്യാഭ്യാസം ലഭ്യമാകുന്നതിനുവേണ്ടി ശ്രമിക്കുവാൻ" (n.2).[2]

കൗൺസിൽ വിവക്ഷിക്കുന്നതരത്തിലുള്ള ഉന്നതമായ ക്രിസ്തീയവിദ്യാഭ്യാസം സഭാതനയർക്കു ലഭിക്കണമെങ്കിൽ സഭയുടെ ശ്രദ്ധ വിദ്യാഭ്യാസരംഗത്തു നിരന്തരം കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കവിദ്യാലയങ്ങളെന്നപോലെതന്നെ ഇതരവിദ്യാലയങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടണം. കാരണം അവരുടെ സന്താനങ്ങൾ മററുവിദ്യാലയങ്ങളിലും അഭ്യസനം നടത്തുന്നുണ്ട്. തന്മൂലം അകത്തോലിക്കവിദ്യാലയങ്ങളിലും സഭയുടെ നിയന്ത്രണത്തിലല്ലാത്ത കോളേജുകളിലും യൂണിവേഴ്സിററികളിലും പഠിക്കുന്ന സഭാസന്താനങ്ങൾക്കും, കാലോചിതമായ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട്, ക്രിസ്തീയവിദ്യാഭ്യാസത്തിന്റെ സുപ്രധാനാം

1. cfr. n. 2.
2. cfr. Decree on Bishops, *'Christus Dominus'* nn. 12 13.

www.malankaralibrary.com

ശങ്ങളെങ്കിലും പകർന്നുകൊടുക്കുക ആവശ്യമാണെന്നു സൂനഹദോസ് വ്യക്തമാക്കുന്നുണ്ട്. ഇതു സാധിക്കേണ്ടതു് "അവരെ പഠിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവരുടെ മാതൃകാപരമായ ജീവിതത്തിന്റെ സാക്ഷ്യംവഴിയും സഹപാഠികളായ ഇതരവിദ്യാർത്ഥികളുടെ പ്രേഷിതപ്രവർത്തനംവഴിയും, സർവ്വോപരി പ്രായത്തിനും സാഹചര്യങ്ങൾക്കുമിണങ്ങിയ വിധത്തിൽ അവൎക്കു രക്ഷാകരസത്യം എത്തിച്ചുകൊടുക്കുകയും സമയവും സാഹചര്യങ്ങളുമനുവദിക്കുമ്പോഴെല്ലാം ആദ്ധ്യാത്മികസഹായം നല്കുകയും ചെയ്യുന്ന വൈദികന്മാരുടേയും അല്മായരുടേയും പ്രശംസനീയമായ സേവനംവഴിയുമാണു്" (n. 7, i). അതായതു്, കോളേജുകളിലും കലാലയങ്ങളിലും അകത്തോലിക്കവിദ്യാലയങ്ങളിലും അഭ്യസനംനടത്തുന്ന കത്തോലിക്കവിദ്യാർത്ഥികളുടെ കാര്യത്തിൽ, അത്തരം സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന വൈദികന്മാരോ അല്മായരോ ആയ കത്തോലിക്കർ പ്രത്യേകശ്രദ്ധകാണിക്കണമെന്നും അവരെ സംഘടിപ്പിച്ചു് നേതൃത്വം നല്കണമെന്നും താത്പര്യം. ഇത്തരം സ്ഥാപനങ്ങളിൽ ജോലിസ്വീകരിക്കുവാൻ സഭ കത്തോലിക്കരായ അദ്ധ്യാപകരെ ആഹ്വാനംചെയ്യുന്നു. അവരെസ്സംബന്ധിച്ചിടത്തോളം അതു മഹത്തായൊരു സേവനരംഗമായിരിക്കും.

പ്രഖ്യാപനത്തിന്റെ പത്താംഖണ്ഡികയിൽ ഈ പ്രശ്നംതന്നെ കുറച്ചുകൂടി വിശദീകരിക്കുന്നുണ്ട്. പ്രത്യേകിച്ചു്, ഉന്നതവിദ്യാഭ്യാസത്തെപ്പററി പ്രതിപാദിക്കുന്നിടത്തു്: "സഭയുടേയും സമുദായത്തിന്റേയും ലക്ഷ്യപ്രാപ്തി ഉന്നതവിദ്യാഭ്യാസംചെയ്യുന്ന യുവജനതയുടെ പുരോഗതിയുമായി അടുത്തബന്ധം പുലർത്തുന്നതിനാൽ, സഭയിലെ ഇടയന്മാരുടെ ശ്രദ്ധമുഴുവൻ കത്തോലിക്കാ കലാശാലകളിൽ അഭ്യസനം നടത്തുന്ന യുവജനതയുടെ ആദ്ധ്യാത്മികപുരോഗതിയിൽ



www.malankaralibrary.com

മാത്രം കേന്ദ്രീകരിച്ചാൽപോരാ. പ്രത്യുത, അവർ തങ്ങളുടെ സന്താനങ്ങളെല്ലാവരുടേയും ആധ്യാത്മികരൂപീകരണത്തിൽ ശുഷ്കാന്തിയുള്ളവരായിരിക്കണം. മെത്രാന്മാരുമായാലോചിച്ച് അകത്തോലിക്കാ കലാലയങ്ങളിലും കത്തോലിക്കാ സംഘടനകൾ, യൂണിവേഴ്സിററിസെൻററുകൾ തുടങ്ങിയവ സ്ഥാപിക്കുവാൻ ശ്രമിക്കേണ്ടതാണ്" (n. 10). വൈദികന്മാരും കന്യാസ്ത്രീകളും അല്മായരുമായ കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തകർക്ക് യുവവിദ്യാർത്ഥികളുടെ ക്രിസ്തീയ മുന്നേററത്തിനു പ്രചോദനമരുളുവാൻ പര്യാപ്തമായ ചില മാർഗ്ഗങ്ങളാണിവ. കോളേജുകളിലും സർവ്വകലാശാലകളിലുമൊക്കെപ്പഠിച്ചു പുറത്തിറങ്ങുന്ന സഭയുടെ യുവതനയക്ക് ദൈവവും സഭയും സന്മാർഗ്ഗവുമൊക്കെ തലവേദനയുളവാക്കുന്ന പ്രശ്നങ്ങളാവാതിരിക്കണമെങ്കിൽ ഈവിധത്തിലൊരു പ്രവർത്തനപദ്ധതി സംഘടിപ്പിച്ചേ പററൂ. അമേരിക്കയിലെ 'സി.സി.ഡി.' (Confraternity of Christian Doctrine), 'ന്യൂമാൻ അപ്പോസ്റ്റലേററ്" തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ വളരെ പ്രവർത്തിക്കുന്നുണ്ട്. ക്രൈസ്തവചൈതന്യവും പ്രേഷിതതീക്ഷ്ണതയുമുററ യുവക്രൈസ്തവനേതാക്കൾക്കു രൂപംകൊടുക്കുകയാണവയുടെ പ്രവർത്തനലക്ഷ്യം. നമ്മുടെ നാട്ടിലും ഇത്തരം ക്രൈസ്തവചൈതന്യമുള്ള സംഘടനകൾ സ്ഥാപിച്ച്, ഉന്നതവിദ്യാഭ്യാസം നടത്തുന്ന യുവജനതയ്ക്കു നേതൃത്വപരിശീലനം നല്കുക ഏററം പ്രാധാന്യമർഹിക്കുന്ന ഒരടിയന്തിരാവശ്യമാണ്. മാത്രമല്ല, അധ്യാപനസാമർത്ഥ്യവും അന്വേഷണാസക്തിയുമുള്ള യുവജനങ്ങളെ പ്രത്യേകം സഹായിച്ച്, കത്തോലിക്കരുടേയോ അകത്തോലിക്കരുടേയോ വിദ്യാസ്ഥാപനങ്ങളിൽ ജോലിസ്വീകരിക്കുവാൻ പ്രേരിപ്പിക്കുകയും വേണം. ചുരുക്കത്തിൽ, അല്മായനേതൃത്വത്തെ വളർത്തിയെടുക്കുക. അതാണ് ക്രിസ്തീയവിദ്യാഭ്യാസപുരോഗതിക്കു അടിയന്തിരമായി വേണ്ടത്.

www.malankaralibrary.com

# 3 വിദ്യാഭ്യാസോപാസകർ

കൗൺസിൽപ്രഖ്യാപനം അടുത്തപടി പ്രവേശിക്കുക വിദ്യാഭ്യാസരംഗത്തു സേവനമനുഷ്ഠിക്കേണ്ട വിവിധ ഏജൻസികളുടേയും അവക്കു തമ്മിലുണ്ടായിരിക്കേണ്ട പരസ്പരധാരണകളുടേയും മണ്ഡലത്തിലേക്കാണ്. വിദ്യാഭ്യാസരംഗത്തെ ചുമതലപ്പെട്ട സേവകർ മാതാപിതാക്കന്മാർ, രാഷ്ട്രം, സഭ എന്നിവരാണ്. പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന സേവനമണ്ഡലങ്ങളും അവകാശാധികാരങ്ങളുമാണൊരോരുത്തക്കുമുള്ളതു്. തന്മൂലം യഥാക്രമം ഓരോന്നും പഠിക്കേണ്ടിയിരിക്കുന്നു.

## മാതാപിതാക്കന്മാർ

"ശിശുക്കൾക്കു ജന്മം നല്കിയവർ മാതാപിതാക്കന്മാരാകയാൽ, അവക്കാണു തങ്ങളുടെ സന്താനങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നതിനു് ഏററം ഗുരുതരമായ കടമയുള്ളതു്. അതിനാൽ പ്രഥമവും പ്രധാനവുമായി അവർതന്നെ വിദ്യാദാതാക്കളായി അംഗീകരിക്കപ്പെടണം" (n. 3, i). മാതാപിതാക്കൾക്കു മക്കളുടെ വിദ്യാഭ്യാസകാര്യത്തിലുള്ള പങ്കു്, മററൊരുവിധത്തിലും നികത്തപ്പെടാൻ വയ്യാത്തവിധം പ്രാധാന്യമർഹിക്കുന്നതാണ്. അതിനാൽ അവർക്കു് ഇക്കാര്യത്തിലുള്ള അവകാശങ്ങളും കടമകളും അപ്രകാരംതന്നെ അതിപ്രധാനങ്ങളാണ്. അവകാശങ്ങളെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പു കടമകളെന്തെന്നു കാണുവാനാണു കൗൺസിൽ ക്രിസ്തീയമാതാപിതാക്കളെ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നതു്.

മാതാപിതാക്കൾക്കു മക്കളെ അഭ്യസിപ്പിക്കുന്നതിനുള്ള

www.malankaralibrary.com

പ്രഥമവിദ്യാലയം കുടുംബമാണ്. കുടുംബമാകുന്ന ആ വിദ്യാലയത്തിന്റെ പാവനതയെ ആശ്രയിച്ചാണ മക്കളുടെ ശിക്ഷണത്തിന്റെ വിജയം തൊണ്ണൂറുശതമാനവും നിലകൊള്ളുക. ശിശു പിറന്നുവീഴുന്നതും വളൻമുന്നേറുന്നതും ഭവനവേദിയിലാണ്. അവിടെ അതിനെ കൈപിടിച്ചു നടത്തേണ്ടവർ മാതാപിതാക്കളും. എങ്കിൽ അവർ ആദ്യം ചെയ്യേണ്ടതു്, 'ദൈവസ്നേഹവും മനുഷ്യസ്നേഹവും നിറഞ്ഞുതുളുമ്പുന്ന സുന്ദരമായൊരു കുടുംബാന്തരീക്ഷം സംജാതമാക്കുകയാണ്. അത്തരമൊരന്തരീക്ഷത്തിൽനിന്നുവേണം മക്കൾ വ്യക്തിപരവും സമൂഹപരവുമായ ഉത്തമജീവിതരൂപവത്കരണത്തിനു വേണ്ട ജീവവായു ശ്വസിക്കുക.' ഒന്നിനു പിറകേ ഒന്നായി കടന്നുപോകുന്ന തലമുറകളുടെയെല്ലാം സമ്മേളനരംഗമായ കുടുംബം, സമുദായത്തിന്റെ അടിസ്ഥാനവും വിദ്യാനികേതനവുമാണെന്ന വസ്തുത മാതാപിതാക്കൾ മനസ്സിലാക്കണം. മക്കളുടെ ഭൗതികമാത്രമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയാണ തങ്ങളുടെ കടമയെന്നു കരുതി അതിനുവേണ്ടി പരക്കംപായുന്ന മാതാപിതാക്കന്മാർ, പലപ്പോഴും അവരുടെ സ്വഭാവരൂപവത്കരണത്തിന്റേയും മതബോധനത്തിന്റേയും കാര്യത്തിൽ ഭീമമായ കൃത്യവിലോപമാണ കാണിക്കുക.

'സഭ ആധുനികയുഗത്തിൽ' എന്ന കൗൺസിൽ രേഖ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ടു 'ഭവനം ഉന്നതമായ മാനുഷികതത്വത്തിന്റെ ശ്രീകോവിലാണെ'ന്നു്. എന്നാൽ, കുടുംബത്തിനു് അതിന്റേതായ മുഴുവൻ ജീവനും ലക്ഷ്യവും പ്രാപിക്കണമെങ്കിൽ, ഹൃദയമനസ്സുകളുടെ സ്നേഹമസൃണമായ ഐക്യവും, ദമ്പതികളുടെ ഏകതാനമായ ചിന്തയും ഒപ്പം സന്താനങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കന്മാരുടെ ആയാസകരമായ സംഘടിതശ്രമവും ആവശ്യ.

www.malankaralibrary.com

മാണ്.'[1] ഏതു സമുദായത്തിന്റേയും സുസ്ഥിരമായ നിലനില്പിനും പുരോഗതിക്കുമാവശ്യമായ സാമൂഹ്യനന്മകൾ കുടുംബത്തിൽവച്ചുതന്നെ അഭ്യസിക്കുവാൻ മക്കൾക്കു സാധിക്കണം. കുടുംബത്തിൽനിന്നുതന്നെ വേണം മനുഷ്യസമുദായത്തേയും ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയേയും സംബന്ധിച്ച ആരോഗ്യകരമായ പ്രഥമാനുഭവം അവർക്കു ലഭിക്കുക. മാതാപിതാക്കന്മാരുടെ പരസ്പരസ്നേഹവും ബഹുമാനവും, ദൈവത്തോടും മതത്തോടും മനുഷ്യസമുദായത്തോടും അവർ പ്രകടിപ്പിക്കുന്ന മനോഭാവവുമാണു മക്കളുടെ ജീവിതത്തിലും സ്വാധീനം ചെലുത്തുന്നതു്. അതു മനസ്സിലാക്കിവേണം അവർ വർത്തിക്കുക.

മാതാവിനു തന്റെ ശിശുവിൽ ചെലുത്താവുന്നിടത്തോളം സ്വാധീനം മറെറാരു ശക്തിക്കും അവനിൽ ചെലുത്തുക സാധ്യമല്ല. 'തൊട്ടിലാട്ടുന്ന കരങ്ങൾതന്നെയാണു ഭരണചക്രം തിരിക്കുക'യെന്നു പറയാൻ കാരണമതാണ്. മാതാവിനു് അവളുടെ ശിശുവിനെ ഏതുവിധത്തിലും രൂപപ്പെടുത്തുവാൻ സാധിക്കും. സഭാചരിത്രത്തിലും ലോകചരിത്രത്തിലും ഇതിനു സാക്ഷ്യങ്ങൾ ധാരാളമുണ്ടു്. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലും സഭാപിതാക്കന്മാരുടെ കൃതികളിലും ഉത്തമക്രൈസ്തവമാതാക്കളെപ്പററി പരാമർശമുണ്ടു്. ഇളംമനസ്സുകളിലേക്കു ക്രിസ്തുവിന്റെ മാതൃകാരൂപം ബൈബിൾ കഥകളിലൂടെ കാണിച്ചുകൊടുക്കുകയാണവർ ചെയ്തതു്. "പൈതങ്ങൾ എന്റെ അടുക്കൽ വരുവാൻ അവരെ അനുവദിക്കുക"[2] എന്ന ദിവ്യനാഥന്റെ ദിവ്യാഹ്വാനത്തിനു ചെവികൊടുക്കേണ്ടവർ ക്രൈസ്തവമാതാക്കളാണു്. അഗസ്തീനോസിന്റെ മാതാവായ വി. മോനിക്കായെയും ചെറു

1. Cf. '*Gaudium et Spes*' n. 52.
2. മർക്കോസ് 10, 14.

www.malankaralibrary.com

പുഷ്പത്തിന്റെ അമ്മയായ സെലിഗ്വരിനേയുംപോലെ ഓരോ ക്രൈസ്തവമാതാവും തന്റെ മക്കളെ വിശുദ്ധിയുടെ പാതയിലൂടെ കൈപിടിച്ചു നടത്തണം. "കുട്ടികൾക്കെല്ലാവർക്കും, പ്രത്യേകിച്ച്, ഇളയവർക്ക് അമ്മമാരുടെ സാന്നിധ്യവും പരിചരണവും ആവശ്യമാണ്"[2] എന്നു കൗൺസിൽ പ്രഖ്യാപിക്കുമ്പോൾ വിവക്ഷിക്കുന്ന അന്തരാർത്ഥമിതൊക്കെയാണ്. നിർഭാഗ്യവശാൽ ഇത്തരമൊരു മാതൃസാന്നിധ്യവും സ്നേഹസമ്പൂർണമായ പരിചരണവും തീരെ ലഭിക്കാത്തവരാണു നമ്മുടെ നാട്ടിലെ വളരുന്ന തലമുറ. ആവശ്യമുണ്ടായാലും ഇല്ലെങ്കിലും വീടും കുടുംബവുമിട്ടെറിഞ്ഞ്, വെട്ടുകത്തിയോ മൺവെട്ടിയോ എടുത്തുകൊണ്ടു പിതാവിനോടൊപ്പം കൃഷിപ്പണിക്കിറങ്ങുന്ന ഗ്രാമീണമാതാവും, ഫാക്ടറികളിലേക്കും ആഫീസുകളിലേക്കുമിറങ്ങിത്തിരിക്കുന്ന പട്ടണപ്രാന്തങ്ങളിലെ വനിതകളുമൊക്കെ, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടായാൽത്തന്നെയും സന്താനങ്ങളുടെ ശിക്ഷണകാര്യത്തിൽ അപരിഹാര്യമായ വീഴ്ചയാണു വരുത്തുക; പരിഷ്കൃതരാജ്യങ്ങളിലുമുണ്ട് ഇത്തരമുദാസീനത. പക്ഷേ, അവിടങ്ങളിൽ കൃഷിസ്ഥലങ്ങൾക്കും ഫാക്ടറികൾക്കും പകരം ക്ലബ്ബുകളും വിനോദശാലയുമൊക്കെ ആയിരിക്കും പല വീട്ടമ്മമാരുടേയും സമ്മേളനരംഗം. എവിടെയായാലും ഫലം ഒന്നുതന്നെ. മക്കളുടെ ശിക്ഷണരാഹിത്യം.

മാതാവിന്റെ മാത്രമല്ല, "പിതാവിന്റെയും സജീവസാന്നിധ്യം മക്കളുടെ ശിക്ഷണത്തിനു വളരെ സഹായകമാണെന്നു പ്രഖ്യാപിക്കുന്നുണ്ടു പ്രസ്തുത രേഖയിൽ. പക്ഷേ, ഈ 'സജീവസാന്നിധ്യം' എങ്ങനെയായിരിക്കണമെന്നതിനേപ്പറ്റി കുടുംബനാഥന്മാർ ബോധവാന്മാരാണോ എന്നതാണു പ്രശ്നം. കടുത്ത അധികാരത്തിന്റെ സിംഹാസനത്തി

2. *Gaudium et Spes*, n. 52.

www.malankaralibrary.com

ലൂടെയും മർദ്ദനാത്മകമായ ശിക്ഷാസമ്പ്രദായങ്ങളിലൂടെയു മൊക്കെ തങ്ങളുടെ സാന്നിധ്യത്തെ 'സജീവ'മാക്കുന്ന ചി ല കാരണവന്മാരുണ്ട്. മക്കളൊന്നനങ്ങിയാൽ മതി, അ പ്പോൾപൊട്ടും അടി. ഏററം ലജ്ജാകരമാണിത്തരം സമീ പനരീതി. മന:ശാസ്ത്രത്തിന്റെ രൂപരേഖപോലുമില്ലവിടെ. സ്വന്തം ഓമനക്കിടാങ്ങളോടു കാട്ടുമൃഗങ്ങളോടെന്നപോലെ വർത്തിക്കുക—അത്രമാത്രം മതി അവർ കാട്ടുമൃഗങ്ങളായി വള ർന്നുവരുവാനും. ശിക്ഷയുടെ ഭീകരധ്വനിയല്ല, സ്നേഹത്തി ന്റെ സാന്ത്വനപ്രചോദനമാണു ഉത്തമശിക്ഷണത്തിന്റെ മാർഗ്ഗമെന്നു കുടുംബനാഥന്മാർ മനസ്സിലാക്കട്ടെ. ഓരോ പി താവും തന്റെ ഉത്തമജീവിതംവഴി ക്രിസ്തുവിന്റെ മാതൃക മക്കൾക്കു കാണിച്ചുകൊടുക്കണം. അങ്ങനെ, "അങ്ങു ലോക ത്തിൽനിന്നു നല്കിയവരെ അങ്ങയുടെ നാമം ഞാനറിയി ച്ചു"[1] എന്ന ദിവ്യനാഥന്റെ ദിവ്യവചസ്സുകൾ അവിടുത്തോ ടുതന്നെ ഏററുപറയുവാൻ ഓരോ പിതാവിനും കഴിയണം.

"ദൈവജനത്തിന്റെ ജീവിതത്തിലും പുരോഗതിയി ലും യഥാർത്ഥക്രിസ്തീയകുടുംബങ്ങൾക്കുള്ള പ്രാധാന്യം മാതാ പിതാക്കൾ മനസ്സിലാക്കട്ടെ" (n. 3) എന്നു സൂനഹദോസ് നല്കുന്ന ആഹ്വാനം ശ്രവിക്കുവാൻ ക്രൈസ്തവമാതാപി താക്കൾ തയ്യാറാവണം. വിവാഹമെന്ന കൂദാശവഴി സമൃദ്ധ മായി ലഭിക്കുന്ന ദൈവാനുഗ്രഹത്തിന്റേയും അതിനടുത്ത കടമകളുടേയും കേദാരമായ ക്രിസ്തീയകുടുംബത്തിലാണു ശി ശുക്കൾക്ക് അവരുടെ ചെറുപ്പംമുതൽ ദൈവത്തെ അറിയു ന്നതിനും ആരാധിക്കുന്നതിനും അവിടുത്തേയും അവിടുത്തെ പ്രതി അയൽക്കാരേയും സ്നേഹിക്കുന്നതിനുമാവശ്യമായ ശി ക്ഷണവും മാതൃകയും ലഭിക്കേണ്ടതു് (n. 3). യൗവനത്തി ന്റെ നാല്ക്കവലയിലേക്കു കാലുകുത്തുന്ന മക്കൾക്കു യുക്ത

1. യോഹ. 17, 6.

www.malankaralibrary.com

മായ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിനു പര്യാപ്തമായ ശിക്ഷണം മാതാപിതാക്കന്മാരിൽനിന്നു ലഭിക്കണം.[1] ഉത്തമക്രിസ്തീയകുടുംബത്തിന് അടിസ്ഥാനമാകേണ്ട വിവാഹജീവിതത്തിനു മക്കളെ തയ്യാറാക്കിക്കൊണ്ടു ഫലപ്രദവും മാതൃകാപരവുമായ അല്മായപ്രേഷിതത്വത്തിനു അടിത്തറ പാകുകമാത്രമല്ല മാതാപിതാക്കന്മാർ ചെയ്യേണ്ടതു്;[2] ദൈവത്തിനും സഭയ്ക്കും മാനവരാശിക്കാകമാനവും സേവനംചെയ്യുവാൻ സ്വയം പ്രതിഷ്ഠിക്കുന്നതിനു സന്നദ്ധരാവത്തക്കവിധം യുവജനങ്ങളെ വാർത്തെടുത്തു വൈദികാന്തസ്സിലേക്കും സന്യാസാന്തസ്സിലേക്കുമുള്ള ദൈവവിളികൾ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അവർക്കു കടമയുണ്ടു്, കർത്തവ്യമുണ്ടു്.[3] ഇങ്ങനെ തങ്ങളുടെ ബഹുമുഖങ്ങളായ ചുമതലകൾ ശരിയായി നിർവ്വഹിച്ചുകൊണ്ടു്, 'മാതാപിതാക്കൾ മക്കളെ കോപിപ്പിക്കാതെ, നമ്മുടെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും അവരെ വളർത്തട്ടെ'.[4] അപ്പോൾ കൗൺസിൽ വിവക്ഷിക്കുന്ന ക്രിസ്തീയവിദ്യാഭ്യാസം ഒട്ടുമുക്കാലും പ്രാവർത്തികമാകും.

മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കൾക്കു് ഇതരകേന്ദ്രങ്ങളിൽനിന്നു ലഭിക്കേണ്ട ന്യായ്യമായ സഹായസഹകരണങ്ങളേയും അവശ്യം നിദാനമായ അവകാശാധികാരങ്ങളേയുംപററി വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു കൗൺസിൽ. മക്കൾക്കു് ഏതുവിധമുള്ള വിദ്യാഭ്യാസമാണു നല്കേണ്ടതെന്നും അവരെ ഏതുതരം വിദ്യാലയങ്ങളിലാണയ

---

1. Cf. *Gaudium et Spes*, n. 52.
2. Cf. Ibidem. Also '*Lumen Gentium*' n. 35.
3. Cf. *Lumen Gentium*, n. 35. Also the Decree on *Priestly Training* n. 2.
4. Cf. *Eph.* 6, 4.

www.malankaralibrary.com

ക്കേണ്ടതെന്നും തീരുമാനിയ്ക്കുവാൻ മാതാപിതാക്കന്മാർക്കുള്ള സ്വയംനിർണ്ണയാവകാശം അനിഷേധ്യമാണ്. കത്തോലിക്കമാതാപിതാക്കൾക്കുമാത്രമല്ല, സകലർക്കുമുണ്ട് ഈ അവകാശം. 'മതസ്വാതന്ത്ര്യ'ത്തെപ്പററിയുള്ള കൗൺസിൽരേഖ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്, ഇക്കാര്യം. "കുടുംബം അതിന്റെ സ്വാഭാവികമായ അധികാരത്താൽത്തന്നെ ഒരു സമൂഹമാകയാൽ, മാതാപിതാക്കന്മാരുടെ നിയന്ത്രണത്തിനനുസൃതമായി അതിന്റേതായ മതാത്മകജീവിതം നയിക്കുവാൻ അതിനവകാശമുണ്ട്. മാത്രമല്ല, മാതാപിതാക്കന്മാർക്കു തങ്ങളുടെ മതവിശ്വാസങ്ങൾക്കനുസൃതമായി മക്കൾക്കു ലഭിക്കേണ്ട മതബോധനമെപ്രകാരമായിരിക്കണമെന്നു തീരുമാനിക്കാനും അവകാശമുണ്ട്."[1] ചുരുക്കിപ്പറഞ്ഞാൽ വിദ്യാഭ്യാസസ്വാതന്ത്ര്യം മതസ്വാതന്ത്ര്യത്തോടും മൗലികമായ പൗരസ്വാതന്ത്ര്യത്തോടും ബന്ധപ്പെട്ടു കിടക്കുന്നു. ഒരു രാജ്യത്തിലെ മതസ്വാതന്ത്ര്യത്തിന്റെ മാനദണ്ഡം വിദ്യാഭ്യാസരംഗത്തു മാതാപിതാക്കന്മാർക്കു ലഭിക്കുന്ന സ്വയംനിർണ്ണയാവകാശത്തിൽനിന്നും സ്റ്റേററുസഹായസഹകരണങ്ങളിൽനിന്നും മനസ്സിലാക്കാം. അതിനാൽ, സമുദായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി നിലകൊള്ളേണ്ട രാഷ്ട്രത്തിനു്, വിദ്യാഭ്യാസരംഗത്തു മാതാപിതാക്കന്മാരെ സഹായിക്കാനുള്ള ബാധ്യത എത്രമാത്രമെന്നും പ്രസ്തുതരംഗത്തെ സ്റ്റേററിന്റെ അവകാശാധികാരങ്ങളെന്തെന്നും കൗൺസിൽ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്.

## രാഷ്ട്രം

ഇന്നു വിദ്യാഭ്യാസം ലോകമാസകലം ഒരു വിഷമപ്രശ്നമായിത്തീർന്നിട്ടുള്ളതിനു മുഖ്യകാരണം ഒട്ടധികം രാഷ്ട്ര

1. *Dignitatis Humanae*, n. 5.

www.malankaralibrary.com

ങ്ങളിൽ വിദ്യാഭ്യാസരംഗം ഭരണകൂടത്തിൻെറ കയ്യേററത്തിനും കുത്തകാവകാശത്തിനുമിരയായിത്തീർന്നിട്ടുള്ളതാണ്. രാഷ്ട്രത്തിൻെറ ഈ കയ്യേററത്തെ വേണ്ടവിധം നിയന്ത്രിച്ചു പൗരാവകാശം സംരക്ഷിക്കുന്നതിനു ജനതയ്ക്കുള്ള കടമയെപ്പററി കൗൺസിൽ പരോക്ഷമായിട്ടാണെങ്കിലും ശക്തിയുക്തം പ്രതിപാദിക്കുന്നുണ്ട്.

വിദ്യാഭ്യാസരംഗത്തെ സ്റ്റേററിൻെറ അധികാരാവകാശങ്ങൾക്കു പരിധി നിശ്ചയിക്കുക സമുദായത്തിനും രാഷ്ട്രത്തിനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസത്തെ നിദാനമാക്കിയാണ്. സമുദായത്തിൻെറ അഥവാ ജനതയുടെ പൊതുവായ ഭൗതികക്ഷേമത്തിനുവേണ്ടി ജനതയുടെ അഭിലാഷാനുസൃതം പ്രവത്തിക്കുന്ന ഒരുപകരണംമാത്രമാണു രാഷ്ട്രം. തന്മൂലം രാഷ്ട്രത്തിൻെറ താല്പര്യങ്ങളും അധികാരാവകാശങ്ങളും സമുദായത്തിൻെറ താത്പര്യങ്ങളോളമോ അധികാരാവകാശങ്ങളോളമോ വിശാലമല്ല. ചുരുക്കിപ്പറഞ്ഞാൽ, ജനതയുടെ അഭീഷ്ടങ്ങളെപൊതുനന്മയ്ക്കനുസൃതമായി സാധിച്ചുകൊടുക്കാനല്ലാതെ, ജനഹിതത്തിനു വിരുദ്ധമായി ഒരു നൂതനലക്ഷ്യം സൃഷ്ടിച്ചുകൊണ്ടു ജനതയെ രാഷ്ട്രത്തിൻെറ കുത്തകയാക്കാൻ പാടില്ല. മറെറാരുവിധത്തിൽ പ്പറഞ്ഞാൽ, മതത്തിൻേറയോ ശാസ്ത്രത്തിൻേറയോ സാഹിത്യസംസ്കാരാദികളുടേയോ ഔദ്യോഗികവക്താവോ അധ്യാപകനോ അല്ല രാഷ്ട്രം. അവയുടെ സേവകൻമാത്രം.

അതിനാൽ, രാഷ്ട്രത്തിനു വിദ്യാഭ്യാസരംഗത്തുള്ള അധികാരാവകാശങ്ങൾ ജനത നല്കുന്നിടത്തോളംമാത്രമാണ്; പൊതുനന്മ ആവശ്യപ്പെടുന്നിടത്തോളംമാത്രം. രാജ്യത്തു സാക്ഷരതാം നിർബന്ധമായി നടപ്പിലാക്കാനും പൊതുപരീക്ഷകൾ നടത്തിക്കൊണ്ട് അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും 'മിനിമം യോഗ്യത' നിശ്ചയിക്കുവാനും, രാജ്യര

ക്ഷയ്ക്കാവശ്യമായ സൈനികപരിശീലനം സംഘടിപ്പിക്കുവാനും രാജ്യത്തിന്റെ പൊതുക്ഷേമത്തിനും പൗരാവകാശവിനിയോഗത്തിനും പ്രാപ്തമാകത്തക്കവിധം പൊതുജനത്തിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്തണമെന്നാവശ്യപ്പെടാനും മററുമുള്ള രാഷ്ട്രത്തിന്റെ അധികാരം ഇങ്ങനെ ലഭിച്ചതാണു്. ഈവക അവകാശാധികാരങ്ങളുടെ ന്യായ്യമായ വിനിയോഗം രാജ്യത്തിന്റെ ക്രമസമാധാനപാലനത്തിനാവശ്യമാണു്. ഇതിനപ്പുറം കടന്നു മാതാപിതാക്കന്മാരുടെ മൗലികാവകാശങ്ങളെയും മതസ്വാതന്ത്ര്യത്തെയും നിഹനിച്ചുകൊണ്ടു വിദ്യാഭ്യാസം സ്റ്റേററു കുത്തകയാക്കാനും പ്രൈവററു് ഏജൻസികളുടെ അവകാശത്തെ നിർമ്മാർജ്ജനം ചെയ്യാനും പാഠ്യപദ്ധതിയിലും അധ്യാപകനിയമനത്തിൽപ്പോലും അനാവശ്യമായ നിയന്ത്രണങ്ങളേർപ്പെടുത്താനും ശ്രമിക്കുക രാഷ്ട്രത്തെസ്സംബന്ധിച്ചിടത്തോളം തികച്ചും സർവ്വാധിപത്യപരവും മനുഷ്യാവകാശധ്വംസകവുമാണു്.

മാതാപിതാക്കന്മാരെ മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ സഹായിക്കുന്നതിൽ സ്റ്റേററിനെ നയിക്കേണ്ട തത്വങ്ങൾ 'സഹായകതത്വവും' (principle of subsidiarity) 'തുല്യാവകാശ നീതി' (distributive justice) യുമാണെന്നു കൗൺസിൽ വ്യക്തമായിപ്പറയുന്നുണ്ടു്. ഇവയനുസരിച്ചു രാഷ്ട്രം ചെയ്യേണ്ടതെന്താണെന്നും കൗൺസിൽ വ്യക്തമാക്കുന്നുണ്ടു്. ആദ്യംതന്നെ മാതാപിതാക്കന്മാരുടേയും അവരെ സഹായിക്കുന്ന മററു വിദ്യാഭ്യാസപ്രവർത്തകരുടേയും അവകാശങ്ങളെ സംരക്ഷിക്കുകയും അവർക്കു് അർഹമായ സഹായങ്ങൾ നല്കുകയും ചെയ്യുക. മക്കൾക്കുചിതമായ വിദ്യാഭ്യാസം നല്കുകയെന്ന കടമ നിർവ്വഹിക്കുന്നതിനു മാതാപിതാക്കന്മാരെ സഹായിക്കുവാനാണു രാഷ്ട്രം മുമ്പോട്ടുവരേണ്ടതു്. രാഷ്ട്രം നല്കുന്ന സഹായമാകട്ടെ, പൊതുനന്മ

www.malankaralibrary.com

യ്ക്കു വിരുദ്ധമാകാത്തവിധം വിദ്യാഭ്യാസപ്രവൎത്തനം നടത്തു ന്ന എല്ലാവൎക്കും തുല്യനിലയിൽ ലഭിക്കണം. അക്കാര്യത്തിൽ സ്റ്റേറവുവിദ്യാലയങ്ങൾക്കും പ്രൈവറവു വിദ്യാലയങ്ങൾക്കും തമ്മിൽ ഭേദം കല്പിക്കുക യുക്തമല്ല. വിദ്യാഭ്യാസത്തിനുള്ള സ്റ്റേറവുഫണ്ടു് എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും തുല്യമായിവേണം വീതിക്കുക. ഗവൎമ്മേൻവുവിദ്യാലയത്തിൽ പഠിപ്പിക്കുന്ന അധ്യാപകൎക്കുമാത്രമല്ല, പ്രൈവറവുവിദ്യാലയത്തിൽ പഠിപ്പിക്കുന്നവൎക്കും സ്റ്റേറവു സംരക്ഷണത്തിനവകാശമുണ്ടു്. അവരും ശ്രമിക്കുക രാജ്യപുരോഗതിക്കുവേണ്ടിയാണു്. അപ്രകാരംതന്നെ സ്റ്റേറവുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുവാൻ പ്രൈവറവുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കുമവകാശമുണ്ടു്. ഒരുകൂട്ടൎക്കു യാത്രാസൗകര്യം സൗജന്യമായേൎപ്പെടുത്താമെങ്കിൽ മററവൎക്കും ലഭിക്കണം ആ ആനുകൂല്യം. ഇരുകൂട്ടരുടേയും മാതാപിതാക്കൾ തുല്യമായി പൊതുഖജനാവിലേക്കു കരമടയ്ക്കുന്നുണ്ടല്ലോ. ഇരുകൂട്ടരും ഒരുപോലെ രാഷ്ട്രത്തിൻെറ പൗരസഞ്ചയമാണു്. 'തുല്യനീതി'ക്കുള്ള അവകാശമെന്നതുകൊണ്ടൎത്ഥമാവുക ഇതൊക്കെയാണു്.

വിദ്യാഭ്യാസരംഗത്തു 'സഹായകതത്വ'മെങ്ങനെയായിരിക്കണമെന്നതെപ്പററി കൗൺസിൽ പറയുന്നതിപ്രകാരമാണു്: 'ഇക്കാര്യത്തിൽ മാതാപിതാക്കളുടേയും ഇതരസമൂഹങ്ങളുടേയും പരിശ്രമങ്ങൾ അപര്യാപ്തമാണെന്നു കാണുന്നപക്ഷം ഗവൎമ്മെൻവു അവരുടെ സഹായത്തിനെത്തണം. അപ്പോഴും ഗവൎമ്മെൻറിനു ചെയ്യാനുള്ളതു മാതാപിതാക്കളുടെ അവകാശങ്ങൾക്കും അഭീഷ്ടങ്ങൾക്കും കോട്ടംതട്ടാത്തവിധത്തിൽ അവരുടെ സന്താനങ്ങൾക്കു വിദ്യാഭ്യാസസൗകര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണു്. അങ്ങനെവേണം ഗവൎ

www.malankaralibrary.com

മെൻറു സ്കൂളുകളും വിദ്യാസ്ഥാപനങ്ങളും ഉയൎന്നുവരിക. അതായത്, ഏതെങ്കിലുമൊരു കീഴ്ഘടകത്തിനു പ്രവൎത്തിക്കാവുന്നിടത്തു രാഷ്ട്രം ചാടിവീഴരുതെന്ന്. രാഷ്ട്രത്തിന്റെ പ്രത്യേകസഹായവും പരിചരണവുമാവശ്യപ്പെടുന്നവർ വേറെയുമുണ്ട്. മാതാപിതാക്കളുടെ സംരക്ഷണം ലഭിക്കാതെ പോകുന്ന ഹതഭാഗ്യരായ ശിശുക്കളും ദാരിദ്ര്യമൎദ്ദിതരും അന്ധരും ബധിരരുമൊക്കെ. അവരുടെ ഉന്നമനത്തിനാവശ്യമായ വിദ്യാസൗകര്യങ്ങളേൎപ്പെടുത്താൻ സൎക്കാർ ശ്രമിക്കണം.

തത്വമിങ്ങനെയൊക്കെയാണെങ്കിലും സഹായകതത്വവും 'തുല്യനീതി'യവകാശവും പോയിട്ട മൗലികമായ വിദ്യാഭ്യാസസ്വാതന്ത്ര്യംപോലും പാലിക്കപ്പെടുന്നില്ല, നിരവധി രാഷ്ട്രങ്ങളിൽ. കമ്മ്യൂണിസ്ററുരാഷ്ട്രങ്ങളിൽ വിദ്യാൎത്ഥികൾ സ്റ്റേററുകത്തകയാണു്. ചെറുപ്പംമുതലേ ചെമപ്പന്മാരാക്കി വാൎത്തെടുക്കുവാൻ വിദ്യാൎത്ഥികളെ രാഷ്ട്രം ദത്തെടുക്കുകയാണവിടെ. ദൈവവിശ്വാസത്തെ പുറംതള്ളിക്കൊണ്ടു തനി ഭൗതികാത്മകമായൊരു ശിക്ഷണമാണവിടത്തെ യുവജനസഞ്ചയത്തിനു ലഭിക്കുക. കമ്മ്യൂണിസ്ററുരാഷ്ട്രങ്ങളിലേ വിദ്യാഭ്യാസനിലയെപ്പററി പ്രലപിച്ചതുകൊണ്ടു കാൎയ്യമില്ല. ചരിത്രം അതിനെതിരേ കനത്തപ്രഹരം ആരംഭിച്ചുകഴിഞ്ഞുവെന്നു സോവ്യററുറഷ്യയിലേ ചില കേന്ദ്രങ്ങളിൽനിന്നുള്ള റിപ്പോൎട്ടുകൾതന്നെ വെളിവാക്കുന്നു. റഷ്യയിലേ യുവതലമുറ രാഷ്ട്രത്തിന്റെ കടിഞ്ഞാണിനു വഴങ്ങിക്കൊടുക്കാത്തവിധം അസ്വസ്ഥമായിത്തീൎന്നുവെന്നും വിപ്ളവത്തിൽനിന്നു വിപ്ളവത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണെന്നും മോസ്കോവിലേ കമ്മ്യൂണിസ്ററുപാൎട്ടി സെക്രട്ടറി വാസിലി കൊണോടപ്പ് ഈ അടുത്തകാലത്തു റി

www.malankaralibrary.com

പ്പോർട്ടു ചെയ്യുകയുണ്ടായി.[1] "വിജ്ഞാനത്തിന്റെ ആരംഭം ദൈവഭയമാണെ"[2]ന്ന നിത്യസത്യം മറക്കുന്നിടത്തു് അസ്വസ്ഥതകളും വിപ്ളവങ്ങളുമുണ്ടാകും. കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളിൽമാത്രമല്ല, എവിടെയും.

രാജ്യക്ഷേമത്തിന്റേയും സോഷ്യലിസ്റ്റുമുന്നേററത്തിന്റേയുമൊക്കെ മറപിടിച്ചു വിദ്യാഭ്യാസത്തെ രാഷ്ട്രത്തിന്റെ കുത്തകയാക്കാനും സ്വകാര്യഏജൻസികളെ വേരോടെ പിഴുതെറിയാനുമുള്ള പരിശ്രമങ്ങളാണു മററു നിരവധി രാഷ്ട്രങ്ങളിൽ നടക്കുക. സിലോണിലും സുഡാനിലുമൊക്കെ സംഭവിച്ചതും പുതുതായി സ്വാതന്ത്ര്യംപ്രാപിച്ചുവരുന്ന ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുമൊക്കെ ഇതാണു്. സ്വകാര്യഏജൻസികളെ കൊളോണിയലിസത്തിന്റേയും വർഗ്ഗീയതാത്പര്യങ്ങളുടേയും ലേബലൊട്ടിച്ചു് എടുത്തെറിയാനുള്ള ഒരടവു്.

ഇതിലൊക്കെ അപലപനീയമാണു്, ഒരു കണക്കിൽ യു.എസ്.എ. തുടങ്ങിയ ജനാധിപത്യരാഷ്ട്രങ്ങളിലും ഒരുപടികൂടിക്കടന്നാൽ 'മതേതര'രാഷ്ട്രമായ ഭാരതത്തിലും വിദ്യാഭ്യാസരംഗത്തേ നിലപാടു്. അമേരിക്കയിൽ മതസ്വാതന്ത്ര്യവും വിദ്യാഭ്യാസസ്വാതന്ത്ര്യവും വേണ്ടുവോളമുണ്ടു്. പക്ഷേ, 'തുല്യനീതിയവകാശ'മനുസരിച്ചു് ആ സ്വാതന്ത്ര്യമൊന്നും അനുഭവിക്കുവാൻ, രാഷ്ട്രം നേരിട്ടു നടത്താത്ത വിദ്യാലയങ്ങളിൽ മക്കളെ അയയ്ക്കുന്ന മാതാപിതാക്കൾക്കു സാധിക്കുന്നില്ല. മറെറാരുവിധത്തിൽപ്പറഞ്ഞാൽ, മതസ്വാതന്ത്ര്യവും വിദ്യാഭ്യാസസ്വാതന്ത്ര്യവും അനുഭവിക്കണമെങ്കിൽ ഇരട്ടിവിലയും പരിശ്രമവും മുടക്കണം. അമേരിക്കയിലേ കത്തോലി

1. Cf. *Social Survey*, April 1966, J. MERAY, Unruly Youth in Russia.
2. *Ecclesiasticus* 1, 16.

www.malankaralibrary.com

ക്കർ ആ സ്ഥാനത്തിനു തയ്യാറായിരിക്കുകയുമാണു്. എന്തു വിലകൊടുത്താലും സ്വന്തം മക്കൾക്കു നേരായ മതാഭ്യസനവും ഉത്തമശിക്ഷണവും നല്കണമെന്നവർക്കു നിർബന്ധമുണ്ടു്. പക്ഷേ, അതിനുവേണ്ടി ദുർവഹമായ സാമ്പത്തികഭാരം പേറുവാൻ അവർ എത്രനാൾ സന്നദ്ധരാവും! ഒരു ജനാധിപത്യഗവമ്മേൻറിനു് ഇത്തരമൊരനീതി എത്രനാൾ വച്ചുപൊറുപ്പിക്കാം? 'തുല്യനീതി' ലഭിക്കണമെന്ന കൗൺസിലിൻെറ ആഹ്വാനത്തിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദം അമേരിക്കയിലെ കത്തോലിക്കമെത്രാന്മാരുടേതാണു്.

ഇന്ത്യൻ ഭരണഘടനയുടെ 28, 29, 30 വകുപ്പുകൾ ന്യൂനപക്ഷങ്ങൾക്കും മതവിഭാഗങ്ങൾക്കും വിദ്യാഭ്യാസരംഗത്തുള്ള അവകാശാധികാരങ്ങൾ, സ്കൂളുകളിലെ മതാധ്യയനം തുടങ്ങിയവയും അവയെപ്പററി സ്റ്റേററിൻെറ നിലപാടും വ്യക്തമാക്കുന്നു. പൂണ്ണമായും ഗവമ്മെൻറു ഖജനാവിനാൽ സംരക്ഷിക്കപ്പെടുന്ന സ്കൂളുകളിൽ യാതൊരുവിധ മതാഭ്യസനത്തിനും ഭരണഘടന സ്ഥാനം നല്കുന്നില്ലെങ്കിലും, മതത്തിൻേറയും ആദർശങ്ങളുടേയും പേരിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനെയും അത്തരം വിദ്യാലയങ്ങളിൽ ക്ലാസ്സു ഷയങ്ങൾക്കു കോട്ടംതട്ടാത്തവിധത്തിൽ നിർബന്ധിതമല്ലാത്തവിധം മതാഭ്യസനം നടത്തുന്നതിനെയും ഭരണഘടന നിഷേധിക്കുന്നില്ല. പക്ഷേ, സംസ്ഥാനഗവമ്മെൻറുകൾ വിദ്യാഭ്യാസരംഗത്തു നടത്തുന്ന കയ്യേററങ്ങൾ ദുസ്സഹമാംവിധം വർദ്ധിച്ചുവരുന്നുവെന്നതു ഭാരതത്തിൻെറ മഹത്തായ 'മതേതര'മനോഭാവത്തിനും ജനായത്തസിദ്ധാന്തത്തിനും നിരക്കുന്നതാണോയെന്നു ചിന്തിക്കേണ്ടതുണ്ടു്.

മതസ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തേയും നിഹനിക്കത്തക്കവിധം വിദ്യാലയങ്ങളുടെ നടത്തിപ്പിലും പാഠ്യപദ്ധതിയുടേയും പാഠപുസ്തകങ്ങളുടെപോലും ഏകതാനമായ രൂപീകരണത്തിലും തെരഞ്ഞെടുപ്പിലും രാഷ്ട്രവും വി

www.malankaralibrary.com

ഭ്യാഭ്യാസവകുപ്പും കാണിക്കുന്ന അനാവശ്യമായ നിയന്ത്രണ തല്പരത തികച്ചും തെററാണ്. കണക്കും ജനറൽസയൻസും സാമൂഹ്യവിജ്ഞാനവും ചരിത്രവുമൊക്കെ അതതു ക്ലാസ്സുകളുടെ നിലവാരമൊപ്പിച്ചു പഠിപ്പിച്ചുകൊള്ളണമെന്നു നിർദ്ദേശിക്കാനും അതിനു 'മിനിമം പരീക്ഷായോഗ്യത' നിശ്ചയിക്കാനുമല്ലാതെ, സർവ്വവിദ്യാലയങ്ങൾക്കും ഒരേ പാഠപദ്ധതിയും ഒരേ പാഠപുസ്തകങ്ങളും വേണമെന്നു ശഠിക്കുക രാഷ്ട്രത്തിനു യുക്തമല്ല. ന്യൂനപക്ഷങ്ങൾക്കും മതവിഭാഗങ്ങൾക്കും ഭരണഘടന നല്കുന്ന അവകാശങ്ങൾക്ക് അതു വിരുദ്ധമാണെന്നു മാത്രമല്ല, മാതാപിതാക്കളുടെ പൗരസ്വാതന്ത്ര്യത്തിനും സ്വയംനിർണ്ണയാവകാശത്തിനും കണ്ഠകോടാലിയും വിദ്യാഭ്യാസപുരോഗതിക്കു വിലങ്ങുതടിയുമാണ്. രാഷ്ട്രത്തിന്റെ തലപ്പത്തിരിക്കുന്നവർക്കാണു വിദ്യാഭ്യാസപദ്ധതിക്കു രൂപംകൊടുക്കാനവകാശമെങ്കിൽ, ഏറെത്താമസിയാതെ അത്തരം വിദ്യാഭ്യാസം ജനതയെ കൊണ്ടുപോയി നിറുത്തുക ഏതെങ്കിലുമൊരു സർവ്വാധിപത്യസിദ്ധാന്തത്തിലായിരിക്കും. ഇററലിയിലെ ഫാസ്സിസവും ജർമ്മനിയിലെ നാസ്സിസവും ചൈനയിലേയോ റഷ്യയിലേയോ കമ്മ്യൂണിസവുംപോലുള്ള ഒരു നശീകരണപ്രസ്ഥാനത്തിൽ. സോഷ്യലിസത്തിന്റേയും സ്ഥിതിസമത്വത്തിന്റേയുമൊക്കെ സുന്ദരാഭിധാനത്തിൽ വിദ്യാലയദേശസാത്കരണത്തേയും പാഠപദ്ധതിയുടെ ഏകതാനമായ ക്രമീകരണത്തേയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവണത നമ്മുടെ നാട്ടിൽ വളർന്നുവരികയാണ്. തികച്ചും അബദ്ധജടിലമായ ഈ ചിന്താഗതി പ്രായോഗികതലത്തിലേക്കു പകർത്തുവാനായിരുന്നു 1957–ലെ കേരള കമ്മ്യൂണിസ്ററുസർക്കാരിന്റെ വിദ്യാഭ്യാസബിൽ ഉന്നംവച്ചതു്. വിദ്യാഭ്യാസരംഗത്തുനിന്നു സ്വകാര്യഏജൻസികളെ പിടിച്ചിറക്കുന്നതിനുതക്ക വകുപ്പുകൾക്കൊണ്ടു പ്രസ്തുതബില്ലിലെ ഏററംഉഗ്രപ്രസാവഹമായൊരു വ്യവ

www.malankaralibrary.com

സ്ഥ പ്രൈവററുവിദ്യാലയങ്ങളിലേക്കുള്ള അധ്യാപകനിയമനത്തിൽ മാനേജ്മെൻറിൻെറ സർവ്വസ്വാതന്ത്ര്യവും നിയന്ത്രിക്കുക എന്നതായിരുന്നു. ഭാഗ്യവശാൽ ജനാധിപത്യപ്രേമികളായ കേരളജനത ഒത്തൊരുമിച്ചു മുന്നേറിയതിൻെറ ഫലമായി വിദ്യാഭ്യാസബില്ല് മാത്രമല്ല, അതിനു രൂപംകൊടുത്ത ഭരണകൂടവും എടുത്തെറിയപ്പെട്ടു. എങ്കിലും ഇത്തരം അപകടങ്ങളുടെ കാർമേഘപടലങ്ങൾമാറി ഭാരതാന്തരീക്ഷം ഇനിയും സംശുദ്ധമായിട്ടില്ലെന്നു മാത്രമല്ല, ആക്രമണഭീഷണി എങ്ങും മുഴങ്ങുന്നുമുണ്ടു്. നാമെപ്പോഴും ജാഗരൂകരായിരിക്കേണ്ടതുണ്ടു്.

ക്രിസ്തീയവിദ്യാഭ്യാസത്തെപ്പററിയുള്ള കൗൺസിൽപ്രഖ്യാപനത്തിൻെറ മൂന്നും ആറും ഖണ്ഡികകൾ സാവകാശം വായിക്കുന്നൊരാൾക്കു് ഇത്രയുമൊക്കെ ചിന്തിക്കാതിരിക്കുക സാധ്യമല്ല.

അതുകൊണ്ടുമാത്രമായില്ല. വിദ്യാഭ്യാസരംഗത്തെ തങ്ങളുടെ അവകാശാധികാരങ്ങൾ സംരക്ഷിക്കുവാൻ രാഷ്ട്രത്തിൽ സ്വാധീനംചെലുത്തുന്നതിനു ഒന്നുചേർന്നു സംഘടിക്കുവാൻ കൗൺസിൽ മാതാപിതാക്കളേയും ഇതരവിദ്യാഭ്യാസപ്രവർത്തകരേയും ആഹ്വാനംചെയ്യുകകൂടി ചെയ്യുന്നുണ്ടു്.

"തങ്ങളുടെ സന്താനങ്ങൾക്കു്, ഈവക സഹായങ്ങളനുഭവിച്ചുകൊണ്ടുതന്നെ, ഭൗതികവിഷയങ്ങളിലെ പുരോഗതിക്കൊപ്പം നില്ക്കുന്ന ക്രൈസ്തവ ശിക്ഷണപുരോഗതി കൈവരുത്തുന്നതിനു മാതാപിതാക്കൾ സജ്ജീകരണങ്ങൾ ചെയ്യുകയും വേണ്ടിവന്നാൽ ശബ്ദമുയർത്തുകയും ചെയ്യണം" (n. 7, ii). സഹായകതത്വത്തിനും തുല്യാവകാശനീതിക്കും നിരക്കുന്ന സഹായങ്ങൾ ലഭിക്കുന്നതോടൊപ്പം തങ്ങളുടെ മക്കൾക്കു്, ഏതു വിദ്യാലയത്തിലേക്കവരെ അയച്ചാലും, അവിടെനിന്നു മതപരവും സന്മാർഗ്ഗപരവുമായ ശിക്ഷണം കൂടി


www.malankaralibrary.com

ലഭിക്കണമെന്നതു മാതാപിതാക്കൾക്ക ന്യായ്യമായുന്നയിക്കാവുന്ന അവകാശവാദമാണ്. ചില രാഷ്ട്രങ്ങളിൽ അങ്ങനെ ലഭിക്കുന്നുമുണ്ടു്. ആ രാഷ്ട്രങ്ങളോട്ട സുനഹദോസിനുള്ള നിസ്സീമമായ സംതൃപ്തി പ്രഖ്യാപനത്തിൽ രേഖപ്പെടുത്തുന്നു: "ആധുനികജനതയുടെ വിശ്വാസവൈവിധ്യങ്ങളേയും മതസ്വാതന്ത്ര്യത്തേയും കണക്കിലെടുത്തുകൊണ്ടു്, ഓരോ കുടുംബത്തിന്റേയും മതപരവും സന്മാർഗ്ഗപരവുമായ വിശ്വാസങ്ങൾക്കനുസൃതമായി, എല്ലാ വിദ്യാലയങ്ങളിലും തങ്ങളുടെ സന്താനങ്ങൾക്ക ശിക്ഷണം ലഭിക്കുന്നതിനു കുടുംബങ്ങളെ സഹായിക്കുന്ന രാഷ്ട്രീയാധികാരത്തെയും രാഷ്ട്രങ്ങളെയും സഭ അത്യധികം ബഹുമാനിക്കുന്നു" (n. 7, ii). മാതാപിതാക്കളുടെ അവകാശാധികാരങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു കൗൺസിൽ ശക്തിയുക്തം വാദിക്കുമ്പോൾ, കത്തോലിക്കമാതാപിതാക്കന്മാരുടെ നന്മയെമാത്രമല്ല, പ്രോട്ടസ്റ്റന്റുകാരും യഹൂദരും ഹിന്ദുക്കളും മുസ്ലീമുകളും ബൗദ്ധരും ജൈനരും എന്നുവേണ്ട നിരീശ്വരരും നിർമ്മതരുമായ മാതാപിതാക്കളുടേയും സ്വാതന്ത്ര്യത്തെക്കൂടിയാണു പ്രഖ്യാപിക്കുക. മതേതരരാഷ്ട്രത്തിലും എല്ലാമതങ്ങൾക്കും വിശ്വാസാചാരങ്ങൾക്കും സ്വാതന്ത്ര്യംവേണം, വളൎന്നുവികസിക്കുവാൻ.

സഭ

കൗൺസിൽപ്രഖ്യാപനത്തിന്റെ മൂന്നാംഖണ്ഡികയുടെ മൂന്നാംഭാഗം പ്രതിപാദിക്കുക സഭയ്ക്കു വിദ്യാഭ്യാസരംഗത്തു പ്രത്യേകമായുള്ള സേവനാവകാശത്തേയും അതിന്റെ സ്വഭാവത്തേയുംസംബന്ധിച്ചാണു്. വിദ്യാഭ്യാസത്തിന്റെ ദൈവശാസ്ത്രപരമായ വശത്തേക്കു വിരൽചൂണ്ടുകകൂടി ചെയ്യുന്നുണ്ടിതു്.

വിദ്യാഭ്യാസം നല്കുന്നതിനു സഭയ്ക്കു എവിടെനിന്നാണവകാശം എന്നു ചോദിച്ചാൽ, സഭാസ്ഥാപകനായ ദൈ

www.malankaralibrary.com

വസുതനിൽനിന്നു് എന്നു തീർത്തുപറയാം. "പോയി സമസ്ത ജനപദത്തെയും ശിഷ്യപ്പെടുത്തുവിൻ"[1] എന്ന ദൈവികാജ്ഞയിലധിഷ്ഠിതമാണീ അവകാശം. എങ്കിലും ഈ കല്പന സഭയെ നേരിട്ടധികാരപ്പെടുത്തുന്നതു 'രക്ഷാകരരഹസ്യം' ലോകത്തെ പഠിപ്പിക്കുവാനാണു്. ഈ രക്ഷാകര വേലയ്ക്കു മനുഷ്യൻെറ ഭൗതികജീവിതവുമായി അടുത്ത ബന്ധമുള്ളതിനാൽ പരോക്ഷമായിട്ടെങ്കിലും മനുഷ്യൻെറ ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കു വിദ്യാഭ്യാസരംഗത്തും സഭക്കു വളരെ പ്രവർത്തിക്കാനുണ്ടു്. പ്രഖ്യാപനത്തിൻെറ ആമുഖത്തിൽ നാം കണ്ടതും അതുതന്നെ (Prologue, iv).

'വിദ്യാഭ്യാസരംഗത്തു സഭയ്ക്കു പ്രത്യേകമുണ്ടെന്നുപറയുന്ന ചുമതലയ്ക്കു' നിദാനമെന്തെന്നല്ലേ? പരിപൂർണ്ണമായ ഒരു മാനുഷികസംഘടന എന്ന നിലയിൽ വിദ്യാഭ്യാസം നല്കുന്നതിനു സഭയ്ക്കുള്ള കഴിവു്. അതുമാത്രമല്ല. രക്ഷയുടെ മാർഗ്ഗം സർവ്വജനത്തോടും പ്രസംഗിക്കുവാനുള്ള വിളിയാണു് ഏററം പ്രധാനം. ആ ദൗത്യം നിർവ്വഹിച്ചുകൊണ്ടു ക്രിസ്തുവിൻെറ ജീവിതമാതൃക ലോകത്തിനാകമാനവും പ്രത്യേകിച്ചു്, സഭാതനയർക്കും സഭ കാണിച്ചുകൊടുക്കണം. ആദ്ധ്യാത്മികമായ ഈ ലക്ഷ്യങ്ങൾ മാത്രമല്ല, സകലമനുഷ്യരേയും തൻെറ സേവനംവഴി ഈലോകജീവിതത്തിൽ ആവുന്നത്ര പൂർണ്ണത പ്രാപിക്കുവാൻ ശക്തരാക്കുക എന്ന ഭൗതികമായ ഉദ്ദേശ്യവും വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുവാൻ സഭയെ പ്രേരിപ്പിക്കുന്നു. സഭയുടെ സേവനത്തിലൂടെവേണം ഓരോ വ്യക്തിയും മാനുഷികത്വത്തിൻെറ പൂർണ്ണതപ്രാപിക്കുകയും അങ്ങനെ മാനുഷികമൂല്യങ്ങളെ മാനിക്കുന്ന ഒരു നവലോകം സംജാതമാവുകയും. അതെ, അതിനുവേണ്ടി സ്നേഹമയിയായ ഒരു

1. Cf. മത്താ. 28, 19-20.

www.malankaralibrary.com

മ്മയെപ്പോലെ ക്രിസ്തുവിന്റെ സഭ മനുഷ്യവർഗ്ഗത്തെ വിദ്യാഭ്യാസരംഗത്തു സേവിക്കും.

സഭയെ വിദ്യാഭ്യാസരംഗത്തു സേവനമനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്ന വേറെയും കാരണങ്ങളുണ്ട്. വിദ്യാഭ്യാസസ്വാതന്ത്ര്യവും അതുവഴി മതസ്വാതന്ത്ര്യവും വേണ്ടതുപോലെ അനുഭവിച്ച്, തങ്ങളുടെ സന്താനങ്ങൾക്ക് ഉത്തമശിക്ഷണം നല്കുന്നതിനു മാതാപിതാക്കന്മാർക്കുള്ള അവകാശത്തെ സംരക്ഷിക്കുകയും അതിനവരെ സഹായിക്കുകയും ചെയ്യുകയാണ് ഒന്ന്. "മക്കളുടെ സ്വഭാവാതീതമായ ജീവിതത്തിനുതകുന്ന ശിക്ഷണം നല്കുന്നതിനു മാതാപിതാക്കന്മാർക്ക് അവകാശം ലഭിക്കുക സഭയിൽനിന്നാണ്. സഭയിലും സഭയിലൂടെയുമല്ലാതെ ഈ അധികാരം വിനിയോഗിക്കുവാൻ അവർ അപര്യാപ്തരുമാണ്."[1] മാത്രമല്ല, ശരിയായി നടത്തുന്ന കത്തോലിക്ക വിദ്യാലയങ്ങളിൽനിന്നു ലഭിക്കുന്ന ഉത്തമശിക്ഷണത്താൽ പ്രേരിതരായി, തങ്ങളുടെ മക്കളെ കത്തോലിക്കവിദ്യാലയങ്ങളിലയക്കുവാൻ നിർബന്ധം കാണിക്കുന്ന കത്തോലിക്കരും അകത്തോലിക്കരും അക്രൈസ്തവരുമായ മാതാപിതാക്കന്മാരുടെ ആവശ്യവും വിദ്യാഭ്യാസരംഗത്തു സേവനമനുഷ്ഠിക്കുവാൻ സഭയെ പ്രചോദിപ്പിക്കുന്നു. അങ്ങനെ, സ്വകീയമായ അധികാരാവകാശത്തിനു പുറമേ, മാതാപിതാക്കന്മാരുടേയും സമുദായത്തിന്റേയും പ്രതിനിധിയെന്ന നിലയിലും വിദ്യാസേവനമനുഷ്ഠിക്കുവാൻ ഇറങ്ങിത്തിരിക്കുന്ന സഭയെ ഒരുവിധത്തിലും അതിൽനിന്നു പിന്തിരിപ്പിക്കുവാൻ രാഷ്ട്രത്തിനോ മതവിരുദ്ധശക്തികൾക്കോ അധികാരമില്ല. സഭയുടെ സേവനങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണു രാഷ്ട്രം ചെയ്യേണ്ടത്.

---

1. ANDRE MERLAND, *Lumen Vitae*, vol. XXI, 1966, No. 2, Eng, ed. p. 157.

www.malankaralibrary.com

# 4 സഭയുടെ വിദ്യാഭ്യാസോപാധികൾ

"വിദ്യാഭ്യാസനിർവ്വഹണകാര്യത്തിൽ കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതോടൊപ്പം തനിക്കു സ്വന്തമായുള്ളവയിൽ സഭ പ്രത്യേക ശ്രദ്ധ പതിക്കുന്നു. ഇവയിൽ അതിപ്രധാനം മതബോധനമാണ്" (n. 4).

ആത്മാക്കൾക്കു രക്ഷാകരസന്ദേശം നല്കുകയെന്ന സഭയുടെ പ്രഥമദൗത്യവുമായി അഭേദ്യം ബന്ധപ്പെട്ട വിദ്യാഭ്യാസപദ്ധതി മതബോധനംതന്നെയായിരിക്കണമല്ലോ. ചരിത്രത്തിന്റെ ഒരുഘട്ടംവരെ വിദ്യാഭ്യാസസമ്പ്രദായങ്ങളെല്ലാംതന്നെ മതകേന്ദ്രീകൃതമായിരുന്നു. സന്യാസാശ്രമങ്ങളോടു ബന്ധപ്പെട്ടും പള്ളിശാലകളിൽ കുടിയിരുന്നും മതവും ഈശ്വരചിന്തയും വിദ്യാഭ്യാസപദ്ധതികളായി വളർന്നിരുന്ന ആ കാലം കടന്നുപോയി. ശാസ്ത്രവും കലയും പുരോഗമിച്ചതോടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പാടെ മാററം ഭവിച്ചു. പുരാതനകലാലയങ്ങളെല്ലാം താത്വികന്മാർക്കും ദൈവശാസ്ത്രപണ്ഡിതന്മാർക്കുമാണു രൂപംനല്കിയിരുന്നതെങ്കിൽ, ആധുനികകലാലയങ്ങളിൽനിന്നു പുറത്തിറങ്ങുക ശാസ്ത്രകോവിദന്മാരും സാങ്കേതികപടുക്കളുമാണ്. ദാർശനികചിന്തയിലും മതചിന്തയിലും വേണ്ടത്ര താത്പര്യമില്ലാത്ത ഒരു കൂട്ടർ.

മതവും തത്വചിന്തയുമൊക്കെ കണക്കിലധികം അവഗണിക്കപ്പെട്ടപ്പോൾ, അതിനു പ്രതിവിധിയൊന്നും അന്വേഷിക്കാതിരിക്കുക സഭയെസ്സംബന്ധിച്ചിടത്തോളം അചിന്ത്യമാണ്. സ്കൂളുകളിലും കലാലയങ്ങളിലും അവഗണിക്കപ്പെടുന്ന ദൈവത്തിനും മതത്തിനും മനുഷ്യജീവിതത്തിൽ സ്ഥാനംനേടിക്കൊടുക്കുന്നതിനുള്ള സഭയുടെ പരിശ്രമം ഫല

www.malankaralibrary.com

മണിയുക മതപഠനക്ലാസ്സുകളിലൂടെയാണ്. അതെപ്പററി കൗൺസിലിൻെറ വെളിച്ചത്തിൽ അല്പം ചിന്തിക്കുക യുക്തമത്രേ.

## മതബോധനക്ലാസ്സുകൾ

എന്തിനാണു സഭ മതബോധനക്ലാസ്സുകൾക്കു ഏററമധികം പ്രാധാന്യം നല്കുന്നത്? അവ നടത്തുന്നതുവഴി ഉളവാകേണ്ട ഫലങ്ങളെന്തൊക്കെയാണ്? ഒരു വാചകത്തിൽ കൗൺസിൽ ഈ ചോദ്യത്തിനുത്തരം നല്കുന്നു: "വിശ്വാസത്തെ ഉദ്ദീപിപ്പിക്കുകയും ശക്തമാക്കുകയും ചെയ്യുക, ക്രിസ്തുവിൻെറ അരൂപിക്കനുസൃതമായി ജീവിതത്തെ പരിപോഷിപ്പിക്കുക, ദൈവികാരാധനയിൽ ബോധപൂർവ്വമായും സജീവമായും പങ്കുചേരുന്നതിനു വിശ്വാസികളെ പ്രേരിപ്പിക്കുക, പ്രേഷിതപ്രവർത്തനത്തിന് അവരെ പ്രചോദിപ്പിക്കുക" (n. 4). ഇവയൊക്കെയാണു യഥാർത്ഥമായ മതപഠനത്തിൽനിന്നുളവാകേണ്ട ഫലങ്ങൾ. അല്ലാതെ കുറെ നമസ്കാരങ്ങളും ചോദ്യോത്തരങ്ങളും മനഃപാഠം പഠിപ്പിക്കുന്നതിനുവേണ്ടി ഇടവകയിലെ പതിനാറുവയസ്സിനുതാഴെയുള്ള ബാലികാബാലന്മാരെ ഓടിച്ചുകൂട്ടുന്ന 'ഒരു സെൻട്രൽ ജയിൽ' പോലാകരുത് മതപഠനക്ലാസ്സുകൾ.

മതബോധനത്തിന് ഇന്നു കത്തോലിക്കാ ഇടവകകളിൽ ലഭിക്കുന്ന സ്ഥാനം കൗൺസിൽ വിവക്ഷിക്കുന്നതരത്തിലാണോയെന്നു നമ്മുടെ നാട്ടിലെ ഹയരാർക്കിയും മതബോധമുള്ള അല്മായരും ചിന്തിക്കേണ്ടതാണ്. മതബോധനമെന്ന പേരുപോലും അംഗീകരിക്കുന്നതല്ല പലയിടത്തേയും മതാധ്യാപനസമ്പ്രദായം. മതബോധനത്തിൻെറ പ്രാഥമികതത്വംതന്നെ ഇവിടെ പാലിക്കപ്പെടുന്നുണ്ടോയെന്നു

www.malankaralibrary.com

സംശയിക്കണം. കണക്കോ ഭൂമിശാസ്ത്രമോ ജനറൽസയൻസോ പഠിപ്പിക്കുന്നതുപോലെ വെറുമൊരു ബൗദ്ധികശിക്ഷണമായിരിക്കരുത് മതബോധനം. അതു പ്രഥമമായും ഹൃദയത്തെയാണു സ്പർശിക്കേണ്ടത്. മതപരവും ഭക്തിജനകവുമായൊരു ക്രൈസ്തവാന്തരീക്ഷം സൃഷ്ടിക്കുകയാണു മതപഠനക്ലാസ്സുകൾ വഴിവേണ്ടത്. ഇത്തരമൊരന്തരീക്ഷം ലഭിക്കുക അസാധ്യമായതിനാലാണല്ലോ വിദ്യാലയങ്ങളിലെ പാഠപദ്ധതിയോടൊപ്പം നടത്തുന്ന മതാധ്യാപനം തീരെ വിജയിക്കാത്തത്.

മതപരമായൊരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഹൃദയസ്പർശകവും ജീവിതവ്യാപ്തമായവിധം മതബോധനം സാധിക്കുവാൻ കുറച്ചധികം പരിശ്രമിക്കാതെ പററുകയില്ല. അതിനു പററിയ അധ്യാപകരെ പരിശീലിപ്പിച്ചെടുക്കുകയാണ് ഏററം പ്രധാനം. ഇക്കാര്യത്തിൽ ഗവൺമെൻറുശമ്പളം (!) പററി കത്തോലിക്കവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സേവനം അധികം പ്രതീക്ഷിക്കേണ്ടതില്ലെന്നാണ് അനുഭവം പഠിപ്പിക്കുക. സമയവും സൗകര്യവും മതവിജ്ഞാനവുമുള്ളവർ കുറവാണെന്നതുതന്നെയല്ല, പലർക്കുമതിനു സന്മനസ്സുപോലുമില്ല. അധ്യാപകരെത്തന്നെ പഴിക്കേണ്ട കാര്യമില്ല. സഭാധികാരികളുടെ നോട്ടക്കുറവും അലക്ഷ്യമനോഭാവവും പ്രോത്സാഹനരാഹിത്യവുമൊക്കെയാണ് ഈ ദു:സ്ഥിതിക്കു കാരണം. ഞായറാഴ്ചക്ലാസ്സുകൾക്കെങ്കിലും സ്കൂളധ്യാപകരല്ലാത്തവരെ നിയമിക്കുകയാവും ഭേദം. അത്മായപ്രേഷിതത്വം വളർത്തിയെടുത്താലല്ലാതെ മതാധ്യാപനത്തിനു തയ്യാറുള്ള പ്രേഷിതതീക്ഷ്ണതയും ജീവിതവിശുദ്ധിയുമുള്ള യുവതീയുവാക്കന്മാരെ ലഭിക്കുകയില്ല.

മതാധ്യാപനം 'സൺഡേ'ക്ലാസ്സിൻെറ പരിധിയിലൊതുക്കിനിറുത്തുന്നതിൻെറ ഔചിത്യവും ചോദ്യംചെയ്യപ്പെടേണ്ടതാണ്. ആയിരക്കണക്കിനുരൂപാ ചെലവാക്കി സ്കൂളുകൾ

www.malankaralibrary.com

പണിതു സമുദായസേവനം ചെയ്യുന്ന കത്തോലിക്കാസഭയ്ക്കു അ സേവനത്തിന്റെ കാതലായ ഉദ്ദേശ്യം നേടാൻ കഴിയാതെപോവുക ലജ്ജാകരമല്ലേ? ഭൗതികവിഷയങ്ങൾ പഠിപ്പിക്കുവാൻ മാത്രമല്ലല്ലോ സഭ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നതു്. അവയോടൊപ്പംതന്നെ മതപരവും സന്മാർഗ്ഗപരവുമായ അറിവു പ്രദാനം ചെയ്യുകയും അവയ്ക്കൊത്തു ജീവിക്കാൻ വളരുന്ന തലമുറയെ അഭ്യസിപ്പിക്കുകയും സഭയുടെ കർത്തവ്യമല്ലേ? അതിനാൽ ക്ലാസ്സുവിഷയങ്ങൾക്കു കോട്ടംതട്ടാത്ത വിധം മതവിഷയങ്ങൾ പഠിപ്പിക്കുന്നതിനും പാഠ്യപദ്ധതിയിൽ ക്രമവൽകരണം വരുത്തേണ്ടതാണു്.

മതാധ്യാപനകാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടവരായ രൂപതാധ്യക്ഷന്മാരും ഇടവകവൈദികരും ഒന്നുണർന്നു ചിന്തിക്കുകയും സംഘടിച്ചും സംഘടിപ്പിച്ചും പ്രവർത്തിക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. മതാധ്യാപകരെ സംഘടിപ്പിക്കുകയും അവർക്കു ശരിയായ പരിശീലനം നല്കുകയുമാണു് ആദ്യമായി വേണ്ടതു്. ആണ്ടുവട്ടം രൂപതാടിസ്ഥാനത്തിൽ ഒരു മതാധ്യാപകസെമിനാർ നടത്തിയതുകൊണ്ടുമാത്രം സംഗതികൾ പുരോഗമിക്കാൻ പോകുന്നില്ല. ഓരോ ഇടവകയിലും മതാധ്യാപകരെ പരിശീലിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യണം. എട്ടൊൻപതുവർഷം തത്വശാസ്ത്രവും ദൈവശാസ്ത്രവുമൊക്കെ പഠിച്ചു പുറത്തിറങ്ങുന്ന വൈദികനു് ഇടവകയിലൊരു മതാധ്യാപകപരിശീലനം നല്കാൻ സാധിക്കാതെ വരിക ലജ്ജാകരംതന്നെ. പള്ളികളും പള്ളിക്കൂടങ്ങളും പണിതുകൂട്ടുവാൻ പാഞ്ഞുനടക്കുന്ന നമ്മുടെ പല ഇടവകവൈദികന്മാരും മതാധ്യാപനത്തിന്റെ കാര്യത്തിൽ കാണിക്കുന്ന അശ്രദ്ധ അമ്പരപ്പിനു വകനല്കുന്നു. വേദപാഠം പഠിപ്പിക്കാനാളുണ്ടോ, ശരിക്കൊരു സിലബസ്സും അതിനു പററിയ പാഠപുസ്തകങ്ങളുമുണ്ടോ, പഠിക്കാൻ കുട്ടികൾ വരുന്നുണ്ടോ എന്നൊന്നും അന്വേ

www.malankaralibrary.com

-ഷിക്കാൻ മിനക്കെടാതെ എല്ലാം അശ്രദ്ധമായി വിട്ടിരിക്കുകയാണു ചില ഇടവകകളിൽ. കുട്ടികൾക്കിരിക്കാൻ കുറെ ബെഞ്ചും ക്ലാസിലൊരു ബ്ളാക്ക്ബോർഡും അതിലെഴുതാൻ കുറെ ചോക്കുകഷണങ്ങൾപോലും ഇല്ലാത്ത ഒരു വേദപാഠക്ലാസ്സിൻെറ കാര്യത്തെപ്പററി ഊഹിച്ചാൽ മതി. ഈ നിലയ്ക്കിനിയെങ്കിലും വ്യതിയാനം വരികയില്ലേ? കൗൺസിലിനോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കാനും നമുക്കു തയ്യാറാവാം.

മതബോധനത്തിൻെറ പ്രാധാന്യത്തെയും അതിൽനിന്നു ളവാകേണ്ട ഫലങ്ങളേയുംപററി രണ്ടു വാചകംമാത്രം പറഞ്ഞുനിറുത്തിയിട്ട്, കൗൺസിൽ തുടർന്നു പ്രതിപാദിക്കുക ക്രിസ്തീയവിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനു സഭ സ്വീകരിക്കേണ്ട മററുപാധികളെപ്പററിയാണ്. "മനുഷ്യൻെറ സാമാന്യാവകാശങ്ങളിലുൾപ്പെടുന്നതും മനുഷ്യാത്മാക്കളെ അഭ്യസിപ്പിക്കുന്നതിനും മനുഷ്യരെ രൂപപ്പെടുത്തുന്നതിനും സഹായകമായതുമായ മററുപാധികൾക്കും സഭ അതീവ പ്രാധാന്യം നല്കുകയും അവയിൽ തൻെറ അരൂപിയെ സന്നിവേശിപ്പിച്ച് അവയെ മഹത്വീകരിക്കുന്നതിനാഗ്രഹിക്കുകയും ചെയ്യുന്നു" (n.5). ഈ ഉപാധികളിൽ സൂനഹദോസ് പ്രത്യേകം എടുത്തുപറയുന്നവ ആശയവിനിമയോപാധികൾ, കായികവും മാനസികവുമായ വികാസത്തിനുവേണ്ടി നടത്തപ്പെടുന്ന സംഘടനകൾ, യുവജനസംഘടനകൾ തുടങ്ങിയവയും സർവോപരി വിദ്യാലയങ്ങളുമാണ്. വിദ്യയും വിദ്യാലയവുംതമ്മിൽ അഭേദ്യബന്ധമുള്ളതിനാൽ വിദ്യാലയങ്ങളെ സ്സംബന്ധിച്ച സഭയുടെ നിലപാടാണു അടുത്ത ഖണ്ഡികയിലെ മുഖ്യ പ്രതിപാദ്യം.

www.malankaralibrary.com

# 5. വിദ്യാലയങ്ങൾ

"വിദ്യാഭ്യാസപ്രചരണോപാധികളിൽ സ്കൂളുകൾക്കു പ്രത്യേക പ്രാധാന്യമുണ്ട്"(ന.5). ആ പ്രാധാന്യത്തിന്റെ സ്വഭാവമെന്തെന്നു കാണാൻ കൗൺസിലിനോടൊത്തു നമുക്കും ശ്രമിക്കാം.

നാലഞ്ചുവർഷം പ്രായമാകുന്നതോടെ മക്കളെ സ്കൂളുകളിലേയ്ക്കു പറഞ്ഞയയ്ക്കുകയാണല്ലോ മാതാപിതാക്കൾ ചെയ്യുക. അങ്ങനെ അയച്ചുകൊള്ളണമെന്നതു മിക്ക രാഷ്ട്രങ്ങളിലും നിർബ്ബന്ധനിയമമാണ്. അതിനു പ്രധാന കാരണം രാജ്യത്തിന്റെ പ്രജകൾക്കു പൊതുനന്മ നിർബന്ധിക്കുന്നിടത്തോളവും ലോകക്ഷേമമാവശ്യപ്പെടുന്നതനുസരിച്ചും ഭൗതികവിഷയങ്ങളിൽ വിജ്ഞാനമുണ്ടായിരിക്കണമെന്നതാണ്. യാന്ത്രികയുഗത്തിന്റെ പുരോഗതിക്കു ശാസ്ത്രജ്ഞാനം അനിർവാര്യമാണ്. അതിനാൽ, തദനുസൃതമായ ഭൗതികവിജ്ഞാനം ജനതയ്ക്കു ലഭ്യമാകുവാൻ രാഷ്ട്രം പരിശ്രമിക്കുന്നു. അതിനു രാഷ്ട്രം സ്വീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതുമായ മാർഗ്ഗം, സ്കൂളുകളിലൂടെയുള്ള ബോധനസമ്പ്രദായവും.

എന്നാൽ, വിദ്യാഭ്യാസത്തിന്റെ പൂർണ്ണതയ്ക്കു ബോധനത്തെക്കാൾ മൗലികവും പ്രാധാന്യമർഹിക്കുന്നതുമായ മറെറാരു ഘടകംകൂടിയുണ്ട്: ശിക്ഷണം. ഈ രണ്ടു ഘടകങ്ങളും ഒരുമിച്ചു സമ്മേളിക്കാത്ത വിദ്യാഭ്യാസസമ്പ്രദായം ഏകപക്ഷീയവും അപകടകാരിയുമാണ്. മനുഷ്യൻ ശരീരവും ആത്മാവും ചേർന്നതായിരിക്കുന്നതുപോലെ പൂർണ്ണവിദ്യാഭ്യാസം ബോധനവും ശിക്ഷണവും ഒപ്പം സമ്മേളിക്കുന്നതായിരിക്കണം. മനുഷ്യന്റെ ഭൗതികജീവനും ആധ്യാത്മികജീവനും ഒരുമിച്ചു പുരോഗമിക്കുവാൻ അതാവശ്യമാണ്. അധ്യാപകരും വിദ്യാർത്ഥികളും പാഠ്യപദ്ധതിയും

www.malankaralibrary.com

സമ്മേളിക്കുന്ന വിദ്യാലയത്തിൽ നടക്കേണ്ടതു് ഇത്തരമൊരു പൂർണ്ണവിദ്യാഭ്യാസമാണു്. 'ബൗദ്ധികശക്തികളുടെ വികാസത്തോടൊപ്പം ജീവിതനിരീക്ഷണത്തിനും' ധാർമ്മികമായ ജീവിതാദ്ധ്യയോധനത്തിനും വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്ന വിദ്യാഭ്യാസം.

കുട്ടികളെ എഴുത്തും വായനയും കണക്കുകൂട്ടലുംമാത്രം പഠിപ്പിക്കാനുള്ളതോ പരീക്ഷയിൽ മുപ്പത്തഞ്ചുമാർക്കു വാങ്ങിക്കാൻ പ്രാപ്തരാക്കുന്നതോ ആയ ഒരു പ്രലോഭനകേന്ദ്രമായിമാത്രം വിദ്യാലയത്തെ കണക്കാക്കരുതു്. വിദ്യാലയത്തിൻെറ മൂല്യങ്ങളേയും അതിൻെറ പാവനതയേയും വേണ്ടതുപോലെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. കടന്നുപോയ തലമുറകളുടെ സാംസ്കാരികപാരമ്പര്യം പുത്തൻതലമുറയ്ക്കു പകർന്നുകൊടുക്കേണ്ടതും മാനുഷികമൂല്യങ്ങളെ പരിപോഷിപ്പിക്കുന്നതിനു് അവരെ പരിശീലിപ്പിക്കേണ്ടതും വിദ്യാലയത്തിൽവച്ചാണു്. ഏതെങ്കിലുമൊരു ജീവിതവൃത്തിക്കുവേണ്ടി വളരുന്ന തലമുറയ്ക്കു തയ്യാറാകാനുള്ള പരിശീലനക്കളരിയുമാണതു്. ചുരുക്കത്തിൽ, ജീവിതത്തിൻെറ മുഴുവൻ വികാസത്തിനും പൂർണ്ണതയ്ക്കുമാവശ്യമായവ ഉൾക്കൊള്ളുന്നതിനു പര്യാപ്തമായിരിക്കണം വിദ്യാലയാന്തരീക്ഷം.

വിദ്യാലയം ഒരു സമ്മേളനരംഗമാണു്. വിവിധതരം കഴിവുകളും സംസ്കാരപാരമ്പര്യങ്ങളുമുൾക്കൊള്ളുന്ന നിരവധി വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അവിടെ സമ്മേളിക്കുന്നു. അവരുടെയിടയിൽ സുഹൃദ്ബന്ധവും പരസ്പരധാരണയും കൈവളർത്തുന്നതിനും വിദ്യാലയത്തിനു കഴിയണം. കുടുംബങ്ങളും അധ്യാപകരും വിവിധസംഘടനകളും പോരാ, രാഷ്ട്രവും മനുഷ്യസമുദായം മുഴുവനും ഒന്നുചേർന്നു സാംസ്കാരികവും സാമൂഹികവും മതാത്മകവുമായ ജീവിതവികാസത്തിനുവേണ്ടി അക്ഷീണയത്നം ചെയ്യുന്ന പുരോഗതിയുടെ

www.malankaralibrary.com

ശ്രീകോവിലും സഹകരണകേന്ദ്രവുമായിരിക്കണം വിദ്യാലയം (n.5).

**അധ്യാപകർ:**

ഈ ശ്രീകോവിലിലെ മണിവിളക്കുകളായി പ്രശോഭിക്കേണ്ടവരാണ് അധ്യാപകർ. "സുന്ദരവും അതിപ്രധാനവുമാണവരുടെ വിളി." കൗൺസിൽ അധ്യാപകവൃത്തിയെ വിശേഷിപ്പിക്കുന്നതങ്ങനെയാണ്. "സുന്ദരമായ" ഈ വിളി സ്വീകരിക്കുന്നവരുടെ ഔന്നത്യത്തിൻെറ പ്രാധാന്യമോ? 'മാതാപിതാക്കളെ അവരുടെ കത്തവ്യനിവ്വഹണത്തിൽ സഹായിക്കുക; മനുഷ്യസമുദായത്തിനു പ്രതിനിധികളായി വത്തിക്കുക.' വിശദീകരണമർഹിക്കുന്ന വാക്കുകളാണിവ. അധ്യാപകൻ മാതാപിതാക്കന്മാരുടെ കേവലമൊരു ദൗത്യവാഹകനോ രാഷ്ട്രം നിയമിക്കുന്നൊരു തൊഴിലാളി മാത്രമോ ആയിരിക്കണമെന്നല്ല; ആവുകയുമരുത്. സഭയ്ക്കു മുഴുവൻ പ്രാതിനിധ്യം വഹിക്കുകയോ പ്രത്യേകമൊരു സാമുദായികസംഘടനയുടേയോ സാംസ്കാരികവിഭാഗത്തിൻേറയോ ഏജൻസി പിടിക്കുകയോ അല്ല അധ്യാപകൻെറ കത്തവ്യം. സമുദായത്തിൻെറ മുഴുവൻ നാമത്തിൽ സമൂഹത്തിൻെറ സാംസ്കാരികസ്തംഭമായുയർന്നുനില്ക്കുകയും അധ്യാപകൻെറ കടമയല്ല. എങ്കിലും ഇവയെല്ലാം അധ്യാപകൻ ചെയ്യേണ്ടതാണ്; ഒരു പരിധിവരെ ചെയ്യുകയും വേണം. ചുരുക്കത്തിൽ ലോകത്തിനുമുഴുവൻ പ്രാതിനിധ്യം വഹിക്കുന്നതോടൊപ്പം തൻേറതായൊരു വ്യക്തിത്വം ഉയർത്തിപ്പിടിക്കേണ്ടവനുമാണധ്യാപകൻ. നിസ്വാത്ഥസേവനമായിരിക്കണം അദ്ദേഹത്തിൻെറ പ്രവത്തനലക്ഷ്യം.

ഉന്നതമായൊരു വ്യക്തിത്വം പാലിക്കുവാൻ അധ്യാപകക്കു കഴിയണമെങ്കിൽ അവശ്യം ചില യോഗ്യതകൾ അവ

www.malankaralibrary.com

ക്കണ്ടായിരിക്കണം. "ഹൃദയമനസ്സുകളുടെ പ്രത്യേകഗുണവിശേഷങ്ങൾ, വളരെ ശ്രദ്ധാപൂർവ്വമായൊരു പരിശീലനം, ഇതിനും പുറമേ, കാലത്തിനൊത്തു പുരോഗമിക്കാനും നന്മ ഉൾക്കൊള്ളാനുമുള്ള അനുസ്യൂതമായ അഭിവാഞ്ഛ". (n.5). ഇതൊക്കെയവർക്കുണ്ടായേ പററൂ. സങ്കുചിതമായ രാഷ്ട്രീയവും വർഗ്ഗീയ ചിന്താഗതിയുമൊന്നും വിദ്യാർത്ഥികൾക്കു വിളമ്പിക്കൊടുക്കരുതവർ. ഉത്തമരായ അധ്യാപകരെ വാർത്തെടുക്കുവാൻ സമുദായത്തിനുള്ള പ്രത്യേകകടമയേയും ഉത്തരവാദിത്വത്തെയും അനുസ്മരിപ്പിക്കുന്നുണ്ടു കൗൺസിൽ (n.6,iii).

സുന്ദരവും സുപ്രധാനവുമായ ഈ അധ്യാപകാന്തസ്സിലേക്കു പ്രവേശിക്കുന്നവരിൽപ്പലരും നിർഭാഗ്യവശാൽ, കൗൺസിൽ വിവക്ഷിക്കുന്നതോ മനുഷ്യസമുദായം അവരിൽനിന്നു പ്രതീക്ഷിക്കുന്നതോ ആയ സേവനങ്ങളനുഷ്ഠിക്കുവാൻ പര്യാപ്തരല്ലതന്നെ. ഇതിനു കുററക്കാർ അധ്യാപനവൃത്തി സ്വീകരിക്കുന്നവർ മാത്രമാണെന്നു വിവക്ഷയില്ല. ഉത്തമാധ്യാപകരെ രൂപീകരിക്കാൻ സഹായവും സാഹചര്യങ്ങളും സൃഷ്ടിക്കേണ്ട സമുദായവും രാഷ്ട്രവും, അധ്യാപകനിയമനത്തിൽ നിഷ്കർഷപ്രദർശിപ്പിക്കാൻ കടപ്പെട്ട മാനേജുമെൻറുമൊക്കെ ഈ കുററത്തിൽ പങ്കാളികളാണ്. നമ്മുടെ നാട്ടിലെ ദാരിദ്ര്യവും നീക്കുപോക്കില്ലാത്ത [തൊഴിൽപ്രശ്നവുമൊക്കെ ഉദരസേവനത്തിനുവേണ്ടി അധ്യാപകവൃത്തിയിലേപ്പെടുവാൻ ഒട്ടനവധി യുവജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്. തട്ടിമുട്ടി സ്കൂൾഫൈനലും കിടപ്പാടം പണയംവച്ച് അധ്യാപകപരിശീലനവും പാസ്സായിക്കഴിഞ്ഞാൽ എങ്ങനെയെങ്കിലും സ്കൂളിലൊരു സീററു ബുക്കുചെയ്യാനായി അടുത്ത ശ്രമം. അഞ്ഞൂറോ ആയിരമോ കോഴകൊടുക്കേണ്ടിവന്നാൽ, പണയംവച്ചും തീറെഴുതിക്കൊടുത്തെങ്കിലും കാര്യംനേടാൻ മാതാപിതാക്കന്മാർ മടിക്കാറില്ല. ശമ്പളംകിട്ടിയാൽ മുടക്കിയതു തിരിച്ചുകിട്ടുമെന്നാണവരുടെ ആശ്വാസം. സ്കൂൾകെട്ടിടത്തി

www.malankaralibrary.com

ൻെറ വികസനക്കാര്യവും ലാബറട്ടറിസൗകര്യത്തിനു സം ഭാവനക്കാര്യവും പറഞ്ഞ്, ഏററമധികം കോഴലഭിക്കുന്നതാരിൽനിന്നോ അവനു നിയമനം നല്കുന്ന മാനേജ്മെൻറിൻെറ ചൂഷണനയവുംകൂടി ഒത്തുചേരുമ്പോൾ വിദ്യാലയം 'സ്രോദരംഭരി'കളുടെ കൂത്തരങ്ങായി മാറും. വിദ്യാർത്ഥികളും മാതാപിതാക്കന്മാരും മനുഷ്യസമുദായമാകമാനവും വഞ്ചിക്കപ്പെടുകയും ചെയ്യും.

അപ്പോൾ, അധ്യാപനജോലിയിൽ പ്രവേശിക്കുന്നവർ യോഗ്യതയുള്ളവരായിരിക്കണം. അറിവും അതോടൊപ്പം ജീവിതവിശുദ്ധിയും നിസ്വാർത്ഥമായ സേവനസന്നദ്ധതയും അവർക്കുണ്ടാവണം. കുട്ടികൾക്കു വിജ്ഞാനത്തോടൊപ്പം സൽസ്വഭാവത്തിനുള്ള ഉത്തേജനവും നല്കുവാൻ അധ്യാപകർക്കു കഴിയണം. അധ്യാപകൻെറ വ്യക്തിത്വത്തിൽനിന്നും മാതൃകാജീവിതത്തിൽനിന്നുമാവണം വിദ്യാർത്ഥികൾ സ്വഭാവരൂപവത്കരണത്തിനുവേണ്ട ആവേശം സ്വീകരിക്കുക. വിദ്യാർത്ഥികളെ ഉത്തമജീവിതത്തിലേക്കു നയിക്കേണ്ടവർ അവർക്കു ദുർമ്മാതൃകയാണു നല്കുന്നതെങ്കിലോ? എങ്കിൽ, ക്രിസ്തുവിൻെറ ശാപവാക്കുകളായിരിക്കും അവരിൽ അന്വർത്ഥമാവുക: "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ചവരുത്തുന്നവൻ ഏവനോ, അവൻെറ കഴുത്തിൽ കഴുതയുടെ തിരികല്ലുകെട്ടി കടലിൽ എറിയപ്പെട്ടിരുന്നെങ്കിൽ അവനു നന്നായിരുന്നു".[1] നമ്മുടെ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ ആരും അങ്ങനെയാവാതിരിക്കട്ടെ!

---

1. മർക്കോസ് 9, 41.

www.malankaralibrary.com

# 6. കത്തോലിക്കവിദ്യാലയങ്ങൾ

സഭയുടെ വിദ്യാഭ്യാസപ്രവർത്തനത്തിൽ മുതിർന്ന പങ്കു വഹിക്കുന്നതു കത്തോലിക്കവിദ്യാലയങ്ങളാണ്. "അധ്യാപനവും സ്കൂളിൻെറ മുഴുവൻ ഭരണവും അധ്യാപകരും പാഠപദ്ധതിയും പാഠപുസ്തകങ്ങളും ക്രൈസ്തവാത്മാവിനാൽ നിറഞ്ഞതും സഭയുടെ മാതൃസഹജമായ മേൽനോട്ടത്താൽ സുരക്ഷിതവുമായ"[2] സ്ഥാപനങ്ങളാണു കത്തോലിക്കവിദ്യായങ്ങളെന്ന പീയൂസ് പതിനൊന്നാമൻെറ നിർവ്വചനംകൊണ്ട് ഇന്നത്തെ കത്തോലിക്കസ്കൂളുകളെ അളക്കുവാൻ കൗൺസിൽ വിമുഖത പ്രദർശിപ്പിച്ചു. കാരണം അത്തരത്തിലൊരു കത്തോലിക്കവിദ്യാലയം ഇന്നു ലോകത്തൊരിടത്തുമില്ലാത്തതുതന്നെ. കത്തോലിക്കവിദ്യാലയങ്ങളുടെ ഉദ്ദേശ്യവും അവയുടെ പ്രത്യേകതയുമെന്തെന്നു ചൂണ്ടിക്കാണിക്കുകയാണു 'പ്രഖ്യാപനം'.

സഭ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതു് സ്വന്തം താത്പര്യങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല; മനുഷ്യസമുദായത്തെമുഴുവനും സേവിക്കുവാൻകൂടിയാണ്. മുൻപു നാം കണ്ടതുപോലെ മതസ്വാതന്ത്ര്യസംരക്ഷണം, സംസ്കാരപാരമ്പര്യപരിപാലനം, മാതാപിതാക്കളുടെ വിദ്യാഭ്യാസാവകാശവിനിയോഗസംരക്ഷണം തുടങ്ങിയവയും സഭയെ വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ നിർബന്ധിക്കുന്നു. മാത്രമല്ല, ആധുനികലോകത്തിൻെറ പ്രത്യേകപരിതോവസ്ഥകൾക്കനുസൃതമായി പ്രേഷിതപ്രവർത്തനം സംഘടിപ്പിക്കുന്നതിലും കത്തോലിക്കവിദ്യാലയങ്ങൾക്കു വലിയ പങ്കുണ്ട്.

"മററു വിദ്യാലയങ്ങൾക്കൊപ്പംതന്നെ കത്തോലിക്ക

1. Divini Illius Magistri.

www.malankaralibrary.com

വിദ്യാലയങ്ങളും സാംസ്കാരികലക്ഷ്യങ്ങൾക്കും യുവജനതയുടെ മാനുഷികശിക്ഷണത്തിനുമായി പരിശ്രമിക്കുന്നു. എന്നാൽ, അവയുടെ പ്രധാനകർത്തവ്യം വിദ്യാർത്ഥിസമൂഹത്തിനു സുവിശേഷാരൂപിയിലധിഷ്ഠിതമായ സ്വാതന്ത്ര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും പ്രത്യേകാന്തരീക്ഷം സംജാതമാക്കുകയും ജ്ഞാനസ്നാനത്താൽ പുനർജ്ജന്മം പ്രാപിച്ചവരായ ഇളംതലമുറയ്ക്ക്, അവർ തങ്ങളുടെ വ്യക്തിത്വത്തിനു രൂപം കൊടുക്കുന്നതോടൊപ്പം തന്നുസൃതം ജീവിക്കാൻവേണ്ട സഹായം നല്കുകയുമാണ്" (n. 8). കത്തോലിക്കാസഭ വിദ്യാലയങ്ങൾ നടത്തുന്നതിന്റെ അതിപ്രധാനമായൊരു ഉദ്ദേശ്യത്തിലേക്കാണു കൗൺസിൽ ഇവിടെ വിരൽചൂണ്ടുക. അതെന്താണെന്നല്ലേ? ക്രൈസ്തവചൈതന്യവും മതബോധവും മുററിനില്ക്കുന്നൊരു അന്തരീക്ഷം സൃഷ്ടിച്ചുകൊടുക്കുക; ആ അന്തരീക്ഷത്തിൽനിന്നുവേണം ബാലികാബാലന്മാർ ആരോഗ്യകരമായ ജീവവായു ശ്വസിച്ചുവളരുക. അങ്ങനെ വിദ്യാർത്ഥികൾ കാലക്രമത്തിൽ ലോകത്തെയും ജീവിതത്തെയും മനുഷ്യനെയുമൊക്കെപ്പററി സമ്പാദിക്കുന്ന അറിവു വിശ്വാസചൈതന്യത്താൽ പൂരിതമാവണമെങ്കിൽ കത്തോലിക്കവിദ്യാലയാന്തരീക്ഷത്തിൽ അവർ വളരണം. പബ്ളിക്കുസ്കൂളിൽനിന്ന് ഇത്തരമൊരു ചൈതന്യം ലഭിക്കുമെന്നു പ്രതീക്ഷിക്കുക വലിയ അബദ്ധമാണ്. വിദ്യാലയങ്ങൾ സ്ഥാപിച്ചുനടത്താൻ സഭ ഔൽസുക്യം പ്രദർശിപ്പിക്കുന്നതിനു കാരണമിതാണ്. തന്നെയുമല്ല, മാനവസംസ്കാരത്തെ മുഴുവനും രക്ഷയുടെ സന്ദേശം സ്വീകരിക്കാൻ തയ്യാറാക്കുകയും സഭയുടെ കർത്തവ്യമല്ലേ? അതിനും നിരന്തരമായ വിദ്യാഭ്യാസപ്രവർത്തനം കൂടിയേ തീരൂ.

ചുരുക്കത്തിൽ, സമകാലീനലോകത്തിന്റെ പരിതോവസ്ഥകളിൽ നിലയുറപ്പിച്ചുകൊണ്ടുതന്നെ, വിദ്യാർത്ഥികളെ ഫലപ്രദമായവിധം ഭൗതികനന്മകളുടെ പുരോഗതിക്കും ത-

www.malankaralibrary.com

ഉപരി 'സ്വർഗ്ഗരാജ്യ'ത്തിന്റെ വിസ്തൃതിക്കുംവേണ്ടി സ്വജീവിതമാതൃകയാലും പ്രേഷിതചൈതന്യത്താലും പരിശ്രമിക്കുവാൻ തയ്യാറാക്കുകയാണു കത്തോലിക്കവിദ്യാലയങ്ങൾക്കു ചെയ്യാനുള്ളതു്. കത്തോലിക്കവിദ്യാലയങ്ങളിൽ അഭ്യസനം നടത്തി പുറത്തിറങ്ങുന്നവർവേണം 'മനുഷ്യസമുദായത്തിന്റെ മുഴുവൻ രക്ഷാകരമായ പുളിമാവായി വർത്തിക്കുക' (ന.8).

എന്നാൽ, കത്തോലിക്ക വിദ്യാലയങ്ങളെക്കൊണ്ടു വിവക്ഷിക്കുന്ന സദുദ്ദേശ്യങ്ങളൊന്നും നിറവേറത്തക്ക സ്ഥിതിവിശേഷങ്ങളല്ല ലോകത്തിലിന്നു നിലനില്ക്കുന്നതെന്നും, മതസ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തേയും സാരമായി നിഷേധിക്കുന്ന പല രാഷ്ട്രങ്ങളിലേയും വിദ്യാഭ്യാസനിയമങ്ങളുടെ വെളിച്ചത്തിൽ, ഇനിയും വമ്പിച്ച തോതിൽ വിദ്യാഭ്യാസപ്രവർത്തനം നടത്തുക സഭയ്ക്കു യുക്തമല്ലെന്നും ഒരു നല്ല വിഭാഗം വിദ്യാഭ്യാസപ്രവർത്തകർ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടു്. വിദ്യാഭ്യാസരംഗത്തു സഭ നടത്തുന്ന വമ്പിച്ച പരിശ്രമങ്ങൾ കൂടുതൽ ആധുനികമായ പ്രേഷിതപ്രവർത്തനരംഗങ്ങളിലേക്കു തിരിച്ചുവിട്ടിരുന്നെങ്കിൽ എന്നാശിക്കുന്നവരും ഇല്ലാതില്ല. ഇതൊക്കെ തെററായ ചിന്താഗതിയാണെന്നാണു കൗൺസിലിന്റെ നിഗമനം. പ്രഖ്യാപനത്തിൽ വ്യക്തമായിപ്പറയുന്നു: "ദൈവജനത്തിന്റെ ദൗത്യനിർവ്വഹണത്തിനും....സഭയുടേയും മനുഷ്യവർഗ്ഗത്തിന്റേയും പരസ്പരസംഭാഷണത്തിന്റെ നിലനില്പിനും സഹായകമെന്ന നിലയ്ക്കു്, നമ്മുടെ ഇന്നത്തെ സാഹചര്യങ്ങളിൽപ്പോലും കത്തോലിക്ക വിദ്യാലയങ്ങൾക്കു അവയുടേതായ പ്രാധാന്യമുണ്ടു്" (ന.8). "അടിച്ച വഴിയേ പോയില്ലെങ്കിൽ പോയവഴിയേ അടിച്ചാൽമതി" എന്ന തത്വം സ്വീകരിക്കുവാൻ നിർവാഹമില്ലെന്നു സാരം. വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനു സഭയ്ക്കു അവകാശം മാത്രമല്ല, ക



www.malankaralibrary.com

ടമയുമുണ്ട്; ആ കടമയിൽനിന്നു ഓടിമറയുക ഭീരുത്വമാണു്. കാലത്തിന്റെ പുരോഗതിക്കൊത്തു വിദ്യാഭ്യാസനിലവാരമുയർത്തിക്കൊണ്ടു് വിദ്യാഭ്യാസരംഗത്തു് മുന്നേറുകയെന്നതുതന്നെയാണ് സഭയുടെ ആഹ്വാനം. അങ്ങനെ മുന്നേറാതിരിക്കുക പലവിധത്തിലുള്ള അപകടങ്ങളേയും രാഷ്ട്രത്തിന്റെ സ്വേച്ഛാപ്രവണതകളേയും പരിപോഷിപ്പിക്കുന്നതിനും മതസ്വാതന്ത്ര്യധ്വംസനത്തിലേക്കു രാഷ്ട്രത്തെ നയിക്കുന്നതിനും തുല്യമായിരിക്കും.

"കത്തോലിക്കവിദ്യാർത്ഥികളെ കഴിയുന്നതും (wherever and whenever it is possible) കത്തോലിക്കസ്കൂളുകളിൽത്തന്നെ അയയ്ക്കുന്നതിനു മാതാപിതാക്കൾക്കുള്ള കടമയേയും, പ്രസ്തുത വിദ്യാലയങ്ങളെ തങ്ങളുടെ കഴിവിന്റെ പരമാവധിയുപയോഗിച്ചു സഹായിച്ചു്, കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ അവയുമായി സഹകരിക്കേണ്ടതിനേയും" പററി പ്രഖ്യാപനത്തിൽ എടുത്തുപറയുന്നുണ്ടു് (n. 8).

മററു മതങ്ങളോടോ അവ നടത്തുന്ന വിദ്യാലയങ്ങളോടോ മതസ്വാതന്ത്ര്യത്തേയും മനുഷ്യസംസ്കാരത്തേയും മാനിക്കുന്ന ഗവണ്മെൻറുകൾ നടത്തുന്ന വിദ്യാലയങ്ങളോടോ ഏതെങ്കിലുംതരത്തിൽ നിഷേധമനോഭാവമോ നീരസമോ ഉണ്ടായിട്ടല്ല കൗൺസിൽ ഇങ്ങനെ പ്രഖ്യാപിക്കുന്നതു്; സഭയുടെ സന്താനങ്ങൾക്കു അവരുടെ ക്രിസ്തീയമായ പുരോഗതിക്കനുസൃതമായ അന്തരീക്ഷവും സാഹചര്യങ്ങളും സൃഷ്ടിച്ചു കൊടുക്കുക സഭയുടെ മാതൃസഹജമായ കടമയായതുകൊണ്ടുമാത്രമാണ്. മതസ്വാതന്ത്ര്യത്തിന്റേയും മതേതരത്വത്തിന്റേയും ആവശ്യവും അതുതന്നെയാണല്ലോ. ഇതരക്രൈസ്തവസഭകളേയും ക്രൈസ്തവേതരമതങ്ങളേയും സംബന്ധിച്ചു

www.malankaralibrary.com

കൗൺസിൽ പാസ്സാക്കിയിട്ടുള്ള രേഖകളുടെ[1] വെളിച്ചത്തിൽ നിസ്സംശയം പറയാൻ സാധിക്കും കത്തോലിക്കവിദ്യാലയാന്തരീക്ഷത്തിൽ ഒരിക്കലും മതവിദ്വേഷത്തിനും വർഗ്ഗീയ ചിന്താഗതിക്കും അല്പംപോലും സ്ഥാനമില്ലെന്ന്. രാജ്യദ്രോഹപരമായ ചിന്താഗതിയെ വളർത്തുകയുമില്ലവിടെ. എന്നുതന്നെയല്ല, ഉത്തമകത്തോലിക്കവിദ്യാലയത്തിൽ നല്കുന്ന ശിക്ഷണം ഇതരമതങ്ങളോടും ആദർശാഭിപ്രായങ്ങളോടും ബഹുമാനവും സഹിഷ്ണുതയും, വസ്തുനിഷ്ഠവും ആരോഗ്യകരവുമായ ധാരണയും പുലർത്തുന്നതിനു സഹായകമായിരിക്കണമെന്നും സഭയ്ക്കു നിർബന്ധമുണ്ട്. ഇതിന്നു വിപരീതമായ വല്ലതും കഴിഞ്ഞകാലത്തു സംഭവിക്കുകയോ ഇന്നും അങ്ങിങ്ങായി നിലനില്ക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനു കാരണം ഖേദകരമായ ചില ചരിത്രസംഭവങ്ങളും സർവ്വോപരി സഭയുടെ യഥാർത്ഥനിലപാടിനെപ്പററി ചില സഭാസന്താനങ്ങൾ മന:പൂർവ്വമായോ അല്ലാതെയോ വച്ചുപുലർത്തുന്ന അജ്ഞതയുമാണ്. ആ അജ്ഞതയെ ആവുന്നത്രവേഗം ഉച്ചാടനംചെയ്യുകയാണാവശ്യം.

എക്യൂമെനിസവും മതസംഭാഷണവും പ്രോത്സാഹിപ്പിക്കുകയെന്നതു കൗൺസിലിൻെറ സമുന്നതലക്ഷ്യങ്ങളാണെന്നുവച്ച്, അതിന് അപകടമതികളായ പിഞ്ചുവിദ്യാർത്ഥികളെ ഉപാധിയാക്കാമെന്നു ധരിക്കുക പിശകാണ്. തന്മൂലം കത്തോലിക്കവിദ്യാർത്ഥികളെ അകത്തോലിക്കവിദ്യാലയങ്ങളിലും ഗവണ്മെൻറുവിദ്യാലയങ്ങളിലും അയയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കണമെന്നു എക്യൂമേനിസത്തിൻേറയും

---

1. ആ രേഖകൾ, സഭൈക്യത്തെക്കുറിച്ചുള്ള ഡിക്രി (Unitatis Redintegratio), പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രി (Orientalium Ecclesiarum), ക്രൈസ്തവേതരമതങ്ങളെപ്പററിയുള്ള പ്രഖ്യാപനം (Nostra Aetate) എന്നിവയാണ്.

www.malankaralibrary.com

ഡയലോഗിന്റെയും പേരുപറഞ്ഞു വാദിക്കുന്നവർ സഭയുടെ പിന്തുണ ലഭിക്കുകയില്ലതന്നെ. കോളേജുകളിലും കലാലയങ്ങളിലും പഠിക്കുന്ന കത്തോലിക്കവിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ വളരെ ചെയ്യാൻ സാധിക്കും. അവർ ചെയ്യുകയും വേണം. കൗൺസിൽ പ്രത്യേകം പറയുന്നുണ്ടക്കാര്യം. പക്ഷേ താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ അക്കാര്യത്തിനുവേണ്ടി അമ്മാനമാടുക അപകടകരമാണ്. 'ഉള്ളവനേ കൊടുക്കാൻപററൂ. ഇല്ലാത്തവൻ സമ്പാദിക്കാൻ ശ്രമിക്കണം'. കുട്ടികളുടെ നിലയും ഇതുതന്നെ. എക്യുമേനിസത്തേയും ഡയലോഗിന്റേയും ക്രൈസ്തവസാക്ഷ്യത്തേയുമൊക്കെസ്സംബന്ധിച്ചു പഠിക്കാനും അവ പ്രായോഗികമാകത്തക്കവിധം സ്വന്തം ജീവിതത്തെ ക്രമീകരിക്കാനും കത്തോലിക്കവിദ്യാലയങ്ങളിൽവച്ചു പഠിച്ചിട്ടുവേണം അവർ പുറത്തിറങ്ങുക. 'നിലത്തുനിന്നിട്ടു വേണ്ടേ അഭ്യാസം കാണിക്കാൻ? പുരോഗതിയുടേയും വിശാലമനസ്കതയുടേയും പേരു പറഞ്ഞു വിവേകരാഹിത്യം കാണിക്കാതിരിക്കാൻ നമുക്കു ശ്രമിക്കാം.

ധനപരവും ആൾപരവുമായ പരിമിതികളെപ്പരിഗണിച്ച്, സഭ കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനെ ചർച്ചയുടെ തുടക്കത്തിൽ ഏറെക്കുറെ ന്യായ്യമായെതിർത്ത കൗൺസിൽപിതാക്കന്മാർപോലും അവസാനം അവരുടെ നിലപാടിനെ തിരുത്തുകയാണുണ്ടായത്. സഭയുടെ വിദ്യാഭ്യാസപ്രവർത്തനം സർവ്വമനുഷ്യർക്കുംവേണ്ടിയുള്ള ഒരു സേവനമാണെന്നും അക്രൈസ്തവരടക്കമുള്ള മാതാപിതാക്കന്മാർക്ക് ഈ സേവനത്തെപ്പററി നല്ല മതിപ്പാണുള്ളതെന്നും അനുസ്മരിക്കേണ്ടതാണ്. മതവിരുദ്ധശക്തികൾ എത്രതന്നെ എതിർത്താലും വിദ്യാഭ്യാസരംഗത്തെ സേവനമവസാനിപ്പിക്കുക സഭയ്ക്കു യുക്തമല്ല; അങ്ങനെ ചെയ്യുകയുമില്ല.

ഇങ്ങനെയെല്ലാമാണെങ്കിലും വിദ്യാഭ്യാസരംഗത്തെ സ

www.malankaralibrary.com

ടയുടെ സേവനം 'മേന്മയിൽ' മററു വിദ്യാലയങ്ങളെ അതിലംഘിക്കുന്നില്ലെങ്കിൽ പറയത്തക്ക മെച്ചമൊന്നുമുണ്ടാകാൻ പോകുന്നില്ല. അതിനാൽ കത്തോലിക്കവിദ്യാലയങ്ങളെ അവയുടെ നിശ്ചിതലക്ഷ്യങ്ങൾക്കനുസൃതമായി പുരോഗമിപ്പിക്കുവാൻ എല്ലാവർക്കും പ്രത്യേകിച്ചു്, കത്തോലിക്കസ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർക്കുമുള്ള കടമയെപ്പററി ക്രിസ്തീയവിദ്യാഭ്യാസപ്രഖ്യാപനം കാര്യമായിപ്പരാമർശിക്കുന്നുണ്ടു്.

## കത്തോലിക്ക അധ്യാപകർ

"കത്തോലിക്കവിദ്യാലയത്തിൻെറ ലക്ഷ്യങ്ങളുടേയും പരിപാടികളുടേയും വിജയം ഒട്ടുമുക്കാലും കത്തോലിക്ക അധ്യാപകരെ ആശ്രയിച്ചിരിക്കുന്നുവെന്നു് അവർ മനസ്സിലാക്കട്ടെ. ഭൗതികവും മതപരവുമായ വിഷയങ്ങളിൽ വേണ്ടത്ര അറിവും പ്രാവീണ്യവും നേടുന്നതിനും സമകാലികലോകത്തിൻെറ സംഭാവനകൾക്കനുസൃതമായി അധ്യാപനകലയിൽ പുരോഗതി സമ്പാദിക്കുന്നതിനുമുതകുന്നവിധത്തിൽ അവർ സൂക്ഷ്മതാപൂർവ്വം തയ്യാറാവണം. തമ്മിൽത്തമ്മിലും വിദ്യാർത്ഥികളുമായും അടുത്തുബന്ധപ്പെട്ടും പ്രേഷിതചൈതന്യത്താൽ നിറഞ്ഞും, അധ്യാപകർ തങ്ങളുടെ ജീവിതത്തിലും പ്രബോധനത്തിലും ക്രിസ്തുവാകുന്ന ഏകാധ്യാപകനു സാക്ഷ്യംവഹിക്കട്ടെ" (n. 8). ഏതധ്യാപകനും വേണ്ടുവോളം ചിന്തിക്കുന്നതിനു വകനല്കുന്നുണ്ടീ വാക്യങ്ങൾ. കത്തോലിക്കവിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന വൈദികന്മാരും കന്യാസ്ത്രീകളും അല്മായരുമായ അധ്യാപകർ വേണ്ടത്ര പോലെ ചിന്തിച്ചു പ്രവർത്തിക്കുവാൻ അവ പ്രേരകമാവാതിരിക്കയില്ല.

www.malankaralibrary.com

അദ്ധ്യാപകരുടെ പ്രധാനജോലി വിദ്യാർത്ഥികൾക്ക വിജ്ഞാനം നല്കുകയാണ്. കത്തോലിക്ക അദ്ധ്യാപകരെപ്പറ്റിയുള്ള പരിചിന്തനത്തോടനുബന്ധിച്ച്, അവർ വിദ്യാർത്ഥികൾക്ക നല്കാൻ കടപ്പെട്ട പ്രത്യേകവിധമായ ഒരു ശിക്ഷണത്തെപ്പററി പരാമർശമുണ്ട്. "വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും മാതാപിതാക്കളോടൊപ്പം അദ്ധ്യാപകരും സഹകരിച്ചു പ്രവർത്തിക്കുകയും അദ്ധ്യേതാക്കളുടെ ലിംഗവ്യത്യാസത്തിനും അതതുവർഗ്ഗത്തിനു ദൈവപരിപാലന കുടുംബത്തിലും സമുദായത്തിലും നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേകലക്ഷ്യങ്ങൾക്കും അവയർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയും വേണം" (n.8). മക്കൾക്ക പ്രായത്തിനനുസൃതമായ ലൈംഗികജ്ഞാനം നല്കുക പ്രഥമമായും മാതാപിതാക്കളുടെ കർത്തവ്യമാണ്. എന്നാൽ അദ്ധ്യാപകർക്കും അക്കാര്യത്തിൽ വളരെച്ചെയ്യാനുണ്ട്. യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടോ പ്രായോഗികരംഗത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പരസ്പരവ്യത്യാസത്തെ കണക്കിലെടുക്കാതെകൊണ്ടോ ഉള്ള വിദ്യാഭ്യാസരീതി ആശാസ്യമല്ല. സഹവിദ്യാഭ്യാസം നിർബന്ധിതമായി നിർമ്മാർജ്ജനം ചെയ്യണമെന്നോ നിരുത്സാഹപ്പെടുത്തണമെന്നോ അല്ല കൗൺസിൽ ആവശ്യപ്പെടുന്നതു്. ഈ വിഷയത്തെപ്പരാമർശിച്ചു പീയൂസ് പതിനൊന്നാമൻ 1929–ലും,[1] സന്യാസസഭകളുടെ തിരുസ്സംഘം 1957–ലും[2] പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കാ

---

1 Pius XI, *Divini Illius Magistri*, Dec. 31, 1929, A.A.S. 22 (1930) pp 49-66.

2. *Instruction on Coeducation*, Dec 8. 1957. സഹവിദ്യാഭ്യാസം ഒരു പ്രശ്നമാവുക ഹൈസ്കൂളുകളിലും കോളേജുകളിലുമാണ്. അവിടെ അതനുവദിക്കുക പലപ്പോഴും രണ്ടു തിന്മകളിൽ ചെറുതു തെരഞ്ഞെടുക്കുന്നതുപോലെയാണെന്നാണു നിർദ്ദേശത്തിന്റെ താത്പര്യം. Cfr. for a full commentary on the Text, Basil Frison C. M. F. *Coeducation in Catholic Schools*, 1959.

www.malankaralibrary.com

ലികമായ പുരോഗമനവീക്ഷണത്തോടെ സ്വീകരിക്കണമെന്നല്ലാതെ, അവയ്ക്കു കണക്കിൽക്കവിഞ്ഞ പ്രാധാന്യംകൊടുക്കണമെന്ന കൗൺസിലിനു താല്പര്യമില്ല.

മാത്രമല്ല, സഹവിദ്യാഭ്യാസ (Coeducation)ത്തെ ശപിച്ചുതള്ളുക മിക്ക രാഷ്ട്രങ്ങളിലേയും പ്രത്യേകിച്ച്, അമേരിക്കൻ ഐക്യനാടുകളിലേയും നിലവിലിരിക്കുന്ന വിദ്യാഭ്യാസരീതിയെ 'മഹാറോൻ'ചൊല്ലുകയായിരിക്കും. മനഃശാസ്ത്രപരമായ ചില നിഗമനങ്ങളും ആധുനികവിദ്യാഭ്യാസസമ്പ്രദായങ്ങളും 'സഹവിദ്യാഭ്യാസ'ത്തെ പ്രോത്സാഹിപ്പിക്കുന്നതരത്തിലാണു്.

ലിംഗവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാഭ്യാസവീക്ഷണത്തിൽ മാതാപിതാക്കന്മാരുടേയും അധ്യാപകരുടേയും അടിയന്തിരശ്രദ്ധ പതിയേണ്ടതു സഹവിദ്യാഭ്യാസമവസാനിപ്പിക്കുന്നതിലല്ല; കൗൺസിൽ വ്യക്തമായി പ്രഖ്യാപിക്കുന്നതുപോലെ, "പ്രായത്തിനനുസൃതമായി ബാലികാബാലന്മാർക്കു നിയതവും (positive) വിവേകപൂർണ്ണവുമായവിധം ലൈംഗികജ്ഞാനം പകർന്നുകൊടുക്കുന്നതിലാണു്"(n.1). പ്രകൃതിവാദം (naturalism) എന്ന അബദ്ധസിദ്ധാന്തത്തിന്റെ ദൂഷ്യവശങ്ങളെക്കണക്കിലെടുത്തുകൊണ്ടു്, 'യുവജനതയുടെ ക്രിസ്തീയവിദ്യാഭ്യാസം' എന്ന വിശ്വവിഖ്യാതമായ ചാക്രികലേഖനത്തിൽ പീയൂസ് പതിനൊന്നാമൻ 'ലൈംഗികവിജ്ഞാനം' നല്കുന്നതിനെസ്സംബന്ധിച്ച് എഴുതിയതിൽനിന്നു സാരാംശത്തിൽ ഒരു വാക്കുമാത്രമേ രണ്ടാം വത്തിക്കാൻകൗൺസിൽ വ്യത്യാസം വരുത്തിയിട്ടുള്ളൂ. അന്നു മാർപ്പാപ്പാ എഴുതിയതു്, "അതിലോലമായ ഈ വിഷയത്തിൽ, സകല സാഹചര്യങ്ങളും പരിഗണിച്ചശേഷവും, എന്തെങ്കിലും രഹസ്യനിർദ്ദേശങ്ങൾ നല്കേണ്ടതാവശ്യമാണെന്നു ബോധ്യപ്പെട്ടാൽ, പഠിപ്പിക്കുന്നതിനു ദൈവത്താൽ അധികാരപ്പെടുത്തപ്പെട്ടവരും അന്തസ്സിന

www.malankaralibrary.com

ടുത്ത ദൈവാനുഗ്രഹമുള്ളവരുംമാത്രം, സർവ്വവിധ മുൻകരുതലോടുംകൂടെ അങ്ങനെ ചെയ്യേണ്ടതാണ്" എന്നായിരുന്നു. ഇന്നാകട്ടെ, കൗൺസിൽ വ്യക്തമായിപ്പറയുന്ന ആ സാഹചര്യങ്ങൾ സർവ്വത്ര സാധാരണങ്ങളും തന്മൂലം 'ലിംഗവിജ്ഞാനം' നല്കുക ഒരു നിയതമായ ആവശ്യവുമാണെന്ന്.

പ്രസാദവരത്തിന്റെ പ്രവർത്തനത്തെയും ജന്മപാപഫലമായി മനുഷ്യനുള്ള സ്വാഭാവികബലഹീനതകളേയും പാപത്തിലേക്കുള്ള ചാച്ചിലിനേയും നിഷേധിച്ച പ്രകൃതിവാദം ലൈംഗികകാര്യങ്ങളെ സംബന്ധിച്ച് കുട്ടികളുടെമേൽ യാതൊരുവിധ നിയന്ത്രണവുമേർപ്പെടുത്തേണ്ടതില്ലെന്നും യഥേഷ്ടം വിഹരിക്കുവാൻ അവരെ അനുവദിച്ചാൽ മതിയെന്നും വരെ സിദ്ധാന്തിച്ചപ്പോഴാണു പീയൂസ് പതിനൊന്നാമൻ അതിനെതിരെ ശബ്ദമുയർത്തിയത്. ഇന്നാകട്ടെ, അസഭ്യമായ കൂട്ടുകെട്ടുകളും അശ്ലീലഗ്രന്ഥങ്ങളുടെ പാരായണവും സന്മാർഗ്ഗദീക്ഷയില്ലാത്ത ചലച്ചിത്രദർശനവുംവഴി വിദ്യാർത്ഥികൾ തെററായവിധം ലൈംഗികവിജ്ഞാനം സമ്പാദിക്കുകയും അധഃപതനത്തിന്റെ മാർഗ്ഗത്തിലൂടെ ത്വരിതഗമനം ചെയ്യുകയുമാണു്. ശോചനീയമായ ഈ അവസ്ഥയിൽനിന്നു വളരുന്ന തലമുറയെ രക്ഷിക്കുവാൻ അവർക്കു പ്രായത്തിനും മനസികവികാസത്തിനുമനുരൂപമായ ലൈംഗികവിജ്ഞാനം ആരോഗ്യകരമായവിധത്തിൽ പകർന്നുകൊടുക്കുകയാണാവശ്യം. കൗൺസിൽ അധ്യാപകരോടും മാതാപിതാക്കന്മാരോടും ഉപദേശിക്കുന്നതതാണു്.

ഈ വിഷയത്തിൽമാത്രമല്ല, മററെല്ലാവിധത്തിലും വിദ്യാർത്ഥികളെ സ്വയംപര്യാപ്തരും ജീവിതനിരീക്ഷണപടുക്കളുമാക്കുക, അതിനുവേണ്ടി കഴിവതു ശ്രമിക്കുക—അധ്യാപകർക്കു പൊതുവേയും കത്തോലിക്ക അധ്യാപകർക്കു പ്രത്യേകമായും കൗൺസിൽ നല്കുന്ന നിർദ്ദേശങ്ങളാണിവ. പാഠനം തിരുത്തി പുറത്തിറങ്ങിക്കഴിഞ്ഞ വിദ്യാർത്ഥികൾക്കും നിർദ്ദേ

www.malankaralibrary.com

ങ്ങളും സഹായങ്ങളും നല്കുവാനും സഭയുടെ ശരിയായ ചൈതന്യമുൾക്കൊള്ളുന്ന സംഘടനകൾവഴി അവരുമായി സൗഹൃദബന്ധം പുലർത്തുവാനും സഭ അധ്യാപകരെ ഉദ്ബോധിപ്പിക്കുന്നുണ്ടു്.

അധ്യാപകർ ചെയ്യുന്ന മഹത്തായ സേവനത്തെ അംഗീകരിക്കുന്നതിനും അവരോടു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും കൗൺസിൽ മറന്നിട്ടില്ല. അധ്യാപകർ—അവരുടെ "സേവനം നിഷ്കൃഷ്ടാർത്ഥത്തിൽത്തന്നെ ഒന്നാംതരം പ്രേഷിതപ്രവർത്തനമാണു്. കാലത്തിനും ആവശ്യത്തിനുമനുസൃതമായ, സാമൂഹ്യസേവനോന്മുഖമായ യഥാർത്ഥ പ്രേഷിതവേല" എന്നാണു കൗൺസിൽ അതെപ്പററിപ്പറയുന്നതു് (ന. 8). കൗൺസിലിന്റെ ഈ പ്രശംസാവചസ്സുകൾക്കനുസൃതമായി അധ്യാപകവൃത്തിയെ ഒരു സേവനമായി കണക്കാക്കുവാൻ അധ്യാപകർ ഒന്നടങ്കം തയ്യാറായിരുന്നെങ്കിൽ! പ്രഖ്യാപനത്തിന്റെ അവസാന ഖണ്ഡികയിലും വിദ്യാപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന വൈദികന്മാർ, കന്യാസ്ത്രീകൾ, അല്മായർ എന്നിവരോടു സുനഹദോസിനുള്ള അതീവമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നുണ്ടു്. 'സുവിശേഷാത്മകമായ തീക്ഷ്ണതയോടെ വിദ്യാഭ്യാസപ്രവർത്തനത്തിലും വിവിധതരം വിദ്യാസ്ഥാപനങ്ങളുടെ നടത്തിപ്പിലും വ്യാപൃതരായിക്കഴിയുന്ന' ഇവരോടൊക്കെ കൃതജ്ഞത പ്രകാശിപ്പിക്കുകമാത്രമല്ല, ശുഭാപ്തിവിശ്വാസത്തോടെ അതിലുറച്ചുനില്ക്കണമെന്നുദ്ബോധിപ്പിക്കുകയും ചെയ്യുന്നുണ്ടു കൗൺസിൽ.

കത്തോലിക്ക അധ്യാപകർ തങ്ങളുടെ മഹത്തായ സേവനത്താൽ വിദ്യാർത്ഥികളെ ക്രിസ്തുവിന്റെ ചൈതന്യത്തിൽ ഉദ്ദീപിപ്പിച്ചുകൊണ്ടും, അധ്യാപനകലയിലും വിജ്ഞാനതീക്ഷ്ണതയിലും ശ്രേഷ്ഠകാന്തി പ്രദർശിപ്പിച്ചുകൊണ്ടും സഭയുടെ ആന്തരികനവീകരണത്തിനും സഭയ്ക്കു ലോകത്തിൽ

www.malankaralibrary.com

പൊതുവെയും ഭൗതികമണ്ഡലത്തിൽ പ്രത്യേകമായുമുള്ള സ്വാധീനശക്തിക്കുററം നല്ലണമെന്നും കൗൺസിൽ അഭ്യർത്ഥിക്കുന്നു. വിദ്യാഭ്യാസപ്രവർത്തനത്തിൻെറ അതീവ പ്രാധാന്യം മനസ്സിലാക്കി, അധ്യാപകവൃത്തി സ്വീകരിക്കുന്നതിനു നന്നായിട്ടൊരുങ്ങുവാനും അധ്യാപകദൗർലഭ്യമുള്ളിടത്തു ചുറുചുറുക്കോടെ സേവനമനുഷ്ഠിക്കുവാൻ മുന്നോട്ടിറങ്ങുവാനും യുവജനതയെ കൗൺസിൽ ക്ഷണിക്കുകയും ചെയ്യുന്നു (cf. conclusion). കൗൺസിലിൻെറ നിർദ്ദേശങ്ങളും ആഹ്വാനങ്ങളും പരിശുദ്ധാത്മാവിൻേറതുതന്നെയാണെന്നു മനസ്സിലാക്കി, അതനുസരിച്ചു പ്രവർത്തിക്കുവാൻ കത്തോലിക്കാ യുവജനം മുമ്പോട്ടിറങ്ങട്ടെ.

# 7 പ്രത്യേകവിദ്യാഭ്യാസം

സഭയുടെ വിദ്യാഭ്യാസപ്രവർത്തനത്തിൻെറ സുപ്രധാനമായ മറെറാരുരംഗത്തേക്കാണ് അടുത്തതായി കൗൺസിൽ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുക. പ്രൈമറിസ്കൂളുകളും സെക്കൻററി സ്കൂളുകളും സ്ഥാപിച്ചു നടത്തുന്നതോടൊപ്പം, കാലത്തിൻെറ ആവശ്യങ്ങളെ പരിഗണിച്ചു ചില പ്രത്യേക വിദ്യാഭ്യാസപദ്ധതികൾക്കും സഭ പ്രാധാന്യവും പ്രോത്സാഹനവും നല്കണം. തൊഴിലടിസ്ഥാനത്തിൽ നടത്തുന്ന പരിശീലനകേന്ദ്രങ്ങൾ, ആശ്രയരഹിതവിദ്യാസങ്കേതങ്ങൾ, മതാധ്യാപകപരിശീലനകേന്ദ്രങ്ങൾ തുടങ്ങിയവയാണു സൂനഹദോസു പ്രത്യേകിച്ചെടുത്തു പറയുന്നത്. സാധാരണ വിദ്യാഭ്യാസപദ്ധതിക്കൊപ്പംനില്ക്കുന്ന പ്രാധാന്യം ഇവയ്ക്കു നല്കണമെന്നു കൗൺസിൽ വിവക്ഷിക്കുന്നില്ല. എങ്കിലും അവയെ അവഗണിക്കുക സഭയുടെ സേവനാദർശത്തിനു വിരുദ്ധമാണ്. ദരിദ്രരും, ആലംബഹീനരുമായവർക്കു പ്ര

www.malankaralibrary.com

ത്യേകം പരിഗണന നല്കത്തക്കരീതിയിലാണ് ഇത്തരം സ്ഥാപനങ്ങൾ നടത്തേണ്ടതെന്നതിൽ സംശയത്തിനവകാശമില്ല. വൈദികന്മാരേയും ഇതരവിദ്യാഭ്യാസപ്രവർത്തകരേയും ഡിക്രി പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ടിക്കാര്യം (n. 9). ആധുനികമാർപ്പാപ്പമാരുടെ പ്രഭാഷണങ്ങളിലും ലിഖിതങ്ങളിലുമൊക്കെ ആവർത്തിച്ചുപറയുന്നുമുണ്ടിക്കാര്യം. തൊഴിലടിസ്ഥാനത്തിലുള്ള സാങ്കേതികവിദ്യാഭ്യാസപദ്ധതിക്കു വേണ്ടത്ര പ്രോത്സാഹനം നല്കുക ഭാരതത്തെപ്പോലുള്ള ഒരു തൊഴിൽപ്രശ്നരാഷ്ട്രത്തിൻെറ അടിയന്തിരാവശ്യമാണ്. സഭയും ഇക്കാര്യത്തിൽ കഴിവതു സേവനമനുഷ്ഠിക്കണം.

## 8 കോളേജുകളും കലാലയങ്ങളും

ഒരുപക്ഷേ, ക്രിസ്തീയവിദ്യാഭ്യാസത്തെപ്പററിയുള്ള കൗൺസിൽപ്രഖ്യാപനത്തിൽ ഏററം വിപ്ളവകരമായ ആശയങ്ങളും ആഹ്വാനങ്ങളുമുൾക്കൊള്ളുന്നതും വിദ്യാഭ്യാസപ്രവർത്തകരുടെനേരെ വെല്ലുവിളികൾ മുഴക്കുന്നതുമായ ഭാഗം പത്തും പതിനൊന്നും പന്ത്രണ്ടും ഖണ്ഡികകളാണ്. കോളേജുകളെയും കലാലയങ്ങളെയുംപററിയാണു കൗൺസിൽ ഇവിടെ ചർച്ച ചെയ്യുക: പ്രത്യേകിച്ചു സഭയുടെ മേൽനോട്ടത്തിൽ നടത്തുന്നവയെപ്പററി.

ഉന്നതമായ ശിക്ഷണനിലവാരം പുലർത്തുക, സ്വതന്ത്രവും ശാസ്ത്രീയവുമായ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുക, ദൈവവിശ്വാസത്തിനു ശാസ്ത്രീയമുന്നേററത്തിൽ സ്ഥാനംപിടിച്ചുകൊടുക്കുക, ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നിവയാണു സൂനഹദോസ് ഈ ഉന്നതവിദ്യാനികേതനങ്ങൾക്കു നല്കുന്ന ആഹ്വാനം. ഇവയൊക്കെ സാധിക്കുന്നതിനു് അവശ്യം രണ്ടു സംഗതികൾ ചെയ്യേണ്ടതുണ്ടു്: അല്-

www.malankaralibrary.com

മായദൈവശാസ്ത്രകോഴ്സുകൾ കലാലയങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തുക, സർവ്വകലാശാലകൾ പരസ്പരം സംഘടിച്ചു പ്രവർത്തിക്കുക.

"ലോകത്തിന്റെ വിവിധഭാഗങ്ങളിൽ കത്തോലിക്ക കലാലയങ്ങളും കോളേജുകളും സ്ഥാപിച്ചു നടത്തുവാൻ ഈ വിശുദ്ധ സൂനഹദോസ് ആത്മാർത്ഥമായാഹ്വാനം ചെയ്യുന്നു. പക്ഷേ, അവയുടെ പ്രശസ്തി നിലകൊള്ളേണ്ടത് എണ്ണത്തിലല്ല, ഉത്തമമായ വിജ്ഞാനതൃഷ്ണയിലാണ്." ലോകമെങ്ങും കലാശാലകൾ സ്ഥാപിച്ചു നടത്തിയതുകൊണ്ടുമാത്രം വിദ്യാഭ്യാസസേവനമാകുമെന്ന് കൗൺസിൽ വിശ്വസിക്കുന്നില്ല. വ്യതിരിക്തമായ ഗുണഗണങ്ങളുളവാക്കുന്നതിനു പര്യാപ്തമായിരിക്കണം സഭയുടെ ഉന്നതവിദ്യാസ്ഥാപനങ്ങൾ. വിജ്ഞാനാർജ്ജനമവയിൽ പ്രധാനപ്പെട്ടതാണെങ്കിലും അതുമാത്രമല്ല കത്തോലിക്കകലാലയങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നത്. സഭ ഇത്തരം ഉന്നതകലാലയങ്ങൾ നടത്തുന്നതു പ്രഥമത മനുഷ്യസമുദായത്തിനു സേവനമനുഷ്ഠിക്കുന്നതിനായിരിക്കണം. കൗൺസിൽ എടുത്തുപറയുന്നുണ്ട്, പ്രതീക്ഷയുളവാക്കുന്ന യുവവിദ്യാർത്ഥികളെ, അവരെത്രതന്നെ ദരിദ്രരായാലും മടിക്കലേഷൻവരെയെങ്കിലും പഠിപ്പിക്കുന്ന കാര്യത്തിൽ കത്തോലിക്ക കലാലയങ്ങൾ മുൻകയ്യെടുക്കണമെന്ന്. പുതുതായി സ്വാതന്ത്ര്യം പ്രാപിക്കുന്ന രാഷ്ട്രങ്ങളിലെ വിദ്യാർത്ഥികൾക്കും മുൻഗണന നല്കേണ്ടതാണ്. അതെ, കലാലയവിദ്യാദാനം സഭയെസ്സംബന്ധിച്ചിടത്തോളം ഒരമൂല്യസേവനമായിരിക്കണം.

ഈ സേവനംകൊണ്ടുദ്ദേശിക്കുന്ന ഉന്നതലക്ഷ്യങ്ങൾ പ്രാപിക്കുവാൻ പര്യാപ്തമാകത്തക്കവിധം കലാലയവിദ്യാഭ്യാസക്രമത്തിൽ കാലികവും എന്നാൽ, അടിസ്ഥാനപരവുമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ശാസ്ത്രപുരോഗ

www.malankaralibrary.com

തിക്കൊപ്പംതന്നെ ദൈവവിശ്വാസത്തിനും ഉന്നതവിദ്യാഭ്യാസത്തിൽ സ്ഥാനമുണ്ടാവണം. അന്തരീക്ഷത്തിലേക്ക റോക്കററുയരുമ്പോൾ, 'ദൈവത്തിൻെറ ആണിക്കല്ലിളകിപ്പോയെന്നു' വീമ്പടിക്കുവാൻ മനുഷ്യർ മുതിരരുതു്. അതിനു ശാസ്ത്രപുരോഗതി ദൈവവിശ്വാസനിഷേധിയല്ലെന്നു ലോകത്തെ മനസ്സിലാക്കാൻ ഉന്നതവിദ്യാഭ്യാസമുള്ളവർക്കു കഴിയണം. കത്തോലിക്കാസർവ്വകലാശാലകളും കോളേജുകളുമാണിക്കാര്യത്തിൽ മുൻകയ്യെടുത്തു പ്രവർത്തിക്കേണ്ടതു്. സ്വതന്ത്രവും ശാസ്ത്രീയവുമായ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക ഇതിനു സഹായകമാവുമോ? "ഉവ്വ്" എന്നാണു കൗൺസിലിൻെറ മറുപടി. 'ഗലീലയോ'സംഭവംപോലുള്ള മണ്ടത്തരങ്ങൾ ഇനിയൊരിക്കലുമാവർത്തിക്കപ്പെടരുതു്.

ദൈവം സത്യമാണു്. ദൈവം ഏകനാണു്. അതിനാൽ സത്യം ഒരിക്കലും പരസ്പരവിരുദ്ധമാവുകയില്ല. അങ്ങനെയെങ്കിൽ സത്യസന്ധവും നിഷ്പക്ഷവുമായ ഏതൊരു ശാസ്ത്രീയഗവേഷണത്തേയും ഭയപ്പെടാനില്ല. അതു പ്രോത്സാഹിപ്പിക്കുകയാണു വേണ്ടതു്. പ്രഖ്യാപനത്തിൻെറ പത്താംഖണ്ഡികയിൽ ഇക്കാര്യംതന്നെ കൗൺസിൽ പറയുന്നുണ്ടു്: "സഭയുടെ സംരക്ഷണയിലുള്ള ഈ വിദ്യാനികേതനങ്ങളിൽ, അവയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചുതന്നെ, ഓരോ വിഷയവും ശാസ്ത്രീയമായ ഗവേഷണസ്വാതന്ത്ര്യമുപയോഗിച്ചു്, അതതിൻെറ തത്വങ്ങൾക്കും രീതികൾക്കുമനുസൃതമായി പഠിക്കണമെന്നു സഭ അഭിലഷിക്കുന്നു. അങ്ങനെ ഈ രംഗങ്ങളിൽ അനുസ്യൂതമായ വൈജ്ഞാനികാഭിവൃദ്ധി കൈവരുത്തുന്നതിനും നവീനവും സമകാലികവുമായ പ്രശ്നങ്ങളെ സഭയിലെ വേദശാസ്ത്രപണ്ഡിതന്മാരുടെ, പ്രത്യേകിച്ചു്, വിശുദ്ധ തോമസ് അക്വീനാസിൻെറ മാതൃകയനുകരിച്ചു വിശകലനം ചെയ്തു്, ശാസ്ത്രത്തിനും വിശ്വാസത്തിനുമുള്ള പരസ്പരൈക്യം കണ്ടെത്തുന്നതിനുമിടയാകു-

www.malankaralibrary.com

ണം." (n. 10). സെൻറ് തോമസിനെപ്പററിയുള്ള പരാമർശം കൗൺസിൽഹാളിൽ വലിയ വാദകോലാഹലത്തിനു കാരണമായി. പ്രസിദ്ധനായ ആ ദൈവശാസ്ത്രപടുവിൻെറ നാമാനുസ്മരണത്തിൽനിന്നു് എന്തെങ്കിലും പിശകുണ്ടാകുമെങ്കിൽ, അതു കേവലമൊരു തെററുധാരണയാകാനേ ഇടയുള്ളു. സഭ ഇന്നും 'അരിസ്റ്റോട്ടേലിയൻ' തത്വശാസ്ത്രത്തെമാത്രമേ അംഗീകരിക്കുന്നുള്ളു എന്ന ധാരണ. പക്ഷേ, കൗൺസിലിൻെറ പ്രഖ്യാപനത്തിൽ അത്തരമൊരു ധ്വനിയില്ല. ശാസ്ത്രത്തേയും വിശ്വാസത്തേയും ബൗദ്ധികമായി ബന്ധിക്കുവാനുള്ള പരിശ്രമത്തിൽ തോമസ് അക്വീനാസിൻെറ 'ആനുവീക്ഷികബുദ്ധി' അനുകരണാർഹമായിരിക്കുമെന്നാണു കൗൺസിൽ പറയുക.

ശാസ്ത്രം അതിൽത്തന്നെ ദൈവവിജ്ഞാനീയത്തിൻെറ വെറുമൊരുപാസകയാണെന്നും ധരിക്കേണ്ടതില്ല. ദൈവശാസ്ത്രജ്ഞൻെറ പര്യന്വേഷണത്തിനു് ഉപരിവസ്തുതകൾ പ്രദാനംചെയ്യുന്നുണ്ടു ശാസ്ത്രം. പക്ഷേ, അതു് ഒരു സ്വതന്ത്രശാഖയാണു്. നിഷ്പക്ഷമായ ശാസ്ത്രീയഗവേഷണം ഒരിക്കലും ദൈവശാസ്ത്രപരമായ സത്യങ്ങൾക്കു വിരുദ്ധമാവുകയില്ല. അതിനാൽ 'ഏററം അധുനാതനമായ മാർഗ്ഗങ്ങളുപയോഗിച്ചും' ശാസ്ത്രീയഗവേഷണങ്ങൾ നടത്തുവാൻ കൗൺസിൽ കത്തോലിക്കകലാലയങ്ങളോടാഹ്വാനം ചെയ്യുന്നു (n. 11).

ശാസ്ത്രപുരോഗതിയിൽ ദൈവവിശ്വാസം പരിത്യജിക്കപ്പെടാതിരിക്കണമെങ്കിൽ, തത്വശാസ്ത്രത്തിലും ദൈവവിജ്ഞാനീയത്തിലും വൈദികന്മാരോടൊപ്പം അത്യേസ്തവിദ്യരായ അല്മായരും അഗാധമായ വിജ്ഞാനം സമ്പാദിക്കണം. വിജ്ഞാനത്തിൻെറ അതിപ്രധാനമായ ആ രണ്ടു ശാഖകളും ആധ്യാത്മികനേതൃത്വത്തിൻെറമാത്രം കുത്തകയാക്കിവച്ചിരി

www.malankaralibrary.com

ക്കവാൻ പാടില്ല. വിശ്വാസത്തെ യുക്തിയുമായി പൊരുത്തപ്പെടുത്തുവാൻ അവസരം ലഭിക്കാത്തതല്ലേ അഭ്യസ്തവിദ്യരായ പലരുടേയും വിശ്വാസത്യാഗത്തിനു നിദാനമെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

അതിനാൽ, കൗൺസിൽ ആവത്തിച്ച്വാഹ്വാനം ചെയ്യുന്നു, "ദൈവശാസ്ത്രവിഭാഗമില്ലാത്ത കത്തോലിക്കാ സവ്വകലാശാലകളിൽ, അല്മായ വിദ്യാത്ഥികൾക്കു യോജിച്ചവിധം ക്ലാസ്സുകൾ നല്കുന്നതിനു ദൈവവിജ്ഞാനീയപീഠങ്ങൾ സ്ഥാപിക്കണ"മെന്നു (n. 10). കത്തോലിക്കകലാലയങ്ങളിൽമാത്രമല്ല, അല്ലാത്തവയിലും ദാർശനികചിന്തയും ദൈവവിജ്ഞാനീയവും വളത്തുന്നതിനു സഹായകമായ വൈജ്ഞാനികപീഠങ്ങൾ സ്ഥാപിക്കുക വിദ്യാഭ്യാസപൂണ്ണതയ്ക്കു് എന്മാത്രം ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. 'ഈ വൈജ്ഞാനികശാഖകളുടെ സ്ഥാപനത്തിൽനിന്നും അവയുടെ നിസ്തന്ദ്രമായ പ്രവത്തനത്തിൽനിന്നും സഭ വളരെ സദ്ഫലങ്ങൾ പ്രതീക്ഷിക്കുന്നുമുണ്ടു്.'

ആ ഫലങ്ങളിൽ എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്നവ രണ്ടാണു്: ബൈബിൾശാസ്ത്രപുരോഗതിയും 'വിശ്വാസസത്യങ്ങളെസ്സംബന്ധിച്ച ധാരണയിലുള്ള പുരോഗതിയും. ഈ രണ്ടു ശാഖകളേയും ആധുനികഗവേഷണങ്ങൾവഴി പരിപുഷ്ടമാക്കേണ്ടതു സഭയുടെ അടിയന്തിരാവശ്യമാണു്. കത്തോലിക്കസവ്വകലാശാലകളിലാണതു നിറവേറേണ്ടതു്.

വളരെയധികം ശ്രദ്ധിക്കപ്പെടേണ്ട അഹ്വാനമാണിതു്. ബൈബിളിലെ ജോഷ്വായുടെ പുസ്തകം പത്താമദ്ധ്യായം പന്ത്രണ്ടും പതിമൂന്നും വാക്യങ്ങളുദ്ധരിച്ചു സൂര്യൻ ഭൂമിക്കു പ്രദക്ഷിണം വെയ്ക്കുകയാണെന്നു സ്ഥാപിക്കാൻ പുറപ്പെട്ടവരും, ഉൽപത്തി രണ്ടാമദ്ധ്യായം ഏഴാംവാക്യത്തിന്റെ വെളി

www.malankaralibrary.com

ച്ചത്തിൽ മനുഷ്യനെസ്സംബന്ധിച്ചിടത്തോളം പരിണാമസി ദ്ധാന്തത്തിനു സ്ഥാനമില്ലെന്നു കട്ടായം പറയുന്നവരും അത്ത രക്കാരായ ഇതര ബൈബിൾപ്രേമികളുമൊക്കെ അവരുടെ അന്ധമായ അജ്ഞതകൊണ്ടു മതത്തേയും ദൈവത്തേയും അ പഹാസപാത്രങ്ങളാക്കുകയാണു ചെയ്യുക. ഇത്തരം മണ്ടത്ത രങ്ങൾക്കു പ്രതിവിധി കാണണമോ, ബൈബിൾശാസ്ത്രത്തി ലേക്കു് ആഴ്ന്നിറങ്ങി നിരീക്ഷണപരീക്ഷണങ്ങൾ നടത്തി ബൈബിളിന്റെ യഥാർത്ഥവ്യാഖ്യാനം ലോകത്തിനു നല്കു വാൻ പ്രാപ്തരായ വിദ്യാസമ്പന്നർ ഉണ്ടാവണം. സഭ നട ത്തുന്ന കലാശാലകളെങ്കിലും അതിനു സഹായകമാവണം.

'വിശ്വാസസത്യങ്ങളുടെ മണ്ഡലത്തിലും വേണം പു രോഗമനവീക്ഷണം. സൂനഹദോസ് വളരെ വ്യക്തമായി പ്പറയുന്നുണ്ടതു്. "ദൈവികവെളിപാടിനെസ്സംബന്ധിച്ചു് അഗാധമായ ജ്ഞാനം സമ്പാദിക്കുന്നതിനും.... വിശ്വാസ വിഷയങ്ങളുടെ വികസിതവീക്ഷണത്തിൽനിന്നുണ്ടാവുന്ന വിഷമപ്രശ്നങ്ങൾക്കു് ഉത്തരം നല്കുന്നതിനും പര്യാപ്ത മാവത്തക്കവിധം ദൈവശാസ്ത്രത്തിന്റെ വിവിധമണ്ഡലങ്ങ ളിൽ കൂടുതൽ സൂക്ഷ്മനിരീക്ഷണം നടത്തുക ഈ വൈ ജ്ഞാനികപീഠങ്ങളുടെ (faculties of Sacred Sciences) കർത്തവ്യമാണ്" (n. 11). കാർഡിനൽ ന്യൂമാന്റെ ചിന്താ ഗതിയുടെ രൂപരേഖകൾ തെളിഞ്ഞുകാണാനുണ്ടു്, ഈ ആ ശയാവിഷ്കരണത്തിൽ.[1] വിശ്വാസവിഷയങ്ങളിൽ പു രോഗതിയെന്നും വികാസമെന്നും കേൾക്കുമ്പോഴേ, പാരമ്പ ര്യത്തേയും വിശ്വാസസത്യങ്ങളേയും അടിസ്ഥാനപരമായി മാററിമറിക്കുകയാണെന്നു ധരിക്കേണ്ടതില്ല. ശാസ്ത്രീയപുരോ

1. Cf. CARDINAL NEWMAN, *Development of Doctrine* (New York, Longmans, Green, 1909), p. 169.

www.malankaralibrary.com

ഗതിക്കും അന്തകാലികമായ ചിന്താവികാസത്തിനുമനുസ്യതമായി അവയെ അടുത്തറിയാനും കൂടുതൽ മനസ്സിലാക്കാനും ശ്രമിക്കുകമാത്രമാണു ചെയ്യുക. അതും സാധിക്കേണ്ടതു കത്തോലിക്കാസർവ്വകലാശാലകൾതന്നെ.

അങ്ങനെ, സഭയുടെ ആഭിമുഖ്യത്തിലുള്ള ഉന്നതവിദ്യാസ്ഥാപനങ്ങളിൽനിന്നിറങ്ങുന്ന യുവജനങ്ങൾ വേണം സഭയുടെ ഭാവി വിധാതാക്കളും ക്രൈസ്തവസാക്ഷ്യത്തിന്റെ ഉജ്ജ്വലപ്രദീപങ്ങളുമാവുക. എക്യുമെനിസവും ഡയലോഗുമൊക്കെ വിജയമകുടം ചൂടേണ്ടതും അവരിലൂടെയാണ്. ലോകത്തെ ഇന്നലട്ടുന്ന നിരവധിപ്രശ്നങ്ങൾക്കു ക്രിസ്തീയമായവിധം പ്രതിവിധി നിർദ്ദേശിക്കുന്നതിൽ സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും ഈ ബൗദ്ധികമേധാവിത്വത്തിനു കഴിയണം. ഉന്നതവിദ്യാഭ്യാസം കഴിഞ്ഞു പുറത്തിറങ്ങുന്നവർ സഭയോടു നിസ്സംഗമന:സ്ഥിതി പ്രദർശിപ്പിക്കുകയല്ല, ക്രൈസ്തവനവോത്ഥാനത്തിനു നേതൃത്വം നല്കുകയാണു വേണ്ടതു്. ഭൗതികപുരോഗതിക്കൊപ്പംതന്നെ ആത്മീയോൽകർഷം പ്രാപിക്കാനും മനുഷ്യനു സാധിക്കുമെന്നു കാണിച്ചുകൊടുക്കണമിവർ. ചുരുക്കത്തിൽ, "സമുദായത്തിൽ ഉന്നതമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും ലോകത്തിൽ വിശ്വാസത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിക്കുന്നതിനും" അഭ്യസ്തവിദ്യർക്കു കഴിയണം. അതിനു സഹായകമായ വിദ്യാഭ്യാസമാണു കോളേജുകളിലും കലാലയങ്ങളിലും അവർക്കു ലഭിക്കേണ്ടതു്. ഇതിനു ഇന്നത്തെ കലാലയവിദ്യാഭ്യാസസമ്പ്രദായങ്ങളിൽ ഒരു പരിവർത്തനവും അവയുടെ 'നിയമങ്ങളിൽ ഒരു പൊളിച്ചെഴുത്തു'തന്നെയും ആവശ്യമായേക്കാം. അതിനു മടിക്കരുതെന്നു കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു (n. 11).


www.malankaralibrary.com

## സഹകരണം

വിദ്യാഭ്യാസരംഗത്ത് അഭിലഷണീയമായ പുരോഗതി കൈവരുത്തുവാൻ 'സംഘടിത'പ്രവർത്തനത്തിനുള്ള പങ്കിനെപ്പററിയും സുനഹദോസ് പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. "സഹകരണം ഇന്നിന്റെ ക്രമമാണ്. പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ നിലവാരത്തിൽ ആവശ്യങ്ങൾക്കനുസൃതമായിത്തന്നെ അതു വളരുകയും ചെയ്യുന്നു" (n. 12) എന്ന മുഖവുരയോടെയാണു കൗൺസിൽ സഹകരണത്തിന്റെ വിവിധവശങ്ങളെപ്പററിയുള്ള വിശകലനത്തിലേക്കു പ്രവേശിക്കുക. വിദ്യാഭ്യാസരംഗത്താകമാനം പ്രത്യേകിച്ചു സർവ്വകലാശാലകളുടെ മണ്ഡലത്തിൽ സംഘടിതപ്രയത്നം അടിയന്തിരമായൊരാവശ്യമാണ്. കത്തോലിക്കവിദ്യാസ്ഥാപനങ്ങളും സർവകലാശാലകളും പരസ്പരം സംഘടിച്ചാൽ പോരാ; അവയും മററു വിദ്യാസ്ഥാപനങ്ങളുമായും സഹകരിച്ചു പ്രവർത്തിക്കണം. മനുഷ്യസമുദായത്തിന്റെ പുരോഗതിക്കു ഇതാവശ്യമാണ്.

കലാലയരംഗത്തേ സംഘടിതപ്രവർത്തനത്തിനുള്ള ചില മാർഗ്ഗങ്ങളെപ്പററി കൗൺസിൽ എടുത്തുപറയുന്നുണ്ട്. എല്ലാ കലാലയങ്ങളിലേയും വിവിധ വിജ്ഞാനശാഖകൾ, അവയുടെ ലക്ഷ്യം അനുവദിക്കുന്നിടത്തോളം പരസ്പരം സഹകരിച്ചു പ്രവർത്തിക്കണം. കലാശാലകൾ തമ്മിൽ ദേശീയവും അന്തർദ്ദേശീയവുമായ തുറകളിൽ സംഘടനകൾ രൂപീകരിച്ചുകൊണ്ടും, ശാസ്ത്രീയപര്യന്വേഷണങ്ങൾ നടത്തി അവയുടെ ഫലങ്ങൾ പരസ്പരവിനിമയം ചെയ്തുകൊണ്ടും ഈ സഹകരണം സാധിക്കാവുന്നതാണ്. സഹകരണത്തിൽ നിന്നുള്ള പുരോഗതിക്കു മറെറാരുപാധിയാണ് ഒരു കലാല

www.malankaralibrary.com

യത്തിലേ അധ്യാപകവിദഗ്ദ്ധനെത്തന്നെ ചുരുങ്ങിയ കാലത്തേക്കു മററു കലാലയങ്ങളിലേക്കും അയക്കുക എന്നതു്. അധ്യാപകരുടെ പരസ്പരവിനിമയംമൂലം കൂടുതൽ ഫലങ്ങളുളവാക്കുവാൻ സാധിക്കും. ഇങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെ വിദ്യാഭ്യാസരംഗത്തു് അനുസ്യൂതമായ പുരോഗതി കൈവരുത്തുവാനും ലോകസംസ്കാരത്തേയും ലോകസമാധാനത്തേയും പരിപോഷിപ്പിക്കുവാനും ഇടയാകട്ടെ എന്നാണു സഭയുടെ ആശംസ. അതു ചെവിക്കൊള്ളുവാൻ ലോകരാഷ്ട്രങ്ങൾ തയാറാവട്ടെ.

## ഉപസംഹാരം

കത്തോലിക്കരുൾപ്പെടെയുള്ള സ്വകാര്യ ഏജൻസികൾ നടത്തുന്ന നമ്മുടെ നാട്ടിലേ വിദ്യാലയങ്ങൾ, ഗവമെൻറു സ്കൂളുകൾക്കൊപ്പം രാഷ്ട്രത്തിന്റെ ചരക്കു തള്ളുന്ന 'ചക്കടാ'വണ്ടികളായി തരംതാഴ്ത്തപ്പെട്ടിട്ടുണ്ടെങ്കിലും അവയൊക്കെ ഇനി രാഷ്ട്രത്തിനു തീറുകൊടുത്തു കാശുവാങ്ങിക്കുകയാണുത്തമമെന്നു ചിന്തിക്കുവാൻ ആർക്കുമാർക്കും പ്രലോഭനമുണ്ടാകാതിരിക്കട്ടെയെന്നാണു കൗൺസിൽപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ കേരളക്രൈസ്തവരോടു പ്രത്യേകമഭ്യർത്ഥിക്കുവാനുള്ളതു്. പാഠ്യപുസ്തകങ്ങളും പാഠ്യപദ്ധതിയുമൊക്കെ പൂർണ്ണമായും സക്കാർനിയന്ത്രണത്തിലാണെന്ന വസ്തുത തികച്ചും ഖേദകരംതന്നെ. വിദ്യാഭ്യാസപുരോഗതിക്കെതിരെയുള്ള ഒരു വെല്ലുവിളിയാണതു്. എങ്കിലും അധ്യാപകനിയമനസ്വാതന്ത്ര്യവും ക്ലാസ്സുസമയത്തിനുപുറമെ മതാധ്യയന സ്വാതന്ത്ര്യവും നിലനില്ക്കുന്നുണ്ടല്ലോയെന്നതു സമാ

www.malankaralibrary.com

ശ്വാസകരമാണ്. ആസ്തികൃബോധവും മതസ്നേഹവുമുള്ള പ്രേഷിതവര്യരായ അധ്യാപകരെ രൂപീകരിച്ച് സ്കൂളുകളിൽ നിയമിക്കാൻ സാധിക്കുമെങ്കിൽ, തീർച്ചയായും, കൗൺസിൽ വിവക്ഷിക്കുന്ന തരത്തിലൊരു ക്രൈസ്തവാന്തരീക്ഷവും സ്വാതന്ത്ര്യാരൂപിയും" നമ്മുടെ വിദ്യാലയങ്ങളിലൂടെ വളർത്തുന്നതിനു വിഷമമില്ല. കർദ്ദിനാൾ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതുപോലെ, "നമ്മുടെ വിദ്യാലയങ്ങളിലൂടെ കടന്നുപോകുന്ന അക്രൈസ്തവവിദ്യാർത്ഥികൾക്കുപോലും വിശ്വാസം, ശരണം, ഉപവി എന്നിവയുടെ പ്രകരണങ്ങൾ ചൊല്ലുവാനും പാപത്തെപ്പററി മനസ്തപിക്കുവാനും, ഈശ്വരവിശ്വാസം വളർത്താനും സന്മാർഗ്ഗനിഷ്ഠ പുലർത്താനും പ്രചോദനം ലഭിക്കാറുണ്ട്.... അതിനാൽ നിരാശരാകാതെ നമുക്കു നമ്മുടെ ശ്രമം തുടരാം."[1]

വത്തിക്കാൻ കൗൺസിൽ നല്കുന്ന മഹത്തായ ആഹ്വാനത്തിനനുസൃതമായി വിദ്യാഭ്യാസരംഗത്തൊരു 'അഴിച്ചുപണി' നടത്തുവാൻ നമുക്കു തയ്യാറാവാം. സഭയുടെ വിദ്യാലയങ്ങൾ ശിക്ഷണത്തിൽ ഉന്നതനിലവാരം പുലർത്തുകയും കൗൺസിൽ പ്രതീക്ഷിക്കുന്ന തരത്തിൽ ക്രൈസ്തവനവോത്ഥാനത്തിനു നേതൃത്വം നല്കുകയും വേണം. മാതാപിതാക്കന്മാരും അധ്യാപകരും മാത്രമല്ല, സഭാനേതൃത്വവും അതിനു മുൻകയ്യെടുക്കണം. വിദ്യാർത്ഥികളെ അവരുടെ കർത്തവ്യങ്ങളെപ്പററി ബോധമുള്ളവരാക്കുകയും വേണം.

മതബോധനത്തെ നിരുത്സാഹപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിൽനിന്നു മാററിനിറുത്തുന്നതിനുമാണു രാഷ്ട്രം ശ്രമിക്കുന്നതെങ്കിൽ, ആ വെല്ലുവിളിയെ ക്രിസ്തീയമായി നേരിടുന്നതിനു നമുക്കു സാധിക്കണം. ചുരുക്കമിതാണ്: നാം

1. Cf. സത്യദീപം, 1966 ഡിസംബർ 14, p 1.

www.malankaralibrary.com

വൻതുകകൾ മുടക്കി കഠിനാധ്വാനംചെയ്തു പണിതുയർത്തിയിരിക്കുന്ന സ്കൂൾകെട്ടിടങ്ങൾ നിശയുടെ നിശ്ശബ്ദതയിൽ പ്രകാശമാനമാവണം. യുവക്രൈസ്തവജനതയുടെ നിശാപാഠശാലകളും മതാധ്യയനക്കളരികളുമായി അവ മാറണം. ഈ വെല്ലുവിളി സ്വീകരിക്കുവാൻ നമ്മുടെ യുവജനത തയ്യാറാണോ? അവർക്കു നേതൃത്വവും ഉത്തേജനവുമേകുവാൻ വൈദികാത്മായനേതൃത്വം മുമ്പോട്ടുവരുമോ? എങ്കിൽ, എത്ര ഞെരുക്കപ്പെട്ടാലും മതവും ദൈവവിശ്വാസവും തളരുകയില്ല. കൗൺസിൽ നല്കുന്ന പ്രചോദനചിന്തയിതിന്നായിരിക്കട്ടെ.

ദൈവവിശ്വാസത്തെ പുറത്തെറിഞ്ഞുകൊണ്ടു രാഷ്ട്രപുരോഗതി നേടാമെന്നു വ്യാമോഹിക്കുന്ന ജനത സ്വയം ശവക്കുഴി തോണ്ടുകയാണെന്ന വസ്തുത ലോകരാഷ്ട്രങ്ങളും മനസ്സിലാക്കട്ടെ. അമേരിക്കയിലെ വിദ്യാഭ്യാസസമ്പ്രദായത്തെ വിമർശിച്ചുകൊണ്ടു കാർഡിനൽ കുഷിംഗ് നടത്തിയ ഉജ്ജ്വലത്തായൊരു പ്രഭാഷണത്തിൽനിന്നൊരു ഭാഗമിതാ:

"മതത്തിന്റെ അസ്ഥിവാരത്തിന്മേലല്ലാതെ മറെറന്തിന്റെ അസ്ഥിവാരത്തിന്മേലാണു ശാശ്വതമായൊരു സാമൂഹികസാന്മാർഗ്ഗികസംഹിതയ്ക്കു നിലനില്ക്കുവാൻ കഴിയുകയെന്ന് ഊഹിക്കാൻപോലും സാധ്യമാവുന്നില്ല. എന്നിട്ടും അവർ പറയുകയാണ്, നമ്മുടെ വിദ്യാഭ്യാസം അമേരിക്കനായിരിക്കണമെങ്കിൽ, അത് അക്രൈസ്തവവും പോരാ, നിമ്മതാത്മകവുമായിരിക്കണമെന്ന്. വിഡ്ഢിത്തം! ഈജിപ്തിന്റെ പ്രാചീനവിശ്വാസത്തെപ്പററിയും, യവനന്മാരുടെ ഒളിമ്പിയൻ ദേവന്മാരെപ്പററിയുമൊക്കെ നമ്മുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാം; പക്ഷേ, ക്രിസ്മസ്സിനെപ്പററിപ്പറയുക അബദ്ധമാണ്; ഈസ്റ്റർ നിഷേധ്യവും! പാദങ്ങളിൽ ചിറകുകളുണ്ടായിരുന്ന മെർക്കുറി ഒരു ചരിത്രപുരുഷനാണെന്ന് ആരും വിശ്വസിക്കുന്നില്ലെങ്കിലും അതെപ്പ

www.malankaralibrary.com

ററി വിദ്യാലയങ്ങളിൽ പഠിപ്പിക്കാം. എന്നാൽ, ലോകാരാധ്യനായ നസ്രസ്സിലെ യേശുവിനെപ്പററി—ചരിത്രം നിഷേധിക്കാത്ത ആ മഹാത്മാവിനെപ്പററി—വിദ്യാർത്ഥികളോടരിയാടരുതു്! റോമിൻെറ മടിത്തട്ടിൽനിന്നു പൊട്ടിപ്പുറപ്പെട്ടു റോമാസാമ്രാജ്യത്തിലാകമാനം വ്യാപിച്ച ഒരജ്ഞാതവിശ്വാസത്തെപ്പററി പഠിപ്പിക്കുന്നതിനു വിരോധമില്ല, എന്നാൽ, ആ ശക്തിയുടെ ഉറവിടമെന്തെന്നോ അതെങ്ങനെ പ്രചരിച്ചുവെന്നോ ചോദിച്ചുപോകരുതത്രെ! ചരിത്രം നമുക്കു പഠിക്കാം. എന്നാൽ, ചരിത്രത്തിനർത്ഥം നല്കുന്നതെന്തെന്നതിനെപ്പററി ചിന്തിക്കരുതു്! മാനുഷികാനുഭവങ്ങളെ പാർശ്വവീക്ഷണം ചെയ്യുന്നതിനു തടസ്സമില്ല. പക്ഷേ, മാനവചരിത്രത്തിൻെറ കാതലെന്തെന്നു കണ്ടുപിടിക്കാനവസരം ലഭിക്കരുതു്! കഷ്ടം! മതത്തെക്കൂടാതെയുള്ള ഈ വിദ്യാഭ്യാസം ഒരിക്കൽ വിഡ്ഢിത്തത്തിലേ ചെന്നുനില്ക്കൂ!" [1]

ഇന്നത്തെ ഈശ്വരസാക്ഷാത്കാരകമല്ലാത്ത വിദ്യാഭ്യാസം, നാം ആരംഭത്തിൽ കണ്ട സംഭവത്തിലെ സ്വാമിജി പറഞ്ഞതുപോലെ "വെറും അഭ്യാസം മാത്രമാണു്." ക്രൈസ്തവവിദ്യാഭ്യാസത്തെപ്പററിയുള്ള കൗൺസിൽപ്രഖ്യാപനം ഈ യാഥാർത്ഥ്യത്തെപ്പററി ചിന്തിക്കാൻ നമുക്കു സഹായകമാവട്ടെ.

---

1. Cf. RICHARD CARDINAL CUSHING, *Religion in Education*, pp. 11-12.

www.malankaralibrary.com

## ON EDUCATION


1 BENEDICT XV, *'Communes Litteras'*, April 10, 1919: A. A. S. 11 (1919) p. 172.

2 PIUS XI, *Divini Illius Magistri*, Dec. 31, 1929: A.A.S. 22 (1930) pp. 49 86.

3 PIUS XII, *Discourses and Radio Messages*, 8. pp. 53-7; 13, pp. 241-245 etc.

4 MARK J. HURLEY, *The Declaration on Christian Education of Vatican Council II* (a Commentary, Paulist Press, Gleu Rock New Jerrey, 1966.)

5 PIERRE H. CONWAY, O. P., Ph. D., *Principles of Education*, 1960.

6 NEIL G. MCCLUSKEY, S. J., *Catholic Viewpoint on Education.*

7 RICHARD CARDINAL CUSHING, *Religion in Education.*

8 RUSSEL SHAW, *The Parental Right in Education;* and *50 Questions and Answers on Federal Aid to Education.*

9 പി. ററി. ചാക്കോ, എം. എ., പി. എച്ച്. ഡി., മനുഷ്യന്റെ വിദ്യാഭ്യാസം, 1963.


www.malankaralibrary.com

10 സക്കീർ ഹുസ്സൈൻ, ഇന്ത്യയിലെ വിദ്യാഭ്യാസ പുനസ്സംവിധാനം, വിവ: കുഞ്ഞുണ്ണിരാജാ, 1961.

11 ജെ. മാക്കോതൈകാട്ടു്, സഭയും വിദ്യാഭ്യാസവും S. H. L., മേയ്, 1965.

12 വിദ്യാഭ്യാസബില്ലും വിമർശനങ്ങളും, ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിററി, മൂവാററുപുഴ, .957.

www.malankaralibrary.com